# ലോകസ്ഥാപനത്തിനുമുമ്പെ ഒരുക്കപ്പെട്ട യാഗം



പാസ്റ്റർ ഇ.സി. മാത്യു

# ലോകസ്ഥാപനത്തിനുമുമ്പെ ഒരുക്കപ്പെട്ട യാഗം

പാസ്റ്റർ ഇ.സി. മാത്യു

# ലോകസ്ഥാപനത്തിനു മുമ്പെ ഒരുക്കപ്പെട്ട യാഗം

## വിഷയവിവരം


പ്രസ്താവന ..........

മുഖവുര ..........

അവതാരിക ..........

അദ്ധ്യായം 1. ഭൂലോകസൃഷ്ടിയിലുള്ള ദൈവോദ്ദേശം ..........

അദ്ധ്യായം 2. ലോകാരംഭത്തിൽ മശിഹായെ കുറിച്ചുള്ള പ്രവചനം ..........

അദ്ധ്യായം3. മനുഷ്യാവതാരമെടുത്തു ശിശുവായി ജനിച്ച മശിഹാ ..........

അദ്ധ്യായം 4. നിന്ദിതനായ മശിഹാ ..........

അദ്ധ്യായം 5. തള്ളിക്കളയപ്പെട്ട മശിഹാ ..........

അദ്ധ്യായം 6. വ്യസനപാത്രമായിത്തീർന്ന മശിഹാ ..........

അദ്ധ്യായം 7. എല്ലാവരുടെയും പാപഭാരം ചുമത്തപ്പെട്ട മശിഹാ ..........

അദ്ധ്യായം 8. പാപവാഹകന്റെ മേൽ വീണ ന്യായവിധി ..........

അദ്ധ്യായം 9 സർവ്വലോകത്തിന്റെ ന്യായാധിപതി ലോകകോടതിയിൽ ..........

A. ന്യായാധിപതിയായവൻ ഹന്നാവിൽ മുൻപിൽ ..........

B. മഹാപുരോഹിതനായവൻ കയ്യഫാവിൻ മുൻപിൽ ..........

C. രാജാക്കന്മാരുടെ രാജാവായവൻ ഹേരോദാവിന്റെ മുൻപിൽ ..........

D. സകലരെയും ന്യായം വിധിക്കാനുള്ള ദൈവപുത്രൻ

റോമൻ ഗവർണ്ണരുടെ മുൻപിൽ ..........

അദ്ധ്യായം 10. പീലാത്തോസ് യേശുവിനെ ചമ്മട്ടികൊണ്ട് അടിപ്പിച്ചു ..........

അദ്ധ്യായം 11 മഹാരാജാവിനെ മനുഷ്യനണിയിച്ച മുൾമുടി ..........

അദ്ധ്യായം 12. കൊല്ലുവാൻ കൊണ്ടുപോകുന്ന

കുഞ്ഞാടിനെപ്പോലെ അവൻ വായെ തുറക്കാതെയിരുന്നു ..........

അദ്ധ്യായം 13. ഭൂമിയിൽ തലചായ്പ്പാൻ

സ്ഥലമില്ലാതെ ക്രൂശിന്മേൽ തൂങ്ങിയവൻ ..........

അദ്ധ്യായം 14. ക്രിസ്തുയേശുവിന്റെവിജയം ..........

ഉപസംഹാരം ..........

സമാപ്തി..........

രക്ഷയെ പ്രാപിപ്പാനുള്ള ക്ഷണം ..........

# ലോകസ്ഥാപനത്തിനു മുമ്പെ
# ഒരുക്കപ്പെട്ട യാഗം

## പ്രസ്താവന

"ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതുതന്നെ നിത്യജീവൻ ആകുന്നു" എന്നു യോഹ 17:3ൽ പറഞ്ഞിരിക്കുന്നു. ഈ പുസ്തകം കർത്താവായ യേശുവിനെ ആഴമേറിയ വിധത്തിൽ അറിവാൻ കാരണമാകും എന്നതിൽ സംശയമില്ല. പിതാവ് ഇത്രമാത്രം എന്നെ സ്നേഹിച്ചുവോ എന്ന് അത്ഭുതപ്പെടുവാൻ ഈ പുസ്തകം ഇടയാക്കും.

ഈ പുസ്തകം കുരിശിനെപ്പറ്റി കൂടുതൽ ജ്ഞാനം നൽകിയിട്ട് സുവിശേഷീകരണത്തിനുള്ള ദിവ്യഅഭിഷേകം പകരുന്നതിനു സഹായിക്കും. സുവിശേഷം പ്രസംഗിക്കുന്നതിന് ക്രൂശിന്റെ വെളിപ്പാടാണാവശ്യം. വ്യാജസുവിശേഷങ്ങൾ പ്രചരിക്കുന്ന ഈ കാലത്ത് ഈ പുസ്തകം ക്രിസ്തുവാം പാറമേൽ ഉറപ്പിക്കുകയോ, അല്ലെങ്കിൽ ക്രിസ്തുവിനെക്കുറിച്ചുള്ള അറിവില്ലായ്മയുടെ കുറ്റബോധം ഉണ്ടാക്കുകയോ ചെയ്യും.

ഈ പുസ്തകം വായിക്കുംതോറും യേശു ഇത്രമാത്രം എന്നെ സ്നേഹിച്ചുവോ എന്നു അത്ഭുതം കൂറികൊണ്ടിരിക്കും. ദൈവത്തിനുമാത്രമെ ഇത്രമാത്രം സ്നേഹിക്കാൻ കഴിയൂ. ഈ ദൈവസ്നേഹത്തിന്റെ വെളിപ്പാട് ഈ പുസ്തകത്തിൽനിന്ന് എല്ലാവർക്കും ലഭിക്കുമാറാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

നമ്മെ സ്നേഹിച്ചവനെ ബഹുമാനിക്കുന്നതിനുവേണ്ടിയുള്ള ഒരു പുസ്തകമത്രെയിത്.

Todd Trahan
Co-Director, Intercessors for Louisiana
ലൂസിയാനാ പക്ഷവാദ പ്രാർത്ഥനാ സംഘം

# മുഖവുര

അതിവേദനയുള്ള ക്രൂശിൽ കൂടെയാണ് പിതാവ് വീണ്ടെടുപ്പിനുള്ള വഴി ഒരുക്കിയത്. ക്രൂശിൽകൂടെയല്ലാതെ വീണ്ടെടുപ്പോ, രക്ഷയോ, വിശുദ്ധിയോ, വിജയകിരീടമോ ഇല്ല. ക്രൂശിക്കപ്പെട്ടവനായ ക്രിസ്തു വത്രെ ദൈവത്തിന്റെ ശക്തിയും ജ്ഞാനവും.

ക്രിസ്തുവിന്റെ ക്രൂശ് അത്ഭുതം നിറഞ്ഞതാണ്. യേശു തന്റെ സിംഹാസനത്തിലേക്കു കയറുവാൻ ഉപയോഗിച്ച പടികൾ ക്രൂശായിരുന്നു. വരുവാനുള്ളനിത്യതിയിലും ക്രൂശ് വിസ്മയകരമായിരിക്കും. ദൈവത്തിന്റെ കുഞ്ഞാട്, പാപങ്ങളെ ചുമന്നൊഴിപ്പാനും പിശാചിനെ ജയിക്കാനുമുള്ള ആയുധമായി എങ്ങനെയാണു ക്രൂശിനെ ഉപയോഗിച്ചത്? യേശുവിന്റെ കഷ്ടാനുഭവങ്ങൾ ചെറുതോ ചുരുങ്ങിയതോ ആയിരുന്നില്ല. അതു വളരെ സങ്കീർണ്ണവും ദീർഘവുമായിരുന്നു. തന്റെ കഷ്ടാനുഭവങ്ങളുടെ വിവിധ വശങ്ങൾ പ്രവാചകന്മാർക്കു നേരത്തെതന്നെ വെളിപ്പെട്ടിരുന്നു. അവ പുതിയ നിയമ വെളിച്ചത്തിൽ പരിശോധിച്ചു പഠിക്കേണ്ടത് നമ്മുടെ ചുമതലയാകുന്നു. കുരിശെടുത്തുകൊണ്ടു നാഥനെ പിൻപറ്റുവാൻ പൂർണ്ണസമർപ്പണം ചെയ്തവർക്കുവേണ്ടിയുള്ള പുസ്തകമാണിത്. നമ്മെ പിതാവ് എത്രമാത്രം സ്നേഹിച്ചു എന്നും, പുത്രൻ നമുക്കുവേണ്ടി എത്രമാത്രം സഹിച്ചുവെന്നും ഓരോരുത്തരും അറിഞ്ഞിരിക്കേണം. ഈ പുസ്തക രചനയിൽ എന്നെ സഹായിച്ച എല്ലാവർക്കും എന്റെ നന്ദി രേഖപ്പെടുത്തുന്നു. പിതാവിന്റെ നിസ്തുല്യസ്നേഹത്തിന്റെ മഹിമയ്ക്കുവേണ്ടി തിരുപാദപീഠത്തിൽ ഈ പുസ്തകത്തെ അടിമവെക്കുന്നു.

പാസ്റ്റർ ഇ.സി. മാത്യു

*(ഈ പുസ്തകം വിലപ്നയ്ക്കുള്ളതല്ല സൗജന്യമായി ലഭിക്കുന്നതാണ്)*

# അവതാരിക:

## ഞങ്ങൾ പ്രസ്താവിച്ചത് ആർ വിശ്വസിച്ചിരിക്കുന്നു

യഹോവയുടെ ഭുജം ആർക്കു വെളിപ്പെട്ടിരിക്കുന്നു? യഥാർത്ഥ സത്യം കെട്ടുകഥയെക്കാൾ അവിശ്വസനീയമല്ലയോ? എന്തുകൊണ്ട് സർവ്വലോകത്തിന്റെയും ന്യായാധിപതിയെ അവർ വടികൊണ്ട് ചെകിട്ടത്തടിച്ചു? അവന്റെ പുറം ഉഴവുചാലുകൾപോലെ അടിച്ചു നീളത്തിൽ കീറിയതെന്തിന്. ഇതാ അവന്റെ രൂപം കണ്ടാൽ ആളല്ല എന്നും അവന്റെ ആകൃതി കണ്ടാൽ മനുഷ്യനല്ല എന്നും തോന്നുമാറ് വിരൂപമായിരിക്കുന്നു. അവൻ തന്റെ സ്നേഹിതന്മാരുടെ ഭവനത്തെ സന്ദർശിച്ചപ്പോൾ അവർ അവനെ മുറിവേല്പിച്ചു. അവനു എടുപ്പാൻ അവർ ഒരു കുരിശും, ചൂടുവാൻ ഒരു മുൾകിരീടവും, തൂങ്ങുവാൻ മൂന്ന് ആണികളും ദാനംചെയ്തു. സത്യമായും അവൻ അവരുടെ രാജാവും ന്യായാധിപതിയും ആയിരുന്നു എങ്കിലും അവർ അവനെ വിശ്വസിച്ചില്ല, സ്വീകരിച്ചില്ല, ബഹുമാനിച്ചതുമില്ല, കള്ളന്മാരുടെ മദ്ധ്യത്തിൽ ക്രൂശിക്കയത്രെചെയ്തത്. എങ്കിലും അവനെ സ്വീകരിക്കയും വിശ്വസിക്കയും ബഹുമാനിക്കയും ചെയ്യുന്നവർ ഭാഗ്യവാന്മാർ.

ഇതാ അവൻ മേഘാരൂഢനായി വരുന്നു. ഏതുകണ്ണും അവനെ കുത്തിതുളച്ചവരും അവനെകാണും ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെ ചൊല്ലി വിലപിക്കും.

ആമേൻ കർത്താവേ വേഗം വരേണമേ.

# അദ്ധ്യായം ഒന്ന്

## ഭൂലോകസൃഷ്ടിപ്പിലുള്ള ദൈവോദ്ദേശം

ഒരു ഉദ്ദേശവും പ്ലാനുമില്ലാതെ വെറുതെ സൃഷ്ടിക്കപ്പെട്ടതല്ല ഭൂമിയും ഭൂലോകങ്ങളും. വളരെ പ്രത്യേകമായ ഉദ്ദേശങ്ങളോടെയാണ് ദൈവം ഈ ഭൂമിയെ സൃഷ്ടിച്ചത്. ആരംഭത്തിൽ ഭൂമിക്ക് പാഴും ശൂന്യവുമായ ഒരവസ്ഥ ഉണ്ടായിരുന്നെന്നും, അതിനെ പുനർ പണുതും നവീകരിച്ചും ഉപയോഗപ്രദമാക്കിയെന്നുമൊക്കെ വായിക്കുമ്പോൾ ഒരുദ്ദേശവും കൂടാതെ എങ്ങനെയോ, ഉണ്ടായതും ഉണ്ടാക്കിയതുമാണ് ഈ ഭൂമി എന്നൊക്കെ നാം വിചാരിച്ചുപോകും പക്ഷേ, വാസ്തവങ്ങൾ അങ്ങനെയല്ല. ഒരു മനുഷ്യൻ ഒരു കെട്ടിടം പണിയുന്നു എന്നു വിചാരിക്കുക. എന്തിനുവേണ്ടിയാണ് എന്നു നോക്കിനിൽക്കുന്നവർക്ക് അറിഞ്ഞുകൂടായെങ്കിലും അതു വെറുതേയല്ല താൻ പണിയുന്നത്. ഒന്നുകിൽ തനിക്കു വസിക്കാനായിരിക്കും അല്ലെങ്കിൽ മക്കളിൽ ഒരാൾക്കു പാർക്കാനായിരിക്കും. അല്ലെങ്കിൽ ഒരു ബിസിനസ് തുടങ്ങാനായിരിക്കും. എങ്ങനെയായാലും തനിക്ക് അതിൽ ഒരു ഉദ്ദേശമുണ്ട്. പണി പുരോഗമിക്കും തോറും അതു ഏതുപയോഗത്തിനാണെന്നു കണ്ടു നിൽക്കുന്നവർക്കുപോലും മനസ്സിലാകയും ചെയ്യും. പാർപ്പിടമായിട്ടത്രെ ഭൂമിയെ സൃഷ്ടിച്ചതെന്ന് വചനത്തിൽ എഴുതിയിരിക്കുന്നു. ആകാശത്തെ സൃഷ്ടിച്ച യഹോവ ഇപ്രകാരം അരുളിചെയ്യുന്നു അവൻ തന്നേ ദൈവം., അവൻ ഭൂമിയെ നിർമ്മിച്ചുണ്ടാക്കി; അവൻ അതിനെ ഉറപ്പിച്ചു പാർപ്പിന്നത്രേ അതിനെ നിർമ്മിച്ചത് ..... യെശ 45:18. അങ്ങനെ ഭൂമിയും അതിലുള്ളതൊക്കെയും സൃഷ്ടിച്ചുകഴിഞ്ഞപ്പോൾ തന്റെ ഉദ്ദേശപ്രകാരം മനുഷ്യനെയും സൃഷ്ടിച്ചതിലാക്കി. മനുഷ്യനെകുറിച്ചുള്ള പ്രാരംഭ ഉദ്ദേശങ്ങൾ അവിടെവെച്ചുതന്നെ പ്രസ്താവിച്ചു. “നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി, ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും, ആകാശത്തിലെ പറവജാതിയിന്മേലും, സകല ഭൂചരജന്തുവിന്മേലും വാഴുവിൻ എന്നു അവരോടു പറഞ്ഞു.” ഉല്പ:1:28. ഈ പ്രസ്താവിച്ചിരിക്കുന്നവ കൂടാതെ മറ്റു പല പ്രധാനഉദ്ദേശങ്ങൾ മനുഷ്യനെകുറിച്ചു ഉണ്ടായിരുന്നതിനാൽ അവയ്ക്കെല്ലാം അവൻ പ്രാപ്തനായിതീരുന്നതിന് അവൻ സ്വതന്ത്രമനസ്സും ബുദ്ധിയും ഉള്ളവൻ ആയിരിക്കേണ്ടതാവശ്യമായിരുന്നു. അങ്ങനെ അവനുകൊടുക്കുന്ന സ്വതന്ത്രബുദ്ധി കാടുകേറി നിരുപയോഗവും ദോഷകരമവുമായി പോകാതെ അനുഭവപരിജ്ഞാനത്തിൽ വളർത്തി സ്വയനിയന്ത്രണവും പക്വതയും പ്രാപിച്ച് കൂടുതൽ പ്രയോജനത്തിലേക്കും തിരുഉദ്ദേശത്തിലേക്കും വരേണ്ടിയിരുന്നു. അതിനു ദീർഘകാലത്തെ അനുഭവപരിശീലനങ്ങൾ ആവശ്യമത്രെ. എന്നാൽ പരിശീലനകാലത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ തരംനോക്കി കാത്തുനിന്ന ശത്രു അവനെ വീഴിച്ചു.

അപ്രകാരം സംഭവിച്ചാൽ അതിൽ നിന്നു വീണ്ടെടുപ്പാനുള്ള പദ്ധതിയും സൃഷ്ടിക്കു മുൻപുതന്നെ ആസൂത്രണം ചെയ്തിരുന്നു. അങ്ങനെ മശിഹായുടെ മനുഷ്യാവതാരവും കുരിശിലെയാഗവും ലോകസൃഷ്ടിക്കുമുന്നമേതന്നെ ഒരുക്കിയിരുന്നതാണ്.

വരുവാനുള്ള മശിഹായെകുറിച്ചു മീഖാ പ്രവാചകൻ ദർശിച്ചപ്പോൾ അവൻ ബേത്ത്‌ലഹേമിൽ ജനിക്കും എന്നുവെളിപ്പെട്ടു. “നീയോ, ബേത്ത് ലഹേം എഫ്രാത്തേ, നീയെഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്നു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽനിന്നു ഉത്ഭവിച്ചുവരും. അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നെ''. മീഖാ. 5:2 യിസ്രായേലിനു അധിപതിയായരിക്കേണ്ടുന്നവൻ ബേത്ത്‌ലഹേമിൽ നിന്നു ഉത്ഭവിച്ചുവരും, അല്ലെങ്കിൽ ജനിക്കും എന്നുപറഞ്ഞഉടനെ തന്നെ തന്റെ ആരംഭം അവിടെയെങ്ങും അല്ല എന്നും “അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നേ” എന്നും തിരുത്തിയും വിശേഷിപ്പിച്ചും പറഞ്ഞു. “പണ്ടേയുള്ളതും പുരാതനമായതും”എന്നതിന്റെ അർത്ഥം ചില വർഷങ്ങൾക്കു മുൻപേ എന്നല്ല പിന്നയോ “നിത്യതയിൽ” എന്നാണ്. Amplified ബൈബിളിൽ Eternity (നിത്യത) എന്നുതന്നെയാണ് തർജ്ജിമചെയ്തിരിക്കുന്നത്. ബേത്ത്‌ലഹേമിൽ ശിശുവായി ജനിക്കുന്ന മശിഹാ ലോകസൃഷ്ഠിപ്പിനു മുൻപേ നിത്യതയിലുണ്ടായിരുന്ന ദൈവം തന്നെയാണ് എന്നത്രെ ഇതിന്റെ അർത്ഥം. വിശുദ്ധന്മാരെ ലോകസ്ഥാപനത്തിനു (ലോകസൃഷ്ടിപ്പിന്) മുൻപുതന്നെ മശിഹായിൽ (ക്രിസ്തുവിൽ) തെരഞ്ഞെടുത്തിരുന്നതാണ്. എഫേ. 1:4-5 അതുപോലെ 1 പത്രോ 1:20ൽ ‘ലോകസ്ഥാപനത്തിനു മുൻപേ മുന്നറിയപ്പെട്ടവൻ’ എന്നുതിന് “ക്രൂശിലെ യാഗത്തിനായി” മുൻനിയമിക്കപ്പെട്ടവൻ എന്നത്രെ അർത്ഥം. അങ്ങനെ ക്രൂശിലെ യാഗം ലോകങ്ങളെ സൃഷ്ടിക്കുന്നതിനു മുന്നമേ നിയമിക്കപ്പെട്ടിരുന്നതാണ്. തിരുവെഴുത്തുകളിൽ വെളിപ്പെടുത്തിയിരിക്കുന്ന ക്രിസ്തുവിനെ കുറിച്ചു ഗ്രഹിപ്പാൻ കർത്താവു നമുക്ക് കൃപ തരുമാറാകട്ടെ.

പ്രാർത്ഥന: പിതാവേ ലോകസൃഷ്ടിക്കു മുൻപുതന്നെ നീ ഞങ്ങളെ ക്രിസ്തുവിൽ തെരഞ്ഞെടുത്തതിനായി സ്തോത്രം. ഞങ്ങളുടെ വീണ്ടെടുപ്പിനുവേണ്ടി വഴി ഒരുക്കിയതിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. തിരുഉദ്ദേശത്തിലേക്കു വന്നു ചേരുന്നതിനു ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളുടെ ഹൃദയ ദൃഷ്ടികളെ പ്രകാശിപ്പിക്കേണമേ. യേശുവിന്റെ രക്തത്താൽ ഞങ്ങളെ കഴുകുന്നു. തിരുഹിതം പൂർണ്ണമായി ഞങ്ങളിൽ നടക്കുമാറാക്കേണമേ. യേശുവിന്റെ നാമത്തിൽതന്നേ. ആമ്മേൻ.

# അദ്ധ്യായം രണ്ട്

## ലോകാരംഭത്തിൽ മശിഹായെക്കുറിച്ചുള്ള പ്രവചനം

**ഒന്നാമത്തെ മനുഷ്യനും സ്ത്രീയും.** സൃഷ്ടിപ്പിന്റെ ഒടുവിലായി ഉണ്ടാക്കിയ മനുഷ്യർ സകല സൃഷ്ടിയുടെയും തലയും മകുടവും ആയിരുന്നു. അവരിൽ സന്തോഷവും സൗന്ദര്യവും തുളുമ്പിനിന്നിരുന്നു. അസന്തോഷത്തിനോ, അതൃപ്തിക്കോ, പരാതിക്കോ ഒരുകാരണവും ഉണ്ടായിരുന്നില്ല. അനുസരമണക്കേടിന്റെയോ, മത്സരത്തിന്റെയോ, യാതൊരു ലാഞ്ചനയും അവരിൽ കാണാനില്ലായിരുന്നു. തങ്ങൾക്കുള്ള അനുഗ്രഹങ്ങളിൽ അവർ പൂർണ്ണമായും സന്തുഷ്ടരായിരുന്നു. അറിവിലും ജ്ഞാനത്തിലും സ്വയനിയന്ത്രണത്തിലും വളർന്നു വികസിക്കാനുള്ള സകല സൗകര്യങ്ങളും ഉണ്ടായിരുന്നു. അവരുടെ ബാല്യാനുഭവങ്ങളിൽ കൂടി പരിജ്ഞാനം പ്രാപിച്ചു ജയാളികളാകുന്നതിന് ചില ബാലപാഠങ്ങൾ കൊടുക്കുകയുണ്ടായി. ഭൂമിമേലും മൃഗജാലങ്ങളുടെമേലും വഴേണം അവയ്ക്കാവശ്യമുള്ള ശുശ്രൂഷകൾ ചെയ്യേണം അടക്കിവാഴേണം= ദൈവിക നിയമങ്ങളിൽ അവയെല്ലാം നിലനിൽകണം. സന്താനസമൃദ്ധിയുള്ളവരായി ഭൂമിയിൽ നിറയേണം= ദൈവഭയമുള്ളതും ദൈവീക നിയമങ്ങൾ പാലിക്കുന്നതും, ക്രമമര്യാദകൾ ഉള്ളതുമായ മനുഷ്യസമുദായത്തെ ഭൂമിയിൽ വളർത്തിയെടുക്കേണമായിരുന്നു. തോട്ടത്തിൽ വേലചെയ്കയും അതിനെ കാത്തുസൂക്ഷിക്കയും ചെയ്യേണം=കീഴടങ്ങിയിട്ടില്ലാത്ത ശക്തികൾ തോട്ടത്തിൽ പ്രവേശിക്കാനിടയാകരുത്. തോട്ടത്തിൽ വേലചെയ്ത് അതിന്റെ അനുഗ്രഹം നിലനിർത്തേണം. തോട്ടത്തിന്റെ നടുവിലുള്ള നന്മതിന്മകളുടെ അറിവിന്റെ വൃക്ഷഫലം ഭക്ഷിക്കരുത് ബാക്കിയുള്ള എല്ലാ ഫലങ്ങളും ഭക്ഷിക്കാം. നന്മതിന്മകളുടെ വൃക്ഷം ഫലം വിലക്കിയത് അവരുടെ സ്വയനിയന്ത്രണത്തേയും അനുസരണത്തേയും വളർത്തിയെടുക്കാൻ അത്യാവശ്യമാണ്. അവരുടെ ധാർമ്മികവും ശാരീരികവുമായ വളർച്ച്യ്ക്ക് ഏറ്റവും പറ്റിയ നിയമങ്ങൾ ആയിരുന്നു അവയെല്ലാം.

**സ്ത്രീയുടെ വീഴ്ച:** നിഷ്കളങ്കയായ സ്ത്രീക്ക് വഞ്ചനയെകുറിച്ച് യാതൊരു ധാരണയും അനുഭവവും ഇല്ലായിരുന്നു. ഭർത്താവിനെ കൂടാതെ സ്ത്രീ തനിച്ചു തോട്ടത്തിൽ കൂടെ നടക്കുന്ന ഒരുസന്ദർഭം നോക്കിയിരുന്ന ഒരു ശത്രുവുണ്ടായിരുന്നു. ആദാമിനെ ചതിക്കാൻ സാദ്ധ്യമല്ലെന്ന് അവനറിയാമായിരുന്നു. ആകയാൽ സ്ത്രീയെ തനിച്ചു കിട്ടേണ്ടതാവശ്യമായിരുന്നു. എന്നാൽ ഈ ശത്രു ആദാമിന്റെ നോട്ടത്തിൽ (കാഴ്ചയിൽ) പെടാതെ തോട്ടത്തിൽ കടന്നതു ചിന്തയർഹിക്കുന്നതാണ്. ആദാമിന്റെ മേൽനോട്ടത്തിലും കാവലിലും ഇരുന്ന തോട്ടത്തിൽ സാത്താൻ കയറുന്നത് പ്രയാസംകുറഞ്ഞ കാര്യമായിരുന്നില്ല. പ്രത്യേക കാഴ്ചയും വെളിപ്പാടും കൊടുത്താണു ദൈവം അവനെ കാവലിനാക്കിയത്. തോട്ടത്തിൽ തടസ്സം കൂടാതെ വന്നുകൊണ്ടിരുന്ന ഒരു ജീവിയായിരുന്നു സർപ്പം. ആ സർപ്പവുമായി ഒരു ഉടമ്പടി പിശാച് ഉണ്ടാക്കി സർപ്പത്തിന്റെ ഉള്ളിൽ കയറിയാണ് അവൻ തോട്ടത്തിനുള്ളിൽ വന്നത് എന്നുവേണം ഊഹിക്കാൻ (ഇത് ഊഹം മാത്രമാണ്) ഒരുദിവസം സ്ത്രീ തനിച്ച് തോട്ടത്തിൽ നടക്കുന്ന ഒരു സ

ന്ദർഭം സർപ്പത്തിനു ലഭിച്ചു. വെറും ചുരുങ്ങിയ ചില ചോദ്യങ്ങൾകൊണ്ടു അവളെ സംശയതിമിരത്തിൽ പരവശയാക്കി. അവൾക്കു ചിന്തിക്കാനോ, ഭർത്താവിനോടു ചോദിക്കാനോ ഇടംകൊടുക്കാതെ, വിലക്കപ്പെട്ട കനി ഉടനെപറിച്ചു തിന്നുവാൻ അവൻ ഹേമിച്ചു. ശത്രുവിന്റെ കൺകെട്ടുവിദ്യയിൽ അന്ധകാരവലയത്തിൽപ്പെട്ട് അവൾ അതു പറിച്ചു തിന്നു. ചതിവിൽപ്പെട്ട് അബദ്ധംകാണിച്ചശേഷമാണ് ഭർത്താവിന്റെ അടുക്കലേക്ക് വൃക്ഷഫലവുമായി ഓടിയത്. രണ്ടുപേരും കൂടി ഒരുമിച്ചു ഭക്ഷിച്ചു എന്നാണ് ആ ഭാഗം വായിക്കുമ്പോൾ ആളുകൾക്ക് തോന്നാറുള്ളത്. പക്ഷേ അങ്ങനെ അല്ലായിരുന്നു എന്നുള്ളതാണ് തെളിവ് ഉല്പ 3:6ൽ "ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു"എന്നാണ് എഴുതിയിരിക്കുന്നതും. അത്രയും ഭാഗത്തും ഭർത്താവിനെ കുറിച്ചു പറഞ്ഞിട്ടില്ല. ആകയാൽ തിന്നതിലല്ലാതെ മറ്റുകാര്യങ്ങളിൽ അവൻ ഉൾപ്പെട്ടിരുന്നില്ല. ആദാം ചതിക്കപ്പെട്ടില്ല എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. 1 തീമൊ 2:14ൽ "ആദാം അല്ല സ്ത്രീ അത്രേ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടത്" എന്നു നാം വായിക്കുന്നു.

**<u>മനുഷ്യന്റെ വീഴ്ച:</u>** സ്ത്രീ ലംഘനത്തിൽ വീണശേഷമാണ് മനുഷ്യന്റെ അടുത്തേക്ക് ഓടിയത്. ദൈവം ഇറങ്ങിവരുമ്പോൾ പാപത്തിനു ശിക്ഷാ വിധിയുണ്ടാകും എന്ന് ആദാം കണ്ടു. സ്ത്രീ തനിച്ച് നാശാന്ധകാരത്തിലേക്ക് ഇറങ്ങിപ്പോകുന്നത് അവൻ എങ്ങനെ സഹിക്കും? ആകയാൽ അവളോടുംകൂടെ താനും ശിക്ഷിക്കപ്പെട്ട് ഒരുമിച്ച് പോകുന്നതിനായിട്ടത്രെ അവൻ ഭക്ഷിച്ചത്. ദൈവം ചോദിക്കുമ്പോഴും നീ എന്നോടു കൂടെയിരിപ്പാൻ തന്ന സ്ത്രീതന്നുഎന്നല്ലാതെ 'പാമ്പുവഞ്ചിച്ചു' എന്നു ആദാം പറഞ്ഞില്ല. അതു സ്ത്രീയാണ് പറഞ്ഞത്. അവളിൽനിന്നുവേർപെടാതെ രണ്ടുപേരും കൂടി ഒരുമിച്ചു ശിക്ഷിക്കപ്പെടുവാൻ അവൻ മന:പൂർവ്വം പാപം ചെയ്കയായിരുന്നു.

**<u>സർപ്പബുദ്ധി:</u>** ദൈവത്തിനുപ്രിയരായ മനുഷ്യരെ വീഴിച്ച് തന്നെ തോല്പിക്കാമെന്ന് പഴയപാമ്പു വിചാരിച്ചു.

യഹോവയായ ദൈവം നിയമിച്ച വീണ്ടെടുപ്പിന്റെവഴി

1. ദൈവം വെളിപ്പെട്ടപ്പോൾ 'സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും' എന്ന വാഗ്ദത്തം നൽകി, (ഉലപ്പത്തി 3:15) വീണ്ടെടുപ്പിനുള്ള വഴിയെ തുറന്നു. സർപ്പത്തിന്റെ തലയെത്തകർക്കാൻ ദൈവം നിയമിച്ചത് ശക്തന്മാരായ ദൂതന്മാരെയല്ല, ബലഹീന ശരീരത്തിൽ ഉള്ള ഒരു സ്ത്രീയുടെ സന്തതിയെയാണ്. ഏദനിൽ സംഭവിച്ച മനുഷ്യവീഴ്ചയിൽ യുദ്ധം അവസാനിച്ചില്ല തുടങ്ങിയതേ ഉള്ളൂ. ആരാണ് ഈ സ്ത്രീയുടെ സന്തതി? 2. ഇതുപോലുള്ള പദപ്രയോഗം "അബ്രഹാമിന്റെ സന്തതി"യിൽകാണാം. ഗലാ 3:16. "എന്നാൽ അബ്രഹാമിനും അവന്റെ സന്തതിക്കും വാഗ്ദത്തങ്ങൾ ലഭിച്ചു. സന്തതികൾക്കും എന്ന അനേകരെക്കുറിച്ചല്ല, നിന്റെ സന്തതിക്കും എന്ന ഏകനെകുറിച്ചത്രേ പറയുന്നത്. അതു ക്രിസ്തുതന്നെ." ആകയാൽ ദൈവം ക്രിസ്തുവിനെ (മശിഹായെ) സർപ്പത്തിന്റെ തലയെ തകർക്കാനുള്ള സ്ത്രീയുടെ സന്ത

തിയായി വാഗ്ദത്തം ചെയ്തു.

2. ആദാം അതു വിശ്വസിച്ചു, തന്റെ വിശ്വാസത്തെ വെളിപ്പെടുത്തുന്ന പേര് സ്ത്രീക്ക് ഇട്ടു. അതുവരെയും അവളെ സ്ത്രീ അല്ലെങ്കിൽ മനുഷ്യനിൽ നിന്ന് “ഇഷ”ൽ നിന്ന് എടുത്തവളാകയാൽ “ഐഷാ” (സ്ത്രീ) എന്നാണ് വിളിച്ചിരുന്നത്. ജീവൻ വീണ്ടെടുക്കുന്ന മശിഹായിൽ വിശ്വസിച്ചതിനാൽ ജീവിക്കുന്ന മശിഹായുടെ മാതാവ് എന്ന അർത്ഥത്തിൽ ഹവ്വ (ജീവനുള്ളവന്റെ മാതാവ്) എന്നുപേരിട്ടു. ജീവദാതാവായ മശിഹായെക്കുറിച്ചുള്ള വാഗ്ദത്തത്തിനുശേഷം മാത്രമെ അവൾക്ക് ജീവദായകന്റെ ഉത്ഭവസ്ഥാനം എന്നർത്ഥം വരുന്ന ഹവ്വ എന്നു പേര് ഇട്ടുള്ളു. ദൈവിക വാഗ്ദത്തത്തിലുള്ള ആദാമിന്റെ വിശ്വാസമാണ് നാം ഇവിടെ കാണുന്നത്. മശിഹായെ ദൈവം വാഗ്ദത്തം ചെയ്തു, ആദാം അതു വിശ്വസിച്ചു.

3. ദൈവം തുകൽകൊണ്ടു ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചു. ഉല്പ: 3:21 ആദാമിന്റെയും സ്ത്രീയുടെയും മരണ ശിക്ഷ ഒരു കുഞ്ഞാടിന്മേൽ ചുമത്തി, അതിനെ യാഗമാക്കിയിട്ട് അതിന്റെ തുകൽ കൊണ്ടു അവരുടെ നഗ്നത മറച്ചു എന്നുവേണം നാം മനസ്സിലാക്കാൻ. “ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാട്” എന്നു വെളി 13:8ൽ പറഞ്ഞിരിക്കയാൽ അവിടെ ഒരു കുഞ്ഞാട് അറുക്കപ്പെട്ടു എന്നു വ്യക്തം. വീണ്ടെടുപ്പ് ഏദൻ പറുദീസയിൽ ആരംഭിച്ചു. കുഞ്ഞാട്ടിന്റെ രക്തത്താലുള്ള രക്ഷ സ്ഥാപിച്ചു. നീതിമാനായ ന്യായാധിപതി കുറ്റക്കാരനെ ശിക്ഷിച്ചേ മതിയാവൂ. എന്നാൽ കുറ്റമില്ലാത്ത ഒരുവൻ മനസ്സോടെ കുറ്റക്കാരന്റെമേൽവരേണ്ട ശിക്ഷയെ ഏറ്റെടുത്താൽ കുറ്റക്കാരനെ ശിക്ഷിക്കാതെ വിടുവാൻ സാധിക്കും. യഥാർത്ഥ മശിഹായായ ദൈവത്തിന്റെ കുഞ്ഞാടുവരുന്നതുവരെയും കുഞ്ഞാടുകളെ യാഗം കഴിച്ച് പാപിക്കുവിടുതൽ നൽകുന്നു. പാപി തന്റെ പാപത്തെ ഒരു കുഞ്ഞാടിന്മേൽ ചുമത്തി അതിനെ തന്റെ സ്ഥാനത്തു യാഗമാക്കുന്നു. അങ്ങനെയുള്ള യാഗങ്ങൾ വരുവാനിരിക്കുന്ന മശിഹായിലുള്ള വിശ്വാസത്തെ കാണിക്കുന്നു. യാഗമൃഗത്തിന്റെ തുകലിനാൽ പാപിയുടെ നഗ്നത മറയ്ക്കപ്പെടുന്നത് ക്രിസ്തുവിൻ നീതിയാൽ ഉടുക്കപ്പെടുന്നതിനെ കാണിക്കുന്നു. വരുവാനുള്ള മശിഹായിൽ വിശ്വസിച്ചു യാഗം കഴിച്ചവരുടെ പേര് കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിട്ടുണ്ട്. വെളി 13:8 രക്തം ചൊരിഞ്ഞുള്ളയാഗം കൂടാതെ യാതൊരുപാപിക്കും ദൈവത്തോടു സമീപിക്കാൻ അനുവാദമില്ല.

**കയീന്റെയും ഹാബേലിന്റെയും യാഗം:** ആദാം ഹവ്വാമാരിൽ നിന്ന് യാഗത്തിന്റെ സകല നിയമങ്ങളും അർത്ഥവും കായീനും ഹാബേലും അറിഞ്ഞിരുന്നു. മാതാപിതാക്കന്മാർ നടത്തിക്കൊണ്ടിരുന്ന ആരാധനയിലും യാഗങ്ങളിലും ഈ കുഞ്ഞുങ്ങളും ചെറുപ്പം മുതലേ പങ്കുകൊണ്ടിരുന്നു. വരുവാനുള്ള മശിഹായിൽ ഹാബേൽ വിശ്വസിച്ചു, കയിൻ വിശ്വസിച്ചില്ല. അവന്റെ സ്വന്ത അഭിപ്രായ പ്രകാരമുള്ള ഒരുയാഗം അവൻ കൊണ്ടുവന്നു. ദൈവം അതു സ്വീകരിച്ചില്ല. “നീ നന്മ ചെയ്യുന്നുവെങ്കിൽ നിന്നിൽ പ്രസാദമുണ്ടാകയില്ലയോ” എന്നു ചോദിച്ചപ്പോൾ അവൻ ചെയ്ത തെറ്റ് എന്താണെന്നോ, ശരിയായ യാഗം എങ്ങ

നെയാണ് നടത്തേണ്ടതെന്നോ അവൻ ചോദിച്ചില്ല. കാരണം നേരത്തേ തന്നെ അവനതറിയാമായിരുന്നു. അവന്റെ ഹൃദയകാഠിന്യത്തിൽ അവൻ നീതിമാനായ ഹാബേലിനെ കൊല്ലുകയും അവന്റെ അവിശ്വാസത്തിലും മത്സരത്തിലും സ്വന്ത ഇഷ്ടങ്ങളിലും തന്നേ തുടരുകയും ചെയ്തു.

**യാഗങ്ങളുടെ ഉദ്ദേശം:**

1. പാപി തന്റെ പാപത്തെ അനുതപിച്ചു മാനസാന്തരപ്പെട്ട് ഉപേക്ഷിക്കുന്നു

2. പാപി വിശ്വാസത്താൽ തന്റെ പാപത്തെയും അതിന്റെ ശിക്ഷകളെയും യാഗമൃഗത്തിന്മേൽ ചുമത്തുന്നു.

3. മശിഹാ വരുമ്പോൾ പാപത്തിന്റെ പ്രായശ്ചിത്തമായ നിത്യയാഗം നടത്തി പാപ പരിഹാരം വരുത്തും എന്ന വിശ്വാസത്തോടെ തന്റെ പാപം ചുമത്തിയിരിക്കുന്ന യാഗമൃഗത്തെ യാഗമാക്കുന്നു.

ദൈവം അയക്കാൻ പോകുന്ന മശിഹായിലുള്ള വിശ്വാസത്തോടെ യാഗം കഴിക്കുകയായിരുന്നു, പുരാതനലോകത്തിൽ അരാധനയ്ക്കു ദൈവം നിയമിച്ചിരുന്ന വഴി. സകല വിശ്വാസികളും യാഗം കഴിച്ചത്രെ ദൈവത്തെ ആരാധിച്ചത്.

**വരുവാനുള്ള മശിഹായെക്കുറിച്ചുള്ള പ്രത്യാശ** എല്ലാ തലമുറകളിലും തുടർന്നുകൊണ്ടിരുന്നു.

**നോഹ** യാഗപീഠം പണിത് ആരാധന നടത്തി. ഉല്പ 8:20 തന്റെ മൂത്തപുത്രനായ ശേമിൽ കൂടി മശിഹാവരുമെന്ന് അവൻ പ്രവചിച്ചു. ഉല്പ 9:27 “ദൈവം യാഫേത്തിനെ വർദ്ധിപ്പിക്കട്ടെ. അവൻ (ദൈവം) ശേമിന്റെ കൂടാരങ്ങളിൽ വസിക്കും” അങ്ങനെ വരുവാനുള്ള മശിഹായെകുറിച്ചുള്ള പ്രത്യാശ നോഹയ്ക്കുണ്ടായിരുന്നു.

**അബ്രഹാം:** യാഗപീഠം പണിത് യാഗം കഴിച്ചു ആരാധിച്ചുകൊണ്ടിരുന്നു. ഉല്പ 12:7-8, 13:4 വരുവാനുള്ള മശിഹായെ അവൻ ആത്മാവിൽ കണ്ട് സന്തോഷിച്ചു.

“നിങ്ങളുടെ പിതാവായ അബ്രഹാം എന്റെ ദിവസം കാണും എന്നുള്ളതുകൊണ്ട് ഉല്ലസിച്ചു. അവൻ കണ്ടു സന്തോഷിച്ചുമിരിക്കുന്നു.”യോഹ 8:56 വരുവാനുള്ള മശിഹായെക്കുറിച്ച് പുരാതന പിതാക്കന്മാരുടെ പ്രത്യാശ ശക്തമായിരുന്നു. അതുകൊണ്ടത്രെ നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും. “നിന്റെ സന്തതിക്ക് ഈ ദേശംകൊടുക്കും” “നിന്റെ സന്തതിക്കും മദ്ധ്യേ എന്റെ നിമത്തെ നിത്യ നിയമമായി സ്ഥാപിക്കും” ഉല്പ 12:3, 7; 17:7 എന്നുള്ള വാഗ്ദത്തങ്ങളാൽ തന്റെ സന്തതിയായി മശിഹായെ അയക്കാൻ പോകുന്നു എന്നു അബ്രഹാം മനസ്സിലാക്കിയത്. അതു തന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുകയും ആനന്ദിപ്പിക്കയും ഉല്ലാസവനാക്കുകയും ചെയ്തു.

**അബ്രഹാം നീതികരിക്കപ്പെട്ടതും വരുവാനുള്ള മശിഹായിലെ വിശ്വാസത്താലത്രെ.** ദൈവവചനം പറയുന്നതു, അബ്രഹാം ദൈവത്തിൽ വിശ്വ

സിച്ചു അതു അവനു നീതിയായി കണക്കിട്ടു എന്നാണ്. റോമാ. 4:3 ഏതു കാര്യം ദൈവം വാഗ്ദത്തം ചെയ്തതാണ് അബ്രഹാം വിശ്വസിച്ച് തന്റെ നീതികരണത്തിനു കാരണമാക്കിയത്? സന്തതിയെക്കുറിച്ചു ദൈവം നൽകിയ വാഗ്ദത്തത്തിലാണ് അബ്രഹാം വിശ്വസിച്ചു നീതികരിക്കപ്പെട്ടത്. ഉല്പ 15:5-6. "പിന്നെ അവൻ അവനെ പുറത്തുകൊണ്ടുചെന്നു: നീ ആകാശത്തേക്കു നോക്കുക; നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക എന്നു കല്പിച്ചു. നിന്റെ സന്തതി ഇങ്ങനെ ആകും എന്നും അവനോടു കല്പിച്ചു. അവൻ യഹോവയിൽ വിശ്വസിച്ചു. അതു അവൻ അവന്നു നീതിയായി കണക്കിട്ടു." അങ്ങനെ വരുവാനുള്ള സന്തതിയായ മശിഹായിൽ വിശ്വസിച്ചാണ് അബ്രഹാം നീതികരിക്കപ്പെട്ടത്. അതേ മശിഹായിലുള്ള വിശ്വാസത്താലാണ് ഇന്നും മനുഷ്യർ രക്ഷിക്കപ്പെടുന്നത്. അബ്രഹാമിന്റെ മുഴുജീവിതവും വരുവാനുള്ള മശിഹായിലുള്ള വിശ്വാസത്തെയും പ്രത്യാശയെയും കേന്ദ്രീകരിച്ചാണ് ഇരുന്നത്.

**ഏശാവും യാക്കോബും തമ്മിലുള്ള വ്യത്യാസം:** മശിഹാജനനം ജ്യേഷ്ഠാവകാശത്തിൽ പെട്ടതായിരുന്നതിനാൽ, യാക്കോബ് അതു തട്ടിയെടുക്കുവാനാഗ്രഹിച്ചു. ഏശാവിനാകട്ടെ. പിതാക്കന്മാരുടെ പ്രത്യാശയും വിശ്വാസവും അത്ര വിലയുള്ളതായി തോന്നിയതുമില്ല. അവൻ അതിനെ അലക്ഷ്യമാക്കി, നഷ്ടപ്പെടുത്തി. അവൻ ഒരിക്കലെങ്കിലും യാഗപീഠം പണിത് യാഗം കഴിക്കയോ അബ്രഹാമിന്റെ വിശ്വാസവും പ്രത്യാശയും പിൻതുടരുവാൻ ശ്രമിക്കുകയോ ചെയ്തതായി കാണുന്നില്ല. യാക്കോബോ യാഗപീഠം പണിത് യാഗം കഴിച്ച് ആരാധിക്കുകയും, മശിഹാ തന്റെ പുത്രനായ യഹൂദയിൽ കൂടി വരുന്നതായി ആത്മാവിൽ കണ്ട് പ്രവചിക്കയും ചെയ്തു. ഉല്പ 35:7, 49: 8-12

**മോശെ:** എന്നെപോലെ ഒരു പ്രവാചകനെ ദൈവം എഴുന്നേൽപ്പിക്കും എന്നു മശിഹായുടെ വരവിനെകുറിച്ചു പ്രവചിച്ചു.

പ്രവാചകരായിരുന്ന ശിമെയോന്നും ഹന്നായും മശിഹായുടെ വരവിനെ കാത്തിരുന്നവരായിരുന്നെന്നും ആത്മനിയോഗത്താൽ യേശുപൈതലിനെ ചെന്നു കണ്ടു എന്നും നാം വായിക്കുന്നു. ലൂക്കോ. 2:25-28

**യോഹന്നാൻ സ്നാപകന്റെ** ശുശ്രൂഷയിൽ അവൻ ക്രിസ്തുവോ എന്ന് എല്ലാവരും ഹൃദയത്തിൽ വിചാരിച്ചു എന്നു നാം വായിക്കുന്നു. ലൂക്കോ 3:15-16

അങ്ങനെ സകല തലമുറകളിലും മശിഹായുടെ വരവിനെ പ്രത്യാശിച്ച് ജനം കാത്തിരുന്നതായി നാം കാണുന്നു. മശിഹാ ഒരു വലിയ വീണ്ടെടുപ്പുകാരനും, ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നവനും അവന്റെ രാജത്വം എന്നേക്കും നിലനിൽക്കുന്നതുമാണ് എന്നു വിശ്വസിച്ചു. ഇയ്യോ. 19:25-26 ദാനി. 2:44; 7:13-14. ഒരു മഹത്വ പൂർണ്ണമായ വലിയ ജേതാവിനുവേണ്ടി ജനം കാത്തിരുന്നു. കണ്ടതോ പുൽതൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവിനെയും, അടിയും തുപ്പലുമേറ്റുകൊണ്ട് കുരിശുചുമന്നവനായി കള്ളന്മാരുടെ നടുവിൽ ക്രൂശിക്കപ്പെട്ട ഒരുവനെയും ആണ്. ആരതു വിശ്വസിക്കും?

പ്രാർത്ഥന: കർത്താവേ നിന്റെ ആത്മീക മർമ്മങ്ങളെ ഗ്രഹിപ്പാൻ ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കേണമേ. തിരുവചനത്തിന്റെ മർമ്മങ്ങളെ ഞങ്ങൾക്കു വെളിപ്പെടുത്തി തരേണമേ. അബ്രഹാം മശിഹായെ കണ്ടു സന്തോഷിച്ചതുപോലെ ഞങ്ങൾക്കും കർത്താവിനെ കണ്ടു സന്തോഷിക്കാൻ തക്കവണ്ണം ഞങ്ങളുടെ ഹൃദയദൃഷ്ടിയെ പ്രകാശിപ്പിക്കേണമേ. മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു ഞങ്ങളിൽ വസിച്ചുകൊണ്ട് തിരുപ്രവൃത്തികളെ ഞങ്ങളിൽകൂടി വെളിപ്പെടുത്തേണമേ യേശുവിന്റെ നാമത്തിൽ തന്നേ: ആമേൻ.

# അദ്ധ്യായം മൂന്ന്

## മനുഷ്യാവതരമെടുത്ത് ശിശുവായി ജനിച്ച മശിഹ

മഹത്വ പൂർണ്ണനായ ഒരു മശിഹായെയാണ് ജനം പ്രതീക്ഷിച്ചിരുന്നത്. ഒരു വീരപരാക്രമശാലിയായ രാജാവായിരിക്കും എന്നു അവർ നിരൂപിച്ചു. മഹാനായ അലക്സാണ്ടറെക്കാളും ജൂലിയസ് സീസറിനെക്കാളും അവൻ യുദ്ധവീരനായിരിക്കേണം ധനാഡംബരങ്ങളിലും വസ്ത്രധാരണയിലും ഉന്നതിയിയും ശലോമോനെക്കാൾ വലിയവനായിരിക്കേണം. ചെല്ലുന്ന എല്ലായിടത്തും ഒരു തോല്വിയും ഭവിക്കാതെ എപ്പോഴും വിജയശ്രീലാളിതനായിരിക്കേണം. സകല ശത്രുക്കളെയും നിഷ്പ്രയാസം തോല്പിച്ച് ലോകൈക ജേതാവായി ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നരുളേണം. ഒരു പാവപ്പെട്ട സാധാരണ മനുഷ്യനായി ആർക്കും അവനെ വിഭാവന ചെയ്വാൻ കഴിയുമായിരുന്നില്ല.

എന്നാൽ മനുഷ്യമാതാപിതാക്കളുടെ ശുശ്രൂഷ ആവശ്യമുള്ള ഒരു സാധാരണ ശിശുവായി അവൻ ജനിച്ചു. വളരുവാൻ മാതൃപാൽ കുടിക്കേണ്ടിയിരുന്നു. മാതാപിതാക്കൾ എടുത്തുകൊണ്ടു നടക്കയും കഴുകി വൃത്തിയാക്കയും എല്ലാം ചെയ്യേണമായിരുന്നു. അവൻ വചനം ജഡമായി തീർന്ന ദൈവം തന്നെയായിരുന്നു. എങ്കിലും മറ്റു ശിശുക്കളിൽ നിന്നും ഒട്ടും വ്യത്യാസമില്ലാത്തവനായിരുന്നു.

ആർക്കും വേണമെങ്കിൽ ഉപദ്രവിക്കത്തക്ക ബലഹീന ശരീരത്തിൽ അവൻ ഭൂജാതനായി. ഹേരോദാവ് അവനെകൊല്ലുവാൻ അന്വേഷിച്ചപ്പോൾ ആ വിവരം ദൂതന്മാർ യൌസേഫിനെ സ്വപ്നത്തിലറിയിച്ച് രാത്രിയിൽ തന്നെ കുഞ്ഞിനെ മിസ്രയീമിലേക്ക് എടുത്തുകൊണ്ട് ഓടി പോകേണമായിരുന്നു. മത്താ. 2:13-14 ശക്തനായ വീരനാം ദൈവം മനുഷ്യാവതാരമെടുത്തു ഒരു മാതാവിൽ നിന്നു ജനിച്ചപ്പോൾ ബലഹീനനും കൊല്ലപ്പെടാവുന്നവനും യാതൊരു ദിവ്യപ്രഭാവവും ഇല്ലാത്തവനുമായിട്ടാണ് വന്നത്.

മാനുഷീക സങ്കല്പനങ്ങൾക്കു വിപരീതനായി താൻ കാണപ്പെട്ടു. മനുഷ്യാവതാരമെടുത്തു വന്ന ദൈവത്തിൽ ചില അമാനുഷിക ശക്തികൾ മനുഷ്യർ എപ്പോഴും പ്രതീക്ഷിക്കും. ചില ചെറിയ അത്ഭുതങ്ങളും മറ്റും ശിശുപ്രായത്തിൽ തന്നെ താൻ പ്രവർത്തിക്കുവാൻ മനുഷ്യർ പ്രതീക്ഷിക്കും. ഹേരോദാവിന്റെ കുലയാളികൾ വന്നപ്പോൾ ചില അഗ്നിരഥങ്ങളും അശ്വങ്ങളും പ്രത്യക്ഷപ്പെട്ട് ശിശുവിനെ കാവൽചെയ്യേണ്ടതായിരുന്നു. അല്ലെങ്കിൽ മാതാപിതാക്കളെയും ശിശുവിനെയും കൂടി രഥത്തിൽ കയറ്റി വായുവേഗത്തിൽ മിസ്രയീമിലെത്തിച്ചിരുന്നെങ്കിൽ എല്ലാവർക്കും സ്വീകാര്യമാകുമായിരുന്നു. ക്ഷീണാതുരരായ മാതാവും പിതാവും കൂടി

കുഞ്ഞിനെ തോളിലേന്തികൊണ്ട് രാപ്പകൽ നടന്ന് മിശ്രയിമിലേക്കുള്ള ദീർഘയാത്ര ചെയ്തത് നമ്മുടെ ഭാവനയ്ക്കു മഹത്വ പൂർണ്ണമല്ല. അവന്റെ ചെറുപ്പകാലങ്ങളിലും വളർച്ചയിലും അനേക അത്ഭുതങ്ങൾ കാണ്മാൻ നാം ആഗ്രഹിക്കും. എന്നാൽ തന്റെ ജനനവും വളർച്ചയും അങ്ങനെ യുള്ള യാതൊരു വർണ്ണപ്പകിട്ടും ഉള്ളതായിരുന്നില്ല. സകലരംഗങ്ങളിലും മറ്റു കുഞ്ഞുങ്ങളെപോലെ തന്നെ പരിശ്രമിച്ചും പരിശീലിച്ചും താൻ വള രേണ്ടിയിരുന്നു. തന്റെ ദിവ്യത്വം കൊണ്ട് യാതൊരുകുറുക്കുവഴിയും ഉണ്ടാ ക്കാൻ അനുവാദമില്ലായിരുന്നു. ജനിച്ച ഉടൻ തന്നെ താൻ എഴുന്നേറ്റി രുന്ന് സംസാരിക്കാൻ തുടങ്ങിയില്ല. ശരീരത്തിലും, ആത്മാവിലും മന സ്സിലും മറ്റുകുഞ്ഞുങ്ങളെപ്പോലെതന്നെ താൻ പഠിച്ചു വളരേണ്ടിയിരു ന്നു. “പൈതൽ വളർന്നു, ജ്ഞാനംനിറഞ്ഞു, ആത്മാവിൽ ബലപ്പെട്ടു പോന്നു. ദൈവകൃപയും അവന്മേൽ ഉണ്ടായിരുന്നു” ലൂക്കോ. 2:40 നി യമദാതാവു, താൻ തന്നെ നൽകിയ നിയമങ്ങൾക്കുകീഴ്പെട്ടിരുന്നു.

**യാതൊന്നും തന്റെ ജീവിതത്തിൽ പ്രയാസം കുറഞ്ഞതല്ലായിരുന്നു.**

തനിക്കു ജനിപ്പാൻ സത്രത്തിൽ ഒരുമുറി ഉണ്ടായിരുന്നില്ല. ഈച്ചയും മിന്തും, കൊതുകുമുള്ള ഒരു പുൽതൊട്ടിയിലത്രെ ശിശുവിനെ കിടത്തി യതു. പശുത്തൊഴുത്തിലല്ല ശിശുക്കൾ ജനിക്കേണ്ടത്. ആരും തങ്ങളുടെ കുഞ്ഞുങ്ങളെ അവിടെ കിടത്തുകയും ഇല്ല. എന്നാൽ അതത്രെ അവന്നു കിട്ടിയത്. മനുഷ്യ പാപങ്ങളുടെ ഫലമനുഭവിച്ചു തീർക്കുവാൻ വന്നവൻ ആരംഭം മുതലേ അതുസഹിക്കാൻ തുടങ്ങി. ശൈശവത്തിൽ തന്നെ നാടു വിട്ട് മിസ്രയീമിലേക്ക് ഓടേണ്ടതായിവന്നു. നാല്പതുദിവസത്തെ ഉപ വാസം പൂർത്തിയാക്കിയപ്പോൾ മനുഷ്യരോ, ദൂതന്മാരോ ആഹാരവുമായി തന്നെ എതിരേറ്റുവന്നില്ല. ആ ബലഹീനസമയത്തു ഉഗ്രനായ ശത്രുവിന്റെ പരീക്ഷയ്ക്കു വിധേയനാകേണ്ടിവന്നു.

ഭൂമിയിൽ ജനിക്കുന്നതിനു മുൻപു തന്നെ ജീവിച്ചിരുന്നവനാകയാൽ, ഭൂമിയിലുള്ള ഏതു ധനിക കുടുംബത്തിൽ വേണമെങ്കിലും ജനിക്കാമാ യിരുന്നു. തനിക്ക് ബോധിച്ച മാതാവിനെ തെരഞ്ഞെടുക്കാമായിരുന്നു. എന്നാൽ ഏറ്റവും പാവപ്പെട്ട ഒരു കുടുംബത്തിൽ ജനിച്ച് അതിന്റേതായ സകലകഷ്ടതകളും താൻ മനസ്സോടെ സഹിച്ചു.

**താൻ കുടുംബത്തിൽ മൂത്ത പുത്രനായി ജനിച്ചു.**

പിതാവായ യൗസേഫ് തന്റെ ചെറുപ്പകാലങ്ങളിൽ തന്നെ മരിച്ചുപോ യതിനാൽ കുടുംബസന്ധാരണത്തിന്റെ മുഴുഭാരവും തന്റെമേൽ വന്നുവീണു. പന്ത്രണ്ടാം വയസ്സിൽ തന്നെ തന്റെ ജീവിതോദ്ദേശം എന്തെന്നു അറിയാമായിരുന്നെങ്കിലും നീണ്ട പതിനെട്ടു വർഷങ്ങൾ കൂടി

കഴിഞ്ഞിട്ടു മാത്രമാമണ് തന്റെ ശുശ്രൂഷ തുടങ്ങുവാൻ അനുവദാംകിട്ടി യത്.

തനിക്കുവസിക്കുന്നതിന് സ്വന്തമായി ഒരു ഭവനമില്ലായിരുന്നു. "കുറു നരികൾക്കു കുഴിയും ആകാശത്തിലെ പറവ ജാതിക്കു കൂടും ഉണ്ട്. മനുഷ്യ പുത്രനോ തലചായിക്കാൻ സ്ഥലമില്ലായിരുന്നു. ലൂക്കോ 9:58. തനിക്ക് യാത്രചെയ്‌വാൻ രഥങ്ങളോ, കുതിരകളോ, കഴുതകൾപോലുമോ ഇല്ലാ യിരുന്നു. ശുശ്രൂഷിപ്പാൻ ദാസീദാസന്മാർ ഇല്ലായിരുന്നു. തുടർച്ചയായി വിശപ്പും ദാഹവും സഹിക്കേണ്ടിവന്നു. ഹോസാന്നാദിവസം ഒരു കഴു തയെ വായ്പവാങ്ങിയാണ് നഗരപ്രവേശം ചെയ്തത്. കടൽക്കരയിൽ മുക്കുവരുടെ മീൻനാറുന്ന പടക് വായ്പയെടുത്ത് അതിലിരുന്നുകൊണ്ട് ജനത്തോടു സംസാരിച്ചു. തലക്കരംകൊടുക്കാനില്ലായ്കയാൽ മീനെ പിടിച്ച് അതിന്റെ വായിൽ നിന്നു പണമെടുത്തു. മരിച്ചപ്പോൾ, മറ്റൊരാ ളിന്റെ ശവക്കല്ലറയിൽ അടക്കപ്പെട്ടു. ജീവിതകാലംമുഴുവൻ ദാരിദ്ര്യത്തിലും പോരാട്ടങ്ങളിലും കഷ്ടതയനുഭവിച്ചു.

രൂപഗുണമോ കോമളത്വമോ ഇല്ലാത്തവനായി ഭൂമിയിൽ വന്നു. യെശ 53:2 ഒരു രാജകീയ പ്രഭാവം തോന്നിക്കുന്ന രൂപമോ പ്രകൃതിയോ തനി ക്കില്ലായിരുന്നു. സമൂഹത്തിൽ സ്വീകരിക്കപ്പെടുവാൻ വ്യക്തി പ്രഭ അവ ശ്യമാണ്. മിസ്രയീമിൽ ഫറവോന്റെ പ്രധാനമന്ത്രിയായി ഉയർന്ന യൗസേഫ് "കോമളനും മനോഹര രൂപിയും" ആയിരുന്നു. ഉല്പ.39:7. യിസ്രായേൽ മക്കളെ മിസ്രയീമിൽ നിന്നുവിടുവിച്ച്കൊണ്ടുവന്ന മോശ "സൗന്ദര്യമുള്ളവൻ" ആയിരുന്നു. പുറ.2:2. യിസ്രായേലിനു ന്യായാധിപ നായിരുന്ന ഗിദെയോൻ "രാജകുമാരനുതുല്യനാ"യിരുന്നു ന്യായാ.8:18. യിസ്രായേലിന്റെ രാജാവായി ഉയർന്ന ദാവീദ് "പവിഴനിറമുള്ളവനും സുനേത്രനും, കോമളരൂപിയും ആയിരുന്നു". 1 ശമു 16:12 ഈ രാകീയ പ്രഭ ഏതുമനുഷ്യനും വലിയ സഹായമാണ്. ഭൂമിയിൽ ഉയർന്ന സകല നേതാക്കന്മാർക്കും അങ്ങനെയുള്ള ഒരു വ്യക്തിപ്രഭയുണ്ടായിരുന്നു. അവ രുടെ കാന്തശക്തിയിൽ ആകർഷിക്കപ്പെട്ട് മനുഷ്യർ അവരെ പിന്തുടർന്നു. അപ്രകാരമുള്ള ഒരു ആകർഷണിയമായ വ്യക്തിപ്രഭാവം മശിഹയിലും മനുഷ്യർ പ്രതീക്ഷിക്കുന്നു. തന്റെ ദൈവിക തേജസ്സിൽ ഒരു ചെറിയ അംശമെങ്കിലും കാണത്തക്കവണ്ണമായിരുന്നു മശിഹാവരേണ്ടത്. തലയ്ക്കു ചുറ്റു തേജോവലയവും, മുഖത്തു സൂര്യപ്രഭയും ഉണ്ടായിരുന്നെങ്കിൽ മുഴു ലോകവും തന്നെ സ്വീകരിക്കുമായിരുന്നു.

സാത്താനെ തോല്പിച്ച് അവന്റെ അടിമത്വത്തിൽനിന്നു മനുഷ്യനെ വീണ്ടെടുക്കവാൻ വരുന്ന ദൈവ പുത്രനാണെന്നു എല്ലാവരും അറിയു മായിരുന്നു. അവൻ ഒരു അഗ്നിഅശ്വത്തിന്മേൽ കയറി മഹാസർപ്പവുമായി

ഒരുവാൾപോരുനടത്തി അതിന്റെ തലയെവെട്ടിതകർക്കട്ടെ, മുഴുലോകവും അവന്റെ മുമ്പിൽ വീണു നമസ്കരിക്കും, അവനെ രാജകിരീടം ചൂടിക്കും, മശിഹാ എന്ന് എറ്റുപറയും. അങ്ങനെ മനുഷ്യ ഭാവനചിറകടിച്ച് ഉയരും. പക്ഷേ യാഥാർത്ഥ്യം നേരെതിരിച്ചാണ്. സർവ്വശക്തനായ ദൈവം തന്റെ സകലമഹത്വവും ഉരിഞ്ഞു വെച്ചിട്ടാണ് ഭൂമിയിലേക്കു മനുഷ്യനായി വന്നത്. മനുഷ്യനു കാണത്തക്കവണ്ണമുള്ളയാതൊരു മഹിമയും അവനില്ലായിരുന്നു. കാണത്തക്കവണ്ണം തേജസോ, ദൂതപരിചരണമോ, തനിക്കില്ലായിരുന്നു. അവനു രൂപഗുണമില്ലായിരുന്നു.

പ്രാർത്ഥന: കർത്താവേ നിന്റെ താഴ്മയ്ക്കും സൗമ്യതയ്ക്കുമായി സ്തോത്രം. അതു ഞങ്ങൾക്കു ഗ്രഹിപ്പാനും പ്രാപിപ്പാനും കൃപതരേണമേ. ഞങ്ങളുടെ നിഗളങ്ങളെയും ഉന്നതഭാവങ്ങളെയും തിരുസന്നിധിയിൽ യാഗമായർപ്പിക്കുന്നു. ഞങ്ങളിലുള്ള ഭോഷത്വങ്ങൾ നീങ്ങിപോകുമാറാക്കേണമേ. ദൈവത്തിന്റെ പരിജ്ഞാനത്തിനുവിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിഞ്ഞു പോകുമാറാക്കേണമേ. നിന്റെ താഴ്മയും സൗമ്യതയും ഞങ്ങളെ ധരിപ്പിക്കുമാറാക്കേണമേ. യേശുവിന്റെ നാമത്തിൽതന്നേ: ആമേൻ.

# അദ്ധ്യായം നാല്

## നിന്ദിതനായ മശിഹാ

''അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു; അവനെ കാണുന്നവർ മുഖം മറെച്ചു കളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു. നാം അവനെ ആദരിച്ചതുമില്ല". യെശ 53:3.

ദൈവപുത്രനായി വരുന്ന മശിഹ ദാരിദ്ര്യവും കഷ്ടവും മാത്രമല്ല മനുഷ്യരുടെ നിന്ദയും പരിഹാസവും കൂടി സഹിക്കേണ്ടിവരും എന്നു പ്രവാചകൻ പറഞ്ഞു. പരിശുദ്ധനും നിർമ്മലനും പാപമില്ലാത്തവനും, കാരുണ്യവാനും, സകലർക്കും നന്മ ചെയ്യുന്നവനുമായവനെ സകലരും ബഹുമാനിക്കയും ആദരിക്കയും അല്ലയോ ചെയ്യേണ്ടത്? അവൻ പാപികളെയും ബലഹീനരെയും സ്നേഹിച്ചു. എല്ലാവരോടും സഹതാപം കാണിച്ചു. സകലർക്കും നല്ലവനായിരുന്നു. എല്ലാവരും അവനെ ബഹുമാനിക്കേണ്ടതായിരുന്നു. എന്നാൽ അങ്ങനെയല്ല സംഭവിച്ചത്.

അവൻ ഭൂജാതനായപ്പോൾ ദൈവത്തിന്റെ സകല ദൂതന്മാരും അവനെ നമസ്കരിച്ചു. എബ്രാ.1:6. അവർ വന്ന് ആട്ടിടയന്മാരോട് ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു എന്നറിയിച്ചു. സ്വർഗ്ഗീയ സൈന്യത്തിന്റെ ഒരു സംഘം ദൂതനോടു ചേർന്ന് ദൈവത്തെ പുകഴ്ത്തി, "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം" എന്നു പറഞ്ഞു ലൂക്കോ.2:8-14.

ആട്ടിടയന്മാർ ബദ്ധപ്പെട്ടു ചെന്നു ശിശുവിനെ കണ്ടു; തങ്ങളോടു ദൂതന്മാർ പറഞ്ഞവാക്കു അവരെ അറിയിച്ചു. ലൂക്കോ. 2:15-20

പ്രവാചകനായ ശിമെയോനും ആത്മനിയോഗത്താൽ ദൈവാലയത്തിൽ ചെന്ന് അവനെ നമസ്കരിച്ചു. ലൂക്കോ 2: 25-35

പ്രവാചകിയായ ഹന്നായും വന്ന് അവനെ വണങ്ങി. ലൂക്കോ 2:36-38.

കിഴക്കുനിന്നു വിദ്വാന്മാർ വന്ന് അവനെ നമസ്കരിച്ചു മത്താ 2:1-12

"യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ?" എന്ന വിദ്വാന്മാരുടെ ചോദ്യം ഹെരോദാരാജാവിനെയും യെരുശലേമിനെ ഒക്കെയും ഭ്രമിപ്പിച്ചതാണ്: ജനത്തിന്റെ മഹാപുരോഹിതന്മാരെയും ശാസ്ത്രിമാരെയും എല്ലാം കൂട്ടിവരുത്തി: ക്രിസ്തു എവിടെയാകുന്നു ജനിക്കുന്നത് എന്ന് ചോദിച്ചതാണ്. ബേത്ലഹേമിലാണ് എന്നു അവർ മറുപടിയും പറഞ്ഞതാണ്. ഇത്രയധികം പേർ പലയിടങ്ങളിൽ നിന്നായി വന്ന് മശിഹായെ വണങ്ങി ബഹുമാനിച്ച് അവന്റെ ജനനത്തെക്കുറിച്ചുള്ള വാർത്തദേശമെല്ലാം പരത്തിയതാണ്. എങ്കിലും യഹൂദമേധാവികൾ ഒരുത്തരും അവനെ അന്വേഷിച്ചില്ല, ശ്രദ്ധിച്ചില്ല, പോകുകയോ, കാണുകയോ, ബഹുമാനിക്കയോ ചെയ്തുമില്ല. മശിഹാ ജനനത്തെ കുറിച്ച് അവർ എല്ലാവരും കേട്ടു. പക്ഷേ യാതൊരു നല്ല പ്രചോദനവും അവർക്കു

ണ്ടായില്ല. അവനെ ബഹുമാനിക്കുന്നതിനു പകരം കൊല്ലുവാനാണത്രെ ശ്രമിച്ചത്. കർത്താവിന്റെ ക്രിസ്തുവിനെതിരെയുള്ള സാത്താന്യ വ്യാപാരം അവരിൽ എതിർപ്പിനെയുണ്ടാക്കി. അവരുടെ സംയുക്ത വിദ്വേഷം ഹെരോദേസ്സിൽ കൂടി വെളിപ്പെട്ടു. എന്നാൽ ഹെരോദേസ്സിന്റെ കൊലയാളികൾ എത്തുന്നതിനു മുന്നമേ മിസ്രയീമിലേക്ക് ഓടിപോകാൻ ദർശനത്തിൽ അരുളപ്പാടുണ്ടായതിനാൽ ശിശുവുമായി മാതാപിതാക്കൾ ഓടിപോയി രക്ഷപ്പെട്ടു.

മുപ്പതുവർഷത്തിനുശേഷം അവൻ ശുശ്രൂഷ ആരംഭിച്ചപ്പോൾ അവർ വീണ്ടും അവനെ നിന്ദിപ്പാൻ തുടങ്ങി. അവൻ കുടുംബശ്രേഷ്ഠതയുള്ളവനല്ല എന്ന് അവർ നിന്ദിച്ചു. 'ഇവൻ മറിയയുടെ മകനായ തച്ചൻ അല്ലയോ' എന്നു നാട്ടുകാർ പറഞ്ഞു അവങ്കൽ ഇടറിപോയി. മർക്കോ.6:3. യെരുശലേമിൽ നിന്നു വന്ന ശാസ്ത്രിമാർ, അവന്നു ബെയെത്സെബൂൽ ഉണ്ടു, ഭൂതങ്ങളുടെ തലവനെകൊണ്ടു അവൻ ഭൂതങ്ങളെ പുറത്താക്കുന്നു എന്നു പറഞ്ഞു നിന്ദിച്ചു. മർക്കോ.3:22.

അവൻ തിന്നിയും കുടിയനുമായ മനുഷ്യൻ, ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ എന്നു പറഞ്ഞു. മത്താ 11:19. അവൻ ശബത്തിൽ രോഗികളെ സൗഖ്യമാക്കിയപ്പോൾ, അവൻ ശബത്ത്ലംഘിയാണ് എന്നു അവർ പറഞ്ഞു. അവർ അതിൽ ശബത്ത്ലംഘനം മാത്രമെ കണ്ടുള്ളൂ. അത്ഭുതമോ, ദൈവ കരമോകണ്ടില്ല. പക്ഷവാതക്കാരന്റെ പാപങ്ങളെ ക്ഷമിച്ചു സൗഖ്യമാക്കിയപ്പോൾ അതിൽ ദൈവദൂഷണം മാത്രമെ കണ്ടുള്ളൂ. അത്ഭുതം ഒന്നുംകണ്ടില്ല. അഞ്ച് അപ്പംകൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചപ്പോൾ തിന്നു തൃപ്തരായതല്ലാതെ അത്ഭുതം ഒന്നും ആരും കണ്ടില്ല. ഈ അപ്പം തീറ്റിക്കാർ പിറ്റെദിവസം അവനോട്, ഞങ്ങൾ കണ്ടു നിന്നെ വിശ്വസിക്കേണ്ടതിനു നീ എന്തു അടയാളം ചെയ്യുന്നു, എന്തു പ്രവർത്തിക്കുന്നു എന്നു ചോദിച്ചു. യോഹ.6:30. കുഷ്ഠരോഗികളെ സൗഖ്യമാക്കി, ശുദ്ധീകരണത്തിനായി അയച്ചപ്പോൾ, പുരോഹിതന്മാർ അവർ കൊണ്ടുവന്ന സ്തോത്രവഴിപാടു വാങ്ങി എങ്കിലും സൗഖ്യദായകനെക്കുറിച്ച് യാതൊന്നും അന്വേഷിച്ചില്ല അറിഞ്ഞുമില്ല. മത്താ 8:2. അവനിൽ കൂടി നടക്കുന്ന ദൈവപ്രവൃത്തിയെ ആരും കണ്ടില്ല. കർത്താവിനെ ഭയപ്പെട്ടുമില്ല. ഓരോ അത്ഭുത പ്രവൃത്തിയിലും അവരുടെ പാരമ്പര്യത്തിനു വിപരീതമായ എന്തെങ്കിലും ഒരു കുറ്റമേ അവർ കണ്ടുള്ളൂ. അവനിൽ കൂടി ദൈവം എന്തെങ്കിലും ചെയ്യുന്നതായി അവർ ദർശിച്ചില്ല. ലാസറിനെ ഉയർപ്പിച്ചപ്പോൾ അവർ പറഞ്ഞു "നാം എന്തുചെയ്യേണ്ടു അവൻ വളരെ അടയാളങ്ങൾ പ്രവർത്തിക്കുന്നു" എന്ന്. അവൻ ചെയ്ത അത്ഭുതങ്ങൾ ഒന്നും വിലയുള്ളതായി കണക്കാക്കാതെ അവർ ആകാശത്തുനിന്നു ഒരു അത്ഭുതം ചോദിച്ചു. മത്താ 16:1. കാരണം കൂടാതെ അവർ അവനെ പകെച്ചു. യോഹ 15:18, 24-25.

അവൻ വിശുദ്ധനും നിർമ്മലനും, അവരുടെ രോഗികളെ സൗഖ്യമാക്കുന്നവനും ഭൂതങ്ങളെ പുറത്താക്കുന്നവനും, പിശാചിനെ തോൽപ്പിക്കുന്നവനും, ആണെന്നുള്ളതു അവർക്കു വിഷയമല്ലായിരുന്നു. അവൻ റോമൻ സൈന്യത്തിന്റെ രക്തം ചീന്തി ഓടിക്കയോ അവരിൽ നിന്നു വിജയം നൽകുകയോ

ചെയ്തില്ല എന്നതാണ് വിദ്വേഷത്തിനു വിഷയമായത്. അവൻ ദൈവമയച്ചിട്ടു വന്നവനാണെന്നും തങ്ങളുടെ യഥാർത്ഥ മിശിഹായണെന്നും അവർ സമ്മതിച്ചില്ല. അവരെ ശുശ്രൂഷിപ്പാൻ വന്ന ദൈവ പുത്രനോട് നന്ദിയോ സ്നേഹമോ തോന്നിയില്ല. അവനെ നിന്ദിപ്പാനും തച്ചന്റെ മകൻ എന്നു പറഞ്ഞു പരിഹസിപ്പാനുമേ കഴിഞ്ഞുള്ളൂ. അവനിൽകൂടി ദൈവം ചെയ്ത അത്ഭുതങ്ങളോ രോഗസൗഖ്യങ്ങളോ, അവൻ ദൈവത്തിന്റെ മശിഹായാണ് എന്നതിനു അടയാളമായി അവർ സ്വീകരിച്ചില്ല. അവനെ ഒരു ശമര്യക്കാരൻ എന്നു അവർ വിളിച്ചു. യോഹ8:48. നിനക്ക് ഒരു ഭൂതമുണ്ട് എന്ന് തുടർച്ചയായി അവഹേളിച്ചു. യോഹ.7:20, 8:48–52, അവൻ ഒരു പാപിയായ മനുഷ്യൻ എന്ന് അവർ വിധിച്ചു. യോഹ.9:24 അവന്റെ സംസാരങ്ങളെ അവർ പരിഹസിച്ചു ലൂക്കോ 16:14 യഹൂദമേധാവികൾ ആരും തന്നെ അവനെ സ്വീകരിച്ചില്ല. വിദ്യാഭ്യാസമില്ലാത്തവരും, ചുങ്കക്കാരും, ചില മുക്കുവരും മാത്രമെ അവനെ പിൻപറ്റിയുള്ളൂ. അവനിൽ വിശ്വസിച്ചവരെ അവർ സഭയിൽ നിന്നുമുടക്കി. യോഹ 9:22.

അവരുടെ ഉപദേഷ്ടാവായിരുന്ന നീക്കോദിമോസ് അവനെ കാണ്മാൻ വാഞ്ഛിച്ചിട്ട് ആരും അറിയാതിരിപ്പാൻ രാത്രിയിലാണ് വന്നത്. ഏതു തടവുകാരനെയാണ് സ്വതന്ത്രനാക്കേണ്ടതെന്നു പീലാത്തോസ് ചോദിച്ചപ്പോൾ, മടികൂടാതെ കൊലപാതകനായിരുന്ന ബറബ്ബാസിനെ അവർ ചോദിച്ചു. യേശുവിനെ ക്രൂശിക്ക എന്നും പറഞ്ഞു. കള്ളനും കുലപാതകനുമായ ഒരു ബറബ്ബാസിനെകാളും യേശു ഹീനനാണ് എന്ന് ജനം വിധിയെഴുതി. യഹൂദന്മാരുടെ ന്യാധിപ സംഘം അവനെ അടിക്കയും, കണ്ണുകെട്ടിതല്ലി, പ്രവചിക്ക എന്ന് പരിഹസിക്കയും ചെയ്തു. ക്രൂശിന്മേൽ തൂങ്ങികിടക്കുമ്പോഴും ചുറ്റും നിന്ന് അവർ അവനെ പരിഹസിച്ചു.

തെക്കേരാജ്ഞി ന്യായവിധിയിൽ എഴുന്നേറ്റു അവനെ പരിഹസിച്ചവരെയെല്ലാം കുറ്റം വിധിക്കും. കാരണം ശലോമോന്റെ ജ്ഞാനം കേൾപ്പാൻ അവൾ ഭൂമിയുടെ അറ്റത്തുനിന്നു വന്നുവല്ലോ. മത്താ 12:42 യേശു ശലോമോനിലും എത്രവലിയവൻ അതുപോലെ കിഴക്കുനിന്നു വന്ന വിദ്വാന്മാരും ഉയിർത്തെഴുന്നേറ്റു കർത്താവിൽ താല്പര്യം കാണക്കാതെ പരിഹസിച്ച എല്ലാവരെയും കുറ്റം വിധിക്കും.

ഈ ലോകത്തിൽ മാത്രമല്ല പാതാള ലോകത്തിലും നാം എല്ലാവരും പരിഹസിക്കപ്പെടുമായിരുന്നു. എന്നാൽ യേശു നമ്മുടെ സ്ഥാനത്തുനിന്നു നമുക്കുവേണ്ടി സകല പരിഹാസങ്ങളും സഹിച്ചു. ഈ ലോകത്തെ ന്യായവിധിയിൽ നിന്നു രക്ഷിക്കുന്ന സാധുവായ മനുഷ്യനായി യേശു വന്നതിനാൽ അവന്റെ വാക്കു തുഛീകരിക്കപ്പെട്ടു. അവന്റെ വാക്കു ആരും കൂട്ടാക്കിയതുമില്ല. സഭാ.പ്ര 9:16

ഈലോകം ക്രൂരന്മാരും ദുർമ്മാർഗികളുമായ ദുഷ്ടനേതാക്കന്മാരെ ബഹുമാനിക്കുന്നു. യേശുവിനെയോ ബഹുമാനിക്കുന്നില്ല. യുദ്ധതന്ത്രജ്ഞനായിരുന്ന അലക്സാണ്ടറെ ഈ ലോകം ആദരിക്കുന്നു. താൻ രാജ്യത്തുണ്ടായിരുന്ന എതിരാളികളെ മിന്നൽ വേഗത്തിൽ കൊന്നൊടുക്കി. മത്സരപട്ടണങ്ങളെ നിർദ്ദയം തകർത്തു. പ്രതിരോധത്തെ ചവുട്ടിമെതിച്ചു. എതിർരാജ്യങ്ങളെ യുദ്ധം ചെയ്തു

ജയിച്ചു. തോല്പിക്കപ്പെട്ടവരെ ദയകൂടാതെ അടിമച്ചന്തയിൽ വിറ്റു. സകലഗ്രീക്കു സംസ്ഥാനവും പൂർണ്ണമായി തനിക്ക് കീഴ്പ്പെടുത്തി തോല്പിച്ചരാജ്യങ്ങളിൽ നിന്നു ഭീമമായനിക്ഷേപങ്ങൾ കൊള്ളചെയ്തു.

താൻ ചരിത്രത്തിലെ ഏറ്റവും വലിയ ഒരുസേനാ നായകനായിരുന്നു ഈ ലോകംതന്നെ "മഹാൻ" എന്നു വിളിക്കുന്നു. ബഹുമാനിക്കുന്നു. എന്തുകൊണ്ട്? അലക്സാണ്ടർ ഈ ലോകക്കാരനായിരുന്നു. താൻ മദ്യപാനിയും ദുർമ്മാർഗ്ഗിയും, കരുണയില്ലാത്ത ക്രൂരനുമായിരുന്നു. അനേകായിരങ്ങളെ കൊന്നു മുടിച്ച് കൊള്ളനടത്തിയവൻ. അപ്രകാരമുള്ള സ്വാർത്ഥരും നിർദ്ദയരുമായവരെ ലോകം സ്നേഹിച്ചു ബഹുമാനിക്കുന്നു. എന്നാൽ കർത്താവായ യേശുക്രിസ്തു ഈ ലോകക്കാരനല്ലായിരുന്നു. ആർക്കും ദോഷം ചെയ്യാതെ സകലർക്കും നന്മ മാത്രം ചെയ്യുന്നവനായിരുന്നു. ആകയാൽ ലോകം തന്നെ വീരന്മാരുടെ കൂട്ടത്തിൽ കാണുകയോ ബഹുമാനിക്കയോ ചെയ്യാൻ കഴിയത്തില്ല. കൊലപാതകന്മാരെ ബഹുമാനിക്കയും തെരഞ്ഞെടുക്കയും ചെയ്തിട്ട് സൗമ്യനും സ്നേഹവാനുമായ കർത്താവിനെ തുഛികരിക്കുന്നതിൽ ഈ ലോകത്തെ ഭരിക്കുന്ന ആത്മാവിനെ കാണാൻ കഴിയും. ലോകം പുകഴ്ത്തുന്ന ജൂലിയസ് സിസറിനെ പരിഗണിക്കുക. താൻ ഫ്രാൻസിന്റെ ദേശാധിപതി ആയിരുന്നപ്പോൾ അനേകായിരം ആളുകളെ കൂട്ടക്കൊല നടത്തി വലിയ സൈന്യങ്ങളെ തോല്പിച്ചു. നിയമസഭ തന്റെ ആയുധംവെച്ച് കീഴ്പ്പെടുവാൻ കല്പിച്ചപ്പോൾ, അനുസരിക്കാതെ ഒരു ആയുധമത്സരത്തിനു വെല്ലുവിളിച്ചു. തുടർന്നുണ്ടായ അഭ്യന്തരയുദ്ധത്തിൽ തന്നോടു കൂടെയുള്ളതിലും വളരെയേറെ സൈന്യമുണ്ടായിരുന്ന പോംപിയെ സർവ്വത്ര തോല്പിച്ച്, തന്റെ യുദ്ധതന്ത്രജ്ഞതവെളിപ്പെടുത്തി മറ്റാർക്കും കൊടുക്കാതെ, തന്നത്താൽ സർവ്വാധിപത്യം ഏറ്റെടുത്തു. ധാർമ്മികമായി താൻ ദുർമ്മാർഗിയും ദോഷം നിറഞ്ഞവനുമായിരുന്നു. മനുഷ്യലോകം ദുഷ്ടനേതാക്കന്മാരെ ഇന്നും ആദരിക്കുന്നു. മനുഷ്യരക്തം ചീന്തി അവർ തങ്ങളുടെ സാമ്രാജ്യങ്ങളെ പണിതു.

മനുഷ്യരെക്കൊന്നും, കൊള്ളയും കവർച്ചയും നടത്തിയും അവർ ഓരോരുത്തരും വലിയവരായി. ദൈവത്തെ അവർ ഒർത്തില്ല, അറിഞ്ഞില്ല, ഭയപ്പെട്ടതുമില്ല. കല്പനകൾ ഒന്നുപോലും ശ്രദ്ധിക്കയോ പ്രമാണിക്കയോ ചെയ്തില്ല. അവർ എല്ലാം ജഡമോഹത്തെയും കാമദേവനെയും സേവിച്ചു. അഹങ്കാരികളും, ഉഗ്രന്മാരും, നിഗളികളും, ഉന്നതഭാവികളുമായി ജീവിച്ചു. ഇരുട്ടിന്റെ രാജ്യത്തിന്റെ സേവകരായി അന്തരിച്ചു. എന്നാൽ അതിപരിശുദ്ധനായ കർത്താവ് ഈ ലോകക്കാരനല്ലാത്തതിനാൽ ലോകത്താൽ നിന്ദിക്കപ്പെട്ട് പരിഹസിക്കപ്പെട്ടു.

പ്രാർത്ഥന. കർത്താവേ നിന്റെ നിന്ദചുമന്നുകൊണ്ടുപാളയത്തിനു പുറത്തു നിന്റെ അടുക്കൽ വരുവാൻ കൃപതരേണമേ. നീ ഞങ്ങൾക്കുവേണ്ടി നിന്ദയെ ചുമന്നതിനായി സ്തോത്രം. നിന്നോടുകൂടെ നിന്ദചുമപ്പാനും ലോകത്തെജയിക്കാനും കൃപ തരേണമേ. യേശുവിന്റെ നാമത്തിൽതന്നേ: ആമേൻ.

# അദ്ധ്യായം അഞ്ച്

## തള്ളിക്കളയപ്പെട്ടമശിഹാ

യെശ 53.3. അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും...... ഇരുന്നു.

യോഹ. 1:11 അവൻ സ്വന്തത്തിലേക്കുവന്നു; സ്വന്തമായവരോ അവനെ കൈകൊണ്ടില്ല.

സങ്കീ.118:22 വീടുപണിയുന്നവർ തള്ളിക്കളഞ്ഞകല്ല് മൂലക്കല്ലായിതീർന്നിരിക്കുന്നു.

ദീർഘകാലം നോക്കികാത്തിരുന്ന മശിഹ വന്നപ്പോൾ അവർ അവനെ സ്വീകരിച്ചില്ല. അവർക്കു അവനെ ഇഷ്ടപ്പെട്ടില്ല. അവൻ ഒരു പാവപ്പെട്ട കുടുംബത്തിൽ ജനിച്ചതു അവർക്കു സ്വീകാര്യമല്ലായിരുന്നു. അവന്റെ വിദ്യാഭ്യാസ കുറവ് അതൃപ്തിക്കു കൂടുതൽ കാരണമായി. അവന്റെ പ്രസംഗങ്ങളും അവർക്ക് ഇഷ്ടപ്പെട്ടില്ല. അവർ അവനെകുടുക്കിലാക്കാൻ പലശ്രമങ്ങൾ നടത്തി. ദുഷിച്ചു, കുടുക്കുചോദ്യങ്ങൾ ചോദിച്ചു. പലവിധത്തിൽ പരീക്ഷിച്ചു. പക്ഷേ അവരുടെ സംശയങ്ങളും ചോദ്യങ്ങളും ഒന്നും തന്നെ ന്യായമുള്ളതായിരുന്നില്ല.

സംശയംകൂടാതെ അവനെ സ്വീകരിക്കാനുള്ള സകല തെളിവുകളോടുകൂടെയാണ് അവൻ വന്നത്. അവനെ തിരിച്ചറിയാത്തതിന് ഒരു ന്യായവും ഇല്ലായിരുന്നു. അവൻ വാഗ്ദത്തപ്രകാരം, ദാവീദിന്റെ സന്തതിയായി ദാവീദിന്റെ പട്ടണമായ ബേത്ലഹേമിൽ ജനിച്ചു. അവന്റെ വരവിന്റെ വർഷ കണക്കുകൾ ദാനി 9:24-25ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള സമയത്താണ് വന്നത്. മശിഹാ ജനനത്തെക്കുറിച്ച് ദൂതന്മാർ ഇടയന്മരോടും ഇടയന്മാർ മറ്റുള്ളവരോടും പറഞ്ഞ് വാർത്ത പരന്നതാണ് കൂടാതെ പ്രവാചകരായിരുന്ന ശിമെയോന്നും ഹന്നായും ദേശത്തു വാർത്ത പരത്തിയതാണ്.

കിഴക്കുനിന്നുവന്ന വിദ്വാന്മാരുടെ “യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കുകണ്ടു അവനെ നമസ്കരിപ്പാൻ വന്നിരിക്കുന്നു.” എന്ന മിന്നലുപോലുള്ള ചോദ്യം ഹെരോദാവിനെയും യെരുശലേം നഗരത്തെയും ഭ്രമിപ്പിച്ചതായിരുന്നു. മത്താ.2:3 അതിന്റെ ഫലമായി ആ ദേശത്ത് അനേക പൈതങ്ങളെ ഹെരോദാവ് കൊല്ലിച്ചതാണ്. ഈ സകല സംഭവങ്ങളും പരസ്യമാകയാൽ മശിഹാ ജനനം ആർക്കും അജ്ഞാതമല്ലായിരുന്നു.

കർത്താവായ യേശുക്രിസ്തുവിനു മുന്നോടിയായി വന്ന യോഹന്നാൻസ്നാപകന്റെ ജനനവും ദേശത്തു അറിയപ്പെട്ടിരുന്ന ഒരത്ഭുതമായിരുന്നു. അവന്റെ പിതാവായ സഖറിയാ പുരോഹിതൻ യെരുശലേം ദൈവാലയത്തിൽ ധൂപം കാട്ടികൊണ്ടിരിക്കുമ്പോൾ ദൈവത്തിന്റെ ദൂതനായ ഗബ്രിയേൽ അവനു പ്രത്യക്ഷപ്പെട്ട് അവനു ജനിപ്പാൻ പോകുന്ന മകനെകുറിച്ചു വെളിപ്പെടുത്തി. സെഖര്യാവിന്റെ അവിശ്വാസം നിമിത്തം ദൂതൻ അവനെ ശിശു ജനിക്കുന്നതുവരേക്ക് ഊമനാക്കി. സെഖര്യാവിനുവേണ്ടി പുറത്തു കാത്തു നിന്ന ജനക്കൂട്ടം ഈ

വിവരങ്ങൾ ഗ്രഹിച്ചതാണ്. യോഹന്നാന്റെ ജനനത്തിങ്കൽ വാർത്തദേശത്തെല്ലാം പരന്നതാണ്. യോഹന്നാൻവന്നു പാപമോചനത്തിനായുള്ള മാനസാന്തര സ്നാനം പ്രസംഗിച്ചപ്പോൾ 'അവൻ ക്രിസ്തുവോ എന്നു എല്ലാവരും ഹൃദയ ത്തിൽ വിചാരിച്ചു'. അപ്പോൾ യോഹന്നാൻ അവരോട് 'ഞാൻ സ്നാനം കഴി പ്പിക്കുന്നതേയുള്ളൂ'. എന്നിലും ബലവാനായവൻ വരുന്നു. അവൻ നിങ്ങളെ പരിശുദ്ധത്മാവുകൊണ്ടും തീകൊണ്ടും സ്നാനം കഴിപ്പിക്കും' എന്നു പറഞ്ഞു. ലൂക്കോ 3:15-16 പിന്നീട് യേശുവിനെ കണ്ടപ്പോൾ "ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്ന് അവൻ പരിചയപ്പെ ടുത്തി. യേശു അവനാൽ സ്നാനം ഏറ്റപ്പോൾ സ്വർഗ്ഗം തുറന്ന പരിശുദ്ധാ ത്മാവ് ദേഹരൂപത്തിൽ പ്രാവുപോലെ അവന്റെ മേൽ ഇറങ്ങി. "നീ എന്റെ പ്രിയ പുത്രൻ നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്നു സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദവും ഉണ്ടായതാണ്. ലൂക്കോ 3:21-22. ഇവയ്ക്കെല്ലാം പുറമേ, അവൻ അനേക രോഗികളെ സൗഖ്യമാക്കി. കുരുടരെയും മുടന്തരെയും, ഊമരെയും, ചെകിടരെയും കുഷ്ഠരോഗികളെയും സൗഖ്യമാക്കി. ഭൂതങ്ങളെ പുറത്താക്കി. മരിച്ചവരെ ഉയർപ്പിച്ചു. ഇതെല്ലാമായിട്ടും പരീശന്മാരും, ശാസ്ത്രിമാരും, സാദൂ ക്യരും പുരോഹിതന്മാരും കർത്താവിനെ സ്വീകരിച്ചില്ല. വിശ്വസിച്ചില്ല, ആദരി ച്ചില്ല, തങ്ങൾക്കു സ്വീകാര്യനല്ല എന്നുപറഞ്ഞ് അവനെ തള്ളിക്കളഞ്ഞു. ഏതു വിധ അന്ധതയാണത്?

യേശുവിന്റെ പ്രസംഗം അവർക്ക് ഇഷ്ടപ്പെട്ടില്ല. "ഒരു പ്രവാചകനും തന്റെ പിതൃ നഗരത്തിൽ സമ്മതനല്ല" എന്നു അവൻ പറഞ്ഞു. പള്ളയിലുള്ളവർ ഇതുകേട്ടിട്ട് കോപം നിറഞ്ഞവരായി അവനെ പുറത്താക്കി. ലൂക്കോ, 4:24-29. യേശു ദൈവീക അധികാരത്തോടെ സംസാരിച്ചത് അവരെ പ്രകോപിപ്പിച്ചു. പക്ഷവാതക്കാരനോട് "മനുഷ്യാ നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു" എന്നു യേശു പറഞ്ഞത് കേട്ടിട്ട് "ദൈവ ദൂഷണം പറയുന്ന ഇവൻ ആർ" എന്നു അവർ ചോദിച്ചു. ലൂക്കോ 5:20-21. അബ്രഹം ജനിച്ചതിനു മുമ്പെ ഞാൻ ഉണ്ട്. ഞാനും പിതാവും ഒന്നാകുന്നു എന്നിങ്ങനെ പറഞ്ഞത് അവരെ കോപി പ്പിച്ചു യോഹ. 8:58-59; 10:30-31.

യേശു ചുങ്കക്കാരോടും പാപികളോടും കൂടെ ഭക്ഷിച്ചത് അവർക്ക് വെറുപ്പു ണ്ടാക്കുന്നതായിരുന്നു. ചുങ്കക്കാരനായ മത്തായി കർത്താവിനെ പിൻതുടർന്ന പ്പോൾ മറ്റു ചുങ്കക്കാരും വന്ന് അവന്റെ വീട്ടിൽ ഒരുമിച്ചു ഭക്ഷിച്ചു. മത്താ. 9:9-13 .

കൂടാതെ ചുങ്കക്കാരനായ സക്കായിയുടെ വീട്ടിലും യേശു പോയി താമസി ച്ചു. ലൂക്കോ 19:1-7. ഇതു പിറുപിറുപ്പിനു കാരണമായി. യേശു അവരുടെ സമ്പ്ര ദായങ്ങളെല്ലാം അനുസരിക്കുന്നില്ല എന്നതു അവർക്കു ഇടർച്ചയുണ്ടാക്കി. കഴു കാത്തകൈ കൊണ്ടു ശിഷ്യന്മാർ ഭക്ഷിക്കുന്നു എന്നു പരീശന്മാരും ശാസ്ത്രി മാരും പരാതിപ്പെട്ടു. യേശു അതിന് 'നിങ്ങളുടെ സമ്പ്രദായങ്ങളാൽ ദൈവക ല്പനയെ ലംഘിക്കുന്നതെന്ത് എന്നു ചോദിച്ചു? അപ്പനെയും അമ്മയെയും ബഹു മാനിക്കേണ്ടതിനു പകരം തന്നാൽ മാതാപിതാക്കൾക്ക് ഉപകാരമായി വരേണ്ടത്

ദൈവാലയത്തിൽ കൊടുത്താൽ മതി എന്നു അവർ പഠിപ്പിച്ചിരുന്നതിനെ യേശു ചോദ്യം ചെയ്തു. അതു കൂടുതൽ ഇടർച്ചയ്ക്കു കാരണമായി.

**യേശു ശബത്തിൽ സൗഖ്യമാക്കിയത് അവരെ രോഷാകുലരാക്കി**

ശബത്തിൽ കർത്താവ് പല രോഗികളെ സൗഖ്യമാക്കിയിട്ടുണ്ട്. കൂനിയായ ഒരു സ്ത്രീയെ നിവിരുവാൻ തക്കവണ്ണം സൗഖ്യമാക്കി. മഹോദരമുള്ള ഒരു മനുഷ്യനെയും, കൈവരണ്ട ഒരുവനെയും സൗഖ്യമാക്കി. ബഥസ്ഥാ കുളത്തിങ്കൽ മുപ്പത്തെട്ടു വർഷമായി കിടന്ന ഒരുവനെയും, ഒരു കുരുടനെ കളിമണ്ണുണ്ടാക്കി കണ്ണിൽ തേച്ചും, സൗഖ്യമാക്കിയത് എല്ലാം ശബത്തിലായിരുന്നു. ഇതെല്ലാം ശബത്തുലംഘനങ്ങളാണെന്നവർ വ്യാഖ്യാനിച്ചു. യേശുവോ, മനുഷ്യപുത്രൻ ശബത്തിനും കർത്താവാണെന്നും ശബത്തു മനുഷ്യനുവേണ്ടിയാണെന്നും, മനുഷ്യൻ ശബത്തിനുവേണ്ടിയല്ല എന്നും പറഞ്ഞു. ഇതെല്ലാം അവർക്കു വലിയ വിരോധത്തിനും എതിർപ്പിനും കാരണമായി.

**യേശുവിന്റെ ചില ഉപമകളിൽ മതനേതാക്കന്മാരെ**

**പരാമർശിച്ചത് അവർക്ക് വിരോധമു ണ്ടാക്കി**

രണ്ടു പുത്രന്മാരുടെ ഉപമയിൽ ചുങ്കക്കാരും വേശ്യമാരും നിങ്ങൾക്കു മുൻപേ ദൈവരാജ്യത്തിൽ പ്രവേശിക്കും എന്നുപറഞ്ഞു. മത്താ.21:28-31.

ഗൃഹസ്ഥനായ മനുഷ്യന്റെ മുന്തിരിത്തോട്ടത്തിന്റെ ഉപമയിൽ (മത്താ 21:33 -46) ദൈവരാജ്യം നിങ്ങളുടെ പക്കൽ നിന്നെടുത്തു അതിന്റെ ഫലം കൊടുക്കുന്ന ജാതിക്കുകൊടുക്കും എന്നുപറഞ്ഞു. മത്താ.21:28-31

ഈ ഉപമകളെ മഹാപുരോഹിതന്മാരും പരീശന്മാരും കേട്ടിട്ടു തങ്ങളെകൊണ്ടുപറയുന്നു എന്നറിഞ്ഞു അവനെപിടിക്കാൽ അന്വേഷിച്ചു.

യേശുവിനുണ്ടായിരുന്ന പൊതുജനപിന്തുണയും നേതാക്കന്മാർക്ക് ഒരു ഭീഷണിയായി തീർന്നു. യിസ്രായേൽ ജനം അനേകകാലങ്ങളായി മശിഹായുടെ വരവിനെനോക്കി പാർത്തുകൊണ്ടിരിക്കയായിരുന്നു. യോഹന്നാൻ സ്നാപകന്റെ മാനസാന്തരപ്രസംഗവും സ്നാനവും അവരെ കൂടുതൽ ഉണർത്തി. അതിന്റെ പിന്നാലെ വന്ന കർത്താവിന്റെ കൃപയും ശക്തിയും നിറഞ്ഞ ശുശ്രൂഷ അവരെ തന്നിലേക്കാകർഷിച്ചു. ഹോസാന്നാ ദിവസത്തെ കഴുതക്കുട്ടി പുറത്തുള്ള നഗരപ്രവേശത്തിൽ പൊതുജനം സന്തോഷിച്ച് അവനെ എതിരേൽക്കുകയും പിൻപറ്റുകയും ചെയ്തു. ഇതെല്ലാം പ്രമാണികളുടെ എതിർപ്പിനു കാരണമായി. മത്താ 21:1-11

യേശുവിന്റെ ദൈവാലയശുദ്ധീകരണം അവർക്കു സഹിക്കാൽ പാടുള്ളതല്ലായിരുന്നു. ദൈവാലയത്തെ ഒരു വാണിഭശാലയാക്കി മാറ്റിയിട്ട് പുരോഹിതന്മാർ വലിയ കൊള്ളലാഭം ഉണ്ടാക്കികൊണ്ടിരുന്നു. യേശുവന്ന്, ദൈവാലയം പ്രാർത്ഥനാസ്ഥലമാണ് കച്ചവടസ്ഥലമല്ല എന്നു പറഞ്ഞ് അവരുടെ മേശകളെ മറിക്കയും, വാണിജ്യങ്ങളെ പുറത്താക്കയും ചെയ്തത് പ്രമാണികളെ വളരെ ശക്തമായികോപിപ്പിച്ചു.

പ്രമാണികൾ അവനെ തള്ളിക്കളഞ്ഞു. പിറ്റേദിവസം അവൻ ദൈവാലയ

ത്തിലേക്കു വന്നപ്പോൾ "നീ എന്തധികാരം കൊണ്ടു ഇതുചെയ്യുന്നു. നിനക്ക് ഈ അധികാരം തന്നതാർ?" എന്നുചോദിച്ചു അവനെ പൂർണ്ണമായും തള്ളിക്കളഞ്ഞു. മത്താ 21:20.

### അവർക്കെതിരായി മശിഹാ ചെയ്തവിധി പ്രഖ്യാപനം

ഈ പ്രമാണികളുടെ ഭക്തി ദൈവത്തിനുവേണ്ടിയല്ല, മനുഷ്യരെകാണിക്കാനാണ് എന്നു കർത്താവു പറഞ്ഞു. അവൻ അവരെ കപടഭക്തിക്കാർ, മൂഢന്മാർ, കുരുടന്മാരായ വഴികാട്ടികൾ, സർപ്പസന്തതികൾ എന്നെല്ലാം വിളിച്ചിട്ടുവരുവാനുള്ള നരകവിധിയിൽ നിന്ന് എങ്ങനെ തെറ്റി ഒഴിയും എന്നു ചോദിച്ചു. അവർ വെള്ളതേച്ച ശവക്കല്ലറകളെപോലെ പുറമെ ഭംഗിയുള്ളവരും അകമെ ചീഞ്ഞു നാറുന്നവരുമാണ് എന്നു പറഞ്ഞു. അവർക്കു ഹാ കഷ്ടം എന്ന് ആവർത്തിച്ചു പ്രഖ്യാപിച്ചു.

### അവസാന തള്ളിപ്പറച്ചിലും പകരം കുലപാതകനെ തെരഞ്ഞെടുത്തതും

പെരുനാളിൽ ഒരു തടവുകാരനെ സ്വതന്ത്രനാക്കുന്ന പതിവുണ്ടായിരുന്നതിനാൽ, ആരേവേണം, ബറബ്ബാസിനെയോ, യേശുവിനെയോ എന്ന് പീലാത്തോസ് ചോദിച്ചു; ബറബ്ബാസിനെ ചോദിക്കാനും യേശുവിനെ നശിപ്പിപ്പാനും മഹാപുരോഹിതന്മാരും മൂപ്പൻമാരും, പുരുഷാരത്തെ സമ്മതിപ്പിച്ചു. അവർ കുലപാതകനായ ബറബ്ബാസിനെ ചോദിച്ചു. യേശുവിനെ ക്രൂശിക്ക എന്ന് ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു. അവരുടെ അപേക്ഷപോലെയാകട്ടെ എന്നു പീലാത്തോസ് വിധിച്ചു. കലഹവും കുലയും ഹേതുവായി തടവിലായവനെ വിട്ടുകൊടുക്കുകയും യേശുവിനെ അവരുടെ ഇഷ്ടത്തിനു ഏല്പിക്കയും ചെയ്തു.

ദൈവം അയക്കുന്ന അനുഗ്രഹങ്ങളെ തള്ളിക്കളകയും, ശാപകരമായതിനെ തെരഞ്ഞെടുക്കയും ചെയ്യുന്നതു വളരെ ഭയാനകമാണ്. അതു തീരാനഷ്ടങ്ങൾക്കും നാശങ്ങൾക്കും ദുഃഖങ്ങൾക്കും കാരണമാകും. സമാധാനവും ഐശ്വര്യവും ഓടിപ്പോകും, തള്ളിക്കളഞ്ഞതിനെ തിരികെ പ്രാപിക്കാൻ സാധിക്കയുമില്ല. ദൈവം പിതാക്കന്മാരോടു വാഗ്ദത്തം ചെയ്തിരുന്ന മശിഹായെ, സമയമായപ്പോൾ അയച്ചു. അവൻ വന്ന് അവരോടു ദൈവരാജ്യം പ്രസംഗിച്ചു. രോഗികളെ സൗഖ്യമാക്കി. അത്ഭുതങ്ങൾ പ്രവർത്തിച്ചു. പിതാവിന്റെ സ്നേഹം വെളിപ്പെടുത്തി പ്രദർശിപ്പിച്ചു. അവർ അന്ധബുദ്ധികളായി അവനെ തള്ളിപ്പറഞ്ഞ് ക്രൂശിപ്പാൻ ഏൽപ്പിച്ചു. പൂർണ്ണഹൃദയത്തോടെ കുലപാതകനായ ബറബ്ബാസിനെ തെരഞ്ഞെടുത്തു. എന്തൊരുബുദ്ധിഭ്രമം! ഇതേഭ്രാന്തുതന്നെയാണ് ഇന്നും അനേകരിൽ പ്രവർത്തിക്കുന്നത്. ജീവനായകനെ തള്ളിക്കളകയും നാശമൂർത്തികളെ തെരഞ്ഞെടുക്കയും ചെയ്യുന്നു.

അനുഗ്രഹിക്കപ്പെട്ട ദൈവാനുസരണ പാതയെ തള്ളിക്കളഞ്ഞിട്ട് ആദാമും ഹവ്വായും വിലക്കപ്പെട്ട കനി ഭക്ഷിച്ച് നാശവാതിലിനെ ജീവിതത്തിൽ തുറന്നു. ദൈവ മുന്നറിയിപ്പിനെ വകവെക്കാതെ കയീൻ കോപിഷ്ടനായി നടന്ന് ഹാബേലിനെ കൊന്നു. അവന്റെ നാശവഴി ജലപ്രളയത്തിനു കാരണമായി. യിസ്രായേൽ തുടർമാനമായി ദൈവാലോചനയെ തള്ളിക്കളഞ്ഞു. "എന്റെ ജനം രണ്ടു

ദോഷം ചെയ്തു. അവർ ജീവന്റെ ഉറവയായ എന്നെ ഉപേക്ഷിച്ചു, വെള്ളമില്ലാത്ത കിണറുകളെ പൊട്ടക്കിണറുകളെ തന്നെ കുഴിച്ചിരിക്കുന്നു" (യിരെ. 2:13) എന്നു പ്രവാചകനിൽ കൂടി ദൈവം അരുളി ച്ചെയ്തു.

ഷെയ്ക്സ്പിയറുടെ "കിംഗ്ലീയർ" തേൻഒലിക്കുംവിധമുള്ള വ്യാജവാക്കുകളെ പ്രസ്താവിച്ച മൂത്ത രണ്ടുപുത്രിമാർക്കായി തന്റെ രാജ്യം വിഭജിച്ചു. സത്യം മാത്രം പറഞ്ഞ ഇളയമകളെ ഒരവകാശവും കൊടുക്കാതെ ഇറക്കിവിട്ടു അതിന്റെ ഫലം ഉഗ്രനാശമായിരുന്നു. മൂത്ത രണ്ടു പുത്രിമാരും തങ്ങളുടെ വൃദ്ധ പിതാവിനെ നിന്ദിച്ച് അപമാനിച്ച് പുറത്താക്കി. അദ്ദേഹം അലഞ്ഞുതിരിഞ്ഞ് ഭ്രാന്തനായി മരിച്ചു. ദൈവം നൽകുന്ന അനുഗ്രഹങ്ങളെ പുച്ഛരിച്ചു തള്ളിക്കളയുന്നതു വലിയ അപകടമാണ്. ലോകരക്ഷിതാവായി വന്ന യേശുവിനെക്കാളും നല്ലവൻ ഒരു കുലപാതകനായ ബറാബാസാണെന്ന് ജനം വിധിയെഴുതിയപ്പോൾ കർത്താവനുഭവിച്ച അപമാനം സീമാതീതമാണ്. അവൻ അനുഭവിച്ച കഷ്ടങ്ങളുടെ ഓരോപടിയും കൂടുതൽ കൂടുതൽ വേദനാകരമായിരുന്നു. നാം എല്ലാവരുടെയും തള്ളപ്പെടൽ അവൻ തന്റെ മേൽ എടുത്തു സകലരാലും തള്ളപ്പെട്ടു; ഉപേക്ഷിക്കപ്പെട്ടു. അങ്ങനെ നമ്മുടെ സ്ഥാനത്ത് അവൻ നിന്ന് വേദനാകരമായി തള്ളപ്പെട്ടതിനാൽ നമ്മെ പിതാവിന്റെയും അവന്റെ ദൂതന്മാരുടെയും മുൻപിൽ സ്വീകാര്യരാക്കിയിരിക്കുന്നു. സ്തോത്രം.

ലോകം കുലപാതകന്മാരെയും ദുഷ്ടന്മാരെയും സ്വേഛാധിപതികളെയും തങ്ങളുടെ അധിപന്മാരായി വാഴിക്കുന്നു. ലോകത്തിന്റെ കീർത്തിപ്പെട്ട നേതാക്കന്മാർ മഹാനായ അലക്സാണ്ടർ, ജൂലിയസ് സീസർ, നെപ്പോളിയൻ, ലെനിൻ, സ്റ്റാലിൻ, ഹിറ്റ്ലർ, മാവേപോൾപോട്ട് മുതലായവരാണ്. എത്രമാത്രം പേരെ അവർ കൊന്നു മുടിച്ചുവോ അത്രമാത്രം അവർ വലിയവരായി. ലോകത്തിനുവേണ്ടത്, കോമളത്ത്വം, വാഗ്മിത്വം, കൗശലം, വർണ്ണപ്പകിട്ട്, വമ്പുപറച്ചിൽ, ധാരാളിത്ത്വം മുതലായവയാണ്. അവർ ബലഹീനരെ ചൂഷണം ചെയ്താണ് ധാരാളിത്തം കാണിക്കുന്നത് എന്നത് ആർക്കും വിഷയമല്ല. കൗശലക്കാരായമിടുക്കന്മാരെ ലോകം മുടിചൂടിക്കും. നീതിയോ, വിശുദ്ധിയോ, സത്യസന്ധതയോ ആരും ശ്രദ്ധിക്കയില്ല. നല്ലയിടയനെ തള്ളിക്കളഞ്ഞവർക്കായി, ആടുകളെ നോക്കാതെ, തടിച്ചവയുടെ മാംസംതിന്നുകയും കുളമ്പുകളെ കീറിക്കളകയും ചെയ്യുന്ന ഒരു തുമ്പുകെട്ടഇടയൻ എഴുന്നേല്ക്കും അവനെ ലോകം സ്വീകരിച്ച് വാനോളം പുകഴ്ത്തി തങ്ങളെത്തന്നെ അവന്റെ ഇഷ്ടത്തിനു ഏല്പിച്ചുകൊടുക്കും.

പ്രാർത്ഥന: കർത്താവേ നീ ഞങ്ങൾക്കായി ഉപേക്ഷിക്കപ്പെടുകയും തള്ളപ്പെടുകയും നീചമായ വിധത്തിൽ തരംതാഴ്ത്തപ്പെടുകയും ചെയ്തു. അങ്ങനെ ഞങ്ങളെ പിതാവിനു സ്വീകാര്യരാക്കിയതിനാൽ സ്തോത്രം. നിന്നെ ഞങ്ങളുടെ ഹൃദയത്തിന്റെ രാജാവായി സദാ ബഹുമാനിച്ചുകൊൾവാൻ കൃപ തരേണമേ. നീ ഞങ്ങളുടെ രാജാവായി എല്ലായ്പോഴും ഹൃദയത്തിൽ വാണുകൊണ്ടിരിക്കേണമേ. തിരുഹിതം മാത്രം എപ്പോഴും ഞങ്ങളിൽ നടപ്പാൻ സഹായിക്കേണമേ-ലോകം ഞങ്ങളെ ഉപേക്ഷിക്കയും തരം താഴ്ത്തുകയും ചെയ്യുമ്പോൾ സന്തോഷിച്ച് ആരാധിപ്പാൻ കൃപ തരേണമെ. ആമേൻ

# അദ്ധ്യായം ആറ്

## വ്യസനപാത്രമായിതീർന്ന മശിഹാ

യെശ. 53:3 അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും തൃജിക്കപ്പെട്ടു വ്യസന പാത്രമായും രോഗം ശീലിച്ചവനുമായിരുന്നു.

വിലാ. 1:12 കടന്നുപോകുന്ന ഏവരുമായുള്ളോരേ ഇതു നിങ്ങൾക്കു ഏതുമില്ലയോ?. യഹോവ തന്റെ ഉഗ്രകോപത്തിൽ ദുഃഖിപ്പിച്ചിരിക്കുന്ന എനിക്ക് അവൻ വരുത്തിയ വ്യസനം പോലെ ഒരു വ്യസനം ഉണ്ടോ എന്നു നോക്കുവിൻ.

യെശ. 53:3-ൽ വ്യസനപാത്രം എന്നത്, ഇംഗ്ലീഷിലും മറ്റും “വ്യസന ങ്ങളുടെ മനുഷ്യൻ” (a man of sorrows) ദുഃഖങ്ങളുടെ മനുഷ്യൻ എന്നാണ്. എല്ലാ മനുഷ്യരും ജീവിതകാലത്തു കുറെ ദുഃഖങ്ങൾ അനുഭ വിച്ചെന്നുവരും. ചിലർ വളരെയേറെ ദുഃഖങ്ങൾ അനുഭവിക്കേണ്ടതായി വരും. രക്തം പുരണ്ട യൗസേഫിന്റെ അങ്കി, യാക്കോബിന്റെ അടുത്തു കൊണ്ടു വന്നപ്പോൾ അവൻ വ്യസനം നിറഞ്ഞവനായി വസ്ത്രം കീറി, രട്ടുടുത്ത് അനേക ദിവസം വിലപിച്ചുകൊണ്ടിരുന്നു. അവൻ ആശ്വാസം നിരസിച്ചു. ഉല്പ.31:34-35, ബേത്ത്ശേബയിൽ തനിക്കുണ്ടായ കുഞ്ഞിനെ കർത്താവു രോഗത്താൽ ബാധിച്ചപ്പോൾ ദാവീദു ഉപവസിച്ചു. നിലത്തു കിടന്നു. എഴുന്നേല്ക്കയോ ഭക്ഷിക്കയോ ചെയ്തില്ല. 2ശാമു. 12:15-16 വേറൊരിക്കൽ അബ്ശാലോമിന്റെ മുൻപിൽ നിന്നു ഓടിപ്പോകുമ്പോൾ തലമൂടിയും, ചെരിപ്പിടാതെയും നടന്നു, കരഞ്ഞുകൊണ്ട് ഒലിവ് മല യുടെ കയറ്റം കയറി. 2 ശമു 15:30 യെഹൂദന്മാരെ കൊന്നുമൂടിപ്പാനും, കൊള്ളയിടാനും നശിപ്പിപ്പാനുമുള്ള ഹാമാന്റെ രാജകീയവിളംബരം കേട്ട പ്പോൾ മോർദ്ദേഖായി വസ്ത്രം കീറി, രട്ടും വെണ്ണീറും ഉടുത്തുപട്ടണമ ദ്ധ്യത്തിൽ ചെന്ന് അത്യുച്ചത്തിൽ കരഞ്ഞു. എസ്ഥേ 4:1 തനിക്കുള്ളതെല്ലാം നശിച്ചതുകൂടാതെ സകലമക്കളും കൂടെ മരിച്ചപ്പോൾ, ഈയ്യോബ് എഴു ന്നേറ്റു വസ്ത്രം കീറി, തലവടിച്ചു നിലത്തുവീണു. ‘ഞാൻ എന്റെ അമ്മ യുടെ ഉദരത്തിൽ നിന്നു നഗ്നനായിവന്നു. നഗ്നനായിത്തന്നെ മടങ്ങിപോ കും. യഹോവ തന്നു, യഹോവ എടുത്തു അവന്റെ നാമം വാഴ്ത്തപ്പെടു മാറാകട്ടെ’ എന്നുപറഞ്ഞ് നമസ്കരിച്ചു. ഈയ്യോ 1:20-21.

ഇവർക്കെല്ലാം അളവില്ലാത്ത ദുഃഖമുണ്ടായി എങ്കിലും അവരാരും തന്നെ ദുഃഖങ്ങളുടെ പുരുഷന്മാരായിരുന്നില്ല സകല മനുഷ്യരുടെയും ദുഃഖം സഹിക്കാൻ ഒരുവൻ മാത്രമെ ഭൂമിയിൽ ജനിച്ചിട്ടുള്ളൂ അവൻ സകല മനുഷ്യരുടെയും ദുഃഖം വഹിച്ചതിനാൽ ദുഃഖങ്ങളുടെ മനുഷ്യനായി തീർന്നു. ഭൂമിയിലെ ജനനം മുതൽ മരണം വരെയും അവൻ വ്യസനവും

ദുഃഖവും നിറഞ്ഞവനായി തീർന്നു. “കഷ്ടവും വേദനയും വർദ്ധിപ്പിക്കുന്നത്” പാപഫലമായി ഉണ്ടായ ശാപത്തിൽപെട്ടതാണ് ഉല്പ 3:16 നമ്മുടെ പാപങ്ങളെയും ശാപങ്ങളെയും ചുമന്നൊഴിപ്പാൻ വന്ന മശിഹാ സകല മനുഷ്യരും സഹിക്കേണ്ടിയിരുന്ന മുഴുകഷ്ടവും സങ്കടവും സഹിക്കേണ്ടതായിവന്നു. സകലരുടെയും ദുഃഖം അവന്റെ മേൽ വീണു.

**യേശുവിന്റെ പ്രകൃതിയിൽ താൻ വ്യസനമുള്ളവനല്ല**

ഈ അഖിലാണ്ഡത്തിലുള്ള സകല സമാധാനസന്തോഷങ്ങൾക്കും കാരണം കർത്താവാണ് ഏറ്റവും സന്തോഷവാൻ ദൈവമത്രേ. സകലസന്തോഷത്തിന്റെയും ഉറവിടം അവനാണ്. “നിന്റെ സന്നിധിയിൽ സന്തോഷത്തിന്റെ പരിപൂർണ്ണതയും നിന്റെ വലതുഭാഗത്തു എന്നും പ്രമോദങ്ങളും ഉണ്ട്” എന്നെഴുതിയിരിക്കുന്ന സങ്കീ 16:11 എല്ലാ നല്ല ദാനവും വെളിച്ചങ്ങളുടെ പിതാവായ ദൈവത്തിങ്കൽ നിന്നത്രെ വരുന്നത്. യാക്കോ 1:17 അവനെ കൂടാത ഒരു സന്തോഷവും ഇല്ല.

അവൻ സകലസന്തോഷത്തിന്റെയും വിളനിലമാണ്. അത്രമാത്രം സന്തോഷ പൂർണ്ണനായവൻ നമ്മുടെ പാപങ്ങളും ശാപങ്ങളും നിമിത്തം ദുഃഖങ്ങളുടെ മനുഷ്യനായിരീർന്നു.

**ജനത്തോടുള്ള സഹാനുഭൂതി നിമിത്തം അവൻ സങ്കടമനുഭവിച്ചു**

മറ്റുള്ളവരോടുള്ള സ്നേഹവും കരുണയും നിമിത്തം അവരുടെ ദുഃഖങ്ങൾ അവന്റെ ദുഃഖമായി. നയീൻ പട്ടണ വാതൽക്കൽ വെച്ച് ആരും തന്നോട് യാതൊന്നും അപേക്ഷിച്ചില്ല. വിധവയുടെ ഏകമകന്റെ ശവസംസ്കാരയാത്ര കണ്ടപ്പോൾ അവന്റെ ഹൃദയത്തിൽ ആ വിധവയുടെ വേദന അനുഭവപ്പെട്ടു. സഹിക്കാനാവാത്ത ആ ദുഃഖം തന്റെ ഹൃദയത്തെയും ബാധിച്ചതിനാൽ താൻ അവനെ ഉയർപ്പിച്ചു വിധവയ്ക്കു കൊടുത്തു. ലൂക്കോ 7:11-15 അവനു മറ്റുള്ളവരോടുള്ള സഹാനുഭൂതി അത്രമാത്രം ശക്തമത്രെ.

മനുഷ്യർക്കാർക്കുംമില്ലാത്ത സഹതാപം അവനുണ്ടായിരുന്നു. അവൻ പട്ടണം തോറും ഗ്രാമംതോറും സഞ്ചരിച്ചു അവരുടെ പള്ളികളിൽ ഉപദേശിച്ച് രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും സകലവിധ ദീനവും വ്യാധിയും സൗഖ്യമാക്കുകയും ചെയ്തു. മത്താ. 9:35.

വിശക്കുന്നവരായി വീട്ടിലേക്ക് പുരുഷാരത്തെ അയപ്പാൻ തനിക്കു മനസ്സില്ലായ്കയാൽ അത്ഭുതം പ്രവർത്തിച്ച് ആഹാരം ഉണ്ടാക്കികൊടുത്തു. എന്നാൽ സ്വന്ത ക്ലേശങ്ങൾ കുറപ്പാൻ അവൻ ഒരിക്കൽപോലും ഒരത്ഭുതവും പ്രവർത്തിച്ചില്ല. അപ്രകാരമുള്ള സഹാനുഭൂതിയത്രെ അവനിലുണ്ടായിരുന്നത്.

## അവൻ യെരുശലേം പട്ടണത്തെ കണ്ട് അതിനെ കുറിച്ചു കരഞ്ഞു

കഴുതക്കുട്ടിപ്പുറത്തു നഗരപ്രവേശം നടത്തിയപ്പോൾ, അതിനെ കണ്ടു അതിനെ കുറിച്ചു കരഞ്ഞു. ഈ നാളിൽ നിന്റെ സമാധാനത്തിനുള്ളതു നീയും അറിഞ്ഞു എങ്കിൽ കൊള്ളായിരുന്നു. ഇപ്പോഴോ അതു നിന്റെ കണ്ണിനു മറഞ്ഞിരിക്കുന്നു. ലൂക്കോ 19:41-42. ആ പട്ടണത്തെ നോക്കിയപ്പോൾ അതിനു വരാൻ പോകുന്നനാശമാണ് അവൻ കണ്ടത്. ദുഃഖം സഹിക്കാനാവാതെ അവൻ കരഞ്ഞുപോയി. മൂലഭാഷയിൽ ഏങ്ങലടിച്ചു കരയുന്ന വിധത്തിലാണ് വാചക മെഴുതിയിരിക്കുന്നത്. വാസ്തവത്തിൽ അവൻ ഏങ്ങലടിച്ചു അതിദുഃഖത്തോടെ കരഞ്ഞു. തന്നെ അവർ തള്ളികളയുന്നതിൽ കോപമല്ല ഉണ്ടായത്, പിന്നെയോ, അതിനാൽ അവർക്കു വരാൻ പോകുന്ന ഭയങ്കരനാശത്തെ കണ്ടു സങ്കടപ്പെട്ടു കരയുകയാണ് ചെയ്തത്.

**ലാസറിന്റെ കുഴിമാടത്തിങ്കൽ കർത്താവു കരഞ്ഞു.**

മറിയ കരയുന്നതു കണ്ടു അവൻ ഉള്ളം നൊന്തു കലങ്ങി യോഹ 11: 33,38 മറിയയുടെയും കൂടെയുള്ളവരുടെയും കരച്ചിൽ അവന്റെ ഹൃദയത്തെ നൊമ്പരപ്പെടുത്തി. മറ്റുള്ളവരുടെ വേദനകൾ അവൻ തന്റേതായി ഏറ്റെടുത്തു. അടിച്ചുപൊട്ടിക്കപ്പെട്ട തോളിൽ കുരിശെടുത്തുകൊണ്ടു പോകുന്ന അതിവേദനയിലും അവന്റെ പിന്നാലെ അവനെ ചൊല്ലിവിലപിച്ചു അലമുറയിടുന്ന സ്ത്രീകളെ തിരിഞ്ഞുനോക്കി "യെരുശലേംപുത്രിമാരേ എന്നെചൊല്ലി കരയേണ്ട; നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവീൻ" ലൂക്കോ 23:27-28 എന്നു പറഞ്ഞു അതിവേദനസഹിച്ചു നടക്കാൻ വയ്യാതെ നടക്കുന്ന വേളയിലും അവന്റെ ശ്രദ്ധ തന്റെ അതിവേദനയിലല്ലായിരുന്നു. പിന്നയോ, മറ്റുള്ളവർക്കു വരാൻ പോകുന്ന നാശത്തിലായിരുന്നു എന്തൊരു സഹതാപം, എന്തൊരു കരുണ. 'കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കും പോലെ തന്റെ ചിറകിൻ കീഴിൽ അവരെ ചേർപ്പാൻ അവൻ ആഗ്രഹിച്ചു എന്നാൽ അവർക്കോ മനസ്സായില്ല. ലൂക്കോ 13:34 ഈ സഹതാപപ്രകൃതിയാൽ താൻ വളരെയധികം ദുഃഖമനുഭവിക്കേണ്ടിവന്നു. ചുറ്റുപാടുകളിൽ ദോഷവലയത്തിൽപ്പെട്ടിരിക്കുന്ന ഓരോ ദേഹിയുടേയും ശോകം തന്റെ പ്രാണനിൽ താൻ അനുഭവിച്ചു. അവരുടെ ദുഃഖം തന്റെ ദുഃഖമായിരുന്നു.

**കെട്ടിച്ചമച്ചുണ്ടാക്കിയ വ്യാജാരോപണങ്ങൾ തന്നെ ദുഃഖിപ്പിച്ചു.**

അവൻ രോഗികളെ സൗഖ്യമാക്കിയപ്പോൾ അതു ശബ്ബത്തുലംഘനമായിരുന്നു എന്നു പറഞ്ഞ് അവർ കുറ്റപ്പെടുത്തി. അവനെ കുറ്റപ്പെടുത്തുവാൻ അവസരം നോക്കി അവർ കാത്തിരുന്നു. അവരുടെ ന്യായമില്ലാത്ത

വിമർശനം അവനെ ദുഃഖിപ്പിച്ചു. മർക്കോ.3:2, ലൂക്കോ 13:11-15 ദൈവിക അധികാരത്തിൽ സംസാരിച്ചപ്പോഴൊക്കെയും ദൂഷണം പറയുന്നു എന്ന് അവർ കുറ്റപ്പെടുത്തി. യോഹ. 10:30-33. കഴുകാത്ത കൈകൊണ്ടു ഭക്ഷിച്ച് അവരുടെ പാരമ്പര്യത്തെ അവൻ ലംഘിക്കുന്നു എന്നു കുറ്റപ്പെടുത്തി. ശാസ്ത്രിമാരും പരീശന്മാരും അവന്റെ വായിൽനിന്നു വല്ലതും പിടിക്കാമോ എന്നു വെച്ച് അവനായി പതിയിരുന്നുംകൊണ്ട് പലതിനെയും കുറിച്ച് കുടുക്കു ചോദ്യം ചോദിച്ചതു അവനെ ദുഃഖിപ്പിച്ചു. ലൂക്കോ, 11:53-54. അവനെ കുടുക്കിലാക്കുന്നതിനു അവർ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. മത്താ 22:23-33. അവരുടെ അവിശ്വാസവും ഹൃദയകാഠിന്യവും അവനെ ദുഃഖിപ്പിച്ചു. മത്താ 13:58. മക്കോ.3:5 അവർ അവനെ പരീക്ഷിച്ചുകൊണ്ടിരുന്നു. എതിരായി ഗൂഢാലോചന നടത്തി, കുടുക്കുവെച്ചു. ചെയ്ത എല്ലാ അത്ഭുതങ്ങളും കണ്ട ശേഷം പിന്നെയും ആകാശത്തു നിന്ന് ഒരടയാളം ചോദിച്ചു. മക്കോ 6:11-12.

**താൻ സഹിക്കാൻ പോകുന്ന കഷ്ടങ്ങളെ കുറിച്ച് അറിയാമായിരുന്നതിനാൽ അതു തന്നെ ദു:ഖിപ്പിച്ചു.**

അവന്റെ ജീവിതം കഷ്ടത നിറഞ്ഞതായിരുന്നു. കുറുനരികൾക്കു കുഴിയും ആകാശത്തിലെ പറവകൾക്കു കൂടും ഉണ്ട്. മനുഷ്യപുത്രനോ തലചായ്ക്കാൻ സ്ഥലമില്ലായിരുന്നു. ലൂക്കോ 9:58. തലക്കരം കൊടുപ്പാനുള്ള പണം പോലും അവനില്ലായിരുന്നു. വളരെ വിശപ്പും ദാഹവും സഹിച്ചാണ് അവൻ ജീവിച്ചത്. വിശന്നിട്ട് വഴിയരികെ നിൽക്കുന്ന അത്തിവൃക്ഷത്തിൽ അവൻ ഫലം അന്വേഷിക്കയുണ്ടായി. ശമര്യ കിണറ്ററികിൽ ദാഹിച്ചിരിക്കേണ്ടി വന്നിട്ടുണ്ട്. സകലരാലും ഉപേക്ഷിക്കപ്പെട്ടവനെപ്പോലെ അവൻ കാണപ്പെട്ടു. താൻ സഹിച്ചുകൊണ്ടിരുന്ന കഷ്ടങ്ങളെ കുറയ്ക്കുന്നതിനുള്ള യാതൊരു അത്ഭുതവും ചെയ്കയില്ല എന്ന ഉറച്ചതത്വത്തിൽ അവൻ പതറാതെ നിന്നു. അവൻ സഹിച്ച വേദനകളെ ഒരിക്കൽ പോലും ദിവ്യശക്തിയുപയോഗിച്ച് കുറയുമാറാക്കിയില്ല. ഒരു ബലഹീന മനുഷ്യ ശരീരത്തിൽ സകല വേദനകളും സഹിക്കയും അവയെ ദിവ്യശക്തി കൊണ്ട് തടയാതിരിക്കയും ചെയ്തു. എന്തൊരു നിബന്ധന? എന്തൊരു തത്വം?

തന്റെ ശിഷ്യന്മാരിൽ ഒരുത്തൻ തന്നെ ഒറ്റികൊടുക്കുമെന്നും, മറ്റൊരുവൻ തന്നെ തള്ളി പറയുമെന്നും താൻ അറിഞ്ഞിരുന്നു. സംഭവിക്കാൻ പോകുന്നതെല്ലാം നന്നായി അറിഞ്ഞിരുന്നു. മത്താ 20:18-19 താൻ കുടിക്കാൻ പോകുന്ന പാനപാത്രത്തെകുറിച്ചും, സഹിക്കാൻ പോകുന്ന രക്തസ്നാനത്തെകുറിച്ചും അറിഞ്ഞിരുന്നു. മത്താ 20:22, ലൂക്കോ 12:50 “അതു കഴിയുവോളം ഞാൻ എത്ര ഞെരുങ്ങുന്നു” എന്നു പറഞ്ഞു അവസാന

മണിക്കൂറുകൾ അടുത്തപ്പോൾ “ഇപ്പോൾ എന്റെ ഉള്ളം കലങ്ങിയിരിക്കുന്നു. ഞാൻ എന്തു പറയേണ്ടു പിതാവേ ഈ നാഴികയിൽ നിന്നു എന്നെ രക്ഷിക്കേണമേ” എന്നു പ്രാർത്ഥിച്ചു. യോഹ. 12:27. അങ്ങനെ തന്റെ ഈ ലോകവാസം മുഴുവനും കുരിശിന്റെ കറുത്തനിഴൽ കണ്ടുകൊണ്ടത്രെ കഴിഞ്ഞത്. തന്റെ ജനത്തിന്റെ ദുഃഖങ്ങൾ നീക്കി സന്തോഷം ഉള്ളവരാക്കുവാൻ സകലരുടെയും ദുഃഖം അവൻ തന്റെ മേൽ എടുത്തു.

**ഒടുവിലായി സഹിച്ച കഷ്ടാനുഭവങ്ങൾ:**

ഒടുവിലായി സഹിച്ച കഷ്ടാനുഭവങ്ങൾ അവന്റെ സകല കഷ്ടങ്ങളുടെയും മകുടം ചാർത്തലായിരുന്നു. അവൻ അതികഠിന കഷ്ടം സഹിച്ചാൽ മാത്രം പോരായിരുന്നു, സകലതും ദൈവിക അനുസരണത്തിലും തത്വത്തിലും കാവൽ ചെയ്യണമായിരുന്നു. യാതൊരു അന്യായങ്ങളിലും ക്രൂരതകളിലും ഉള്ളിൽ പോലും കോപമോ മത്സരമോ, ശാഠ്യമോ ഉണ്ടാകുവാൻ പാടില്ലായിരുന്നു. വേദനസഹിച്ചതു കൊണ്ടുമാത്രം വീണ്ടെടുപ്പു നടക്കയില്ലായിരുന്നു. യാതൊരു എതിർപ്പോ, മത്സരമോ, ചോദ്യമോ, കൈപ്പോ കൂടാതെ സകല വേദനകളും സഹിക്കണമായിരുന്നു. പിതാവിന്റെ സ്നേഹത്തെ ഒരു സമയവും സംശയിപ്പാൻ പാടില്ലായിരുന്നു. മറ്റുള്ളവരുടെ വിരോധങ്ങളിൽ പരിഭവം തോന്നാൻ പാടില്ലായിരുന്നു. പീഡിപ്പിച്ചവരോട് കോപം തോന്നാൻ പാടില്ലായിരുന്നു. തന്നെ തല്ലുകയും തുപ്പുകയും, മുൾമുടിതലയിൽ അമർത്തിവെച്ചിട്ട് മുൾമുടിമേൽ അടിക്കയും, പുറംതല്ലിപൊട്ടിക്കയും, കൈ കാൽകളിൽ ആണി തറയ്ക്കയും കുരിശോടു കൂടി എടുത്ത് നാളത്തിലേക്ക് ഇടുകയും ചെയ്തപ്പോഴെല്ലാം അവരോട് ക്ഷമിപ്പാനും, സ്നേഹത്തോടെ അവർക്കു വേണ്ടി പ്രാർത്ഥിപ്പാനും പിതാവിനോട് കീഴ്വഴക്ക ബഹുമാനങ്ങളോടെയിരിപ്പാനും താൻ കടപ്പെട്ടവനായിരുന്നു. അങ്ങനെ മാനവജാതിയുടെ സകല സങ്കടങ്ങളും അവൻ അനന്തക്ഷമയോടും സ്നേഹത്തോടു സന്തോഷത്തോടും കൂടെ സഹിച്ചു. അവനെപ്പോലെ വേറൊരു യുദ്ധവീരൻ ആരുള്ളൂ? അവനു തുല്യനായി ഭൂലോകങ്ങളിൽ മറ്റാരും ഉണ്ടായിട്ടില്ല. കുഞ്ഞാടാം ദൈവത്തിനു ഇന്നും എന്നേക്കും മഹത്വം.

പ്രാർത്ഥന: കർത്താവേ നീ എനിക്കുവേണ്ടി സഹിച്ച എല്ലാ ദുഃഖങ്ങൾക്കായും സ്തോത്രം ചെയ്യുന്നു. നീ എനിക്കുവേണ്ടി ദുഃഖങ്ങളുടെ മനുഷ്യനായി തീർന്നു. നീ എന്റെ സകല സങ്കടങ്ങളെയും നിന്റെ മേൽ എടത്തു ചുമന്നൊഴിച്ചു ഞാൻ നിന്റെ മുമ്പിൽ കുമ്പിട്ടു വണങ്ങുന്നു. ആരാധിക്കുന്നു. എന്റെ ജീവിതം നിനക്കുമഹത്വകരവും പ്രസാദകരവും സന്തോഷകരവുമാകുവാൻ സഹായിക്കേണമേ. യേശുവന്റെ നാമത്തിൽ തന്നേ ആമേൻ.

# അദ്ധ്യായം ഏഴ്

## എല്ലാവരുടെയും പാപഭാരം ചുമത്തപ്പെട്ട മശിഹാ

യെശ 53:6 .........“എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി”. 53:11..... അവരുടെ അകൃത്യങ്ങളെ അവൻ വഹിക്കും”.

**പാപത്തിന്റെ നിയമം:**

പാപത്തിന്റെ ശമ്പളം മരണമത്രെ. പാപം ചെയ്തവനെയോ അല്ലെങ്കിൽ പകരമായി ഇടനിൽക്കുന്നവനെയോ ശിക്ഷിക്കണം. പാപത്തിന്റെ ശിക്ഷ ആരെങ്കിലും വഹിച്ചേ മതിയാവൂ. പാപം ചെയ്താൽ അതുവെറുതെ ക്ഷമിക്കപ്പെടുകയില്ല. ക്ഷമ ചോദിച്ചതുകൊണ്ടോ, മറ്റ് ഉപശാന്തികൾ ചെയ്തതുകൊണ്ടോ മതിയാകയില്ല. രക്ത ചൊരിച്ചിലിൽ കുറഞ്ഞയാതൊരു ഉപശാന്തിയും സ്വീകാര്യമല്ല. “രക്ത ചൊരിച്ചിൽ കൂടാതെ വിമോചനം ഇല്ല”. എബ്രാ 9:22.

മരണ ശിക്ഷയിൽ നിന്നു പാപിയെ രക്ഷിക്കേണമെങ്കിൽ, പകരമായ വേറൊരു രക്തം ചിന്തേണം. ആകയാൽ കുഞ്ഞാടുകളെ യാഗമായി അർപ്പിച്ചുപോന്നു. “ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടി”നെകുറിച്ച് വെളി 13:8ൽ നാം വായിക്കുന്നു. ലോകസ്ഥാപനം എന്നു പറയുന്നത് മനുഷ്യ ചരിത്രത്തിന്റെ ആരംഭമാണ്. അന്നു മുതൽ പാപികൾക്കുവേണ്ടി കുഞ്ഞാടുകൾ അറുക്കപ്പെട്ടുകൊണ്ടിരുന്നു എന്നാണ് ഈ വാക്യം പറയുന്നത്. കുഞ്ഞാടിനെ യാഗം കഴിച്ചു ദൈവത്തോടു ഉടമ്പടി ചെയ്ത എല്ലാവരുടെയും പേരുകൾ കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നു എന്നു നമുക്ക് മനസ്സിലാക്കാം. പാപിക്കുവേണ്ടി ഒരു കുഞ്ഞാടു പാപത്തെ വഹിച്ച് കൊണ്ട് ഇടനിന്ന് കൊല്ലപ്പെടുന്നു. അങ്ങനെ പാപി വിടുവിക്കപ്പെട്ടു രക്ഷപ്രാപിക്കുന്നു. യിസഹാക്കിന്റെ സ്ഥാനത്തു കൊല്ലപ്പെട്ട ആട്ടുകൊറ്റൻ അങ്ങനെയുള്ള ഒരു യാഗമായിരുന്നു. ഉല്പ 22:10-14 പെസഹാകുഞ്ഞാടും അങ്ങനെയുള്ള ഒരു യാഗമായിരുന്നു. കുടുംബത്തിലെ ആദ്യജാതിന്റെ സ്ഥാനത്തു ഒരു കുഞ്ഞാടുകൊല്ലപ്പെട്ടു. അതിന്റെ രക്തം കട്ടിളക്കാലിന്മേലും കുറമ്പടിമേലും തളിക്കുന്നു.

അങ്ങനെ ആദ്യജാതനുപകരം ഒരു കുഞ്ഞാടു കൊല്ലപ്പെട്ട് ആദ്യജാതനെ രക്ഷിക്കുന്നു.

ഒരു യാഗമൃഗത്തിന്മേൽ തന്റെ പാപങ്ങളെ ചുമത്തി യാഗം കഴിച്ച് പാപി രക്ഷപ്രാപിച്ചുകൊൾവാൻ ദൈവം കല്പിച്ചു. ഒരുവൻ പാപം ചെയ്താൽ

ഒരു യാഗമൃഗത്തിന്റെ തലമേൽ കൈവെച്ചിട്ട് അതിനെ കൊല്ലേണം. ലേവ്യ 4:27–29

**സഭ പാപം ചെയ്തുപോയാൽ**

ഒരു കാളകിടാവിനെ കൊണ്ടുവന്നിട്ട് “സഭയുടെ മൂപ്പന്മാർ യഹോവ യുടെ സന്നിധിയിൽ കാളയുടെ തലയിൽ കൈ വെയ്ക്കേണം. യഹോ വയുടെ സന്നിധിയിൽ കാളയെ അറുക്കയും വേണം”. ലേവ്യ 4:13–15

മഹാപാപപരിഹാരദിനം “..........................കോലാട്ടുകൊറ്റന്റെ തലയിൽ അഹറോൻ കൈ രണ്ടും വെച്ചു യിസ്രയേൽ മക്കളുടെ എല്ലാകുറ്റങ്ങളും സകലപാപങ്ങളുമായ ലംഘനങ്ങളൊക്കെയും ഏറ്റുപറഞ്ഞു കോലാട്ടു കൊറ്റന്റെ തലയിൽ ചുമത്തി നിയമിക്കപ്പെട്ട ഒരു ആളുടെ കൈവശം അതിനെ മരുഭൂമിയിലേക്കു അയക്കണം. കോലാട്ടുകൊറ്റൻ അവരുടെ കുറ്റങ്ങളെ ഒക്കെയും ശൂന്യപ്രദേശത്തേക്കു ചുമന്നുകൊണ്ടുപോകണം. ലേവ്യ 16:21–22.

അങ്ങനെപാപത്തെ ഒരു പാപവാഹകന്റെ മേൽ ചുമത്തി പാപിയെ വിടുവിക്കയും, പാപവാഹകനെ കൊന്നുയാഗമാക്കുകയോ, മരുഭൂമിയിൽ നിർജ്ജന സ്ഥലത്തേക്ക് അയക്കയോ ചെയ്യുന്നു. ഈ യാഗങ്ങളെല്ലാം, പാപത്തെ ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ യഥാർത്ഥ കുഞ്ഞാടു വരു ന്നതു വരത്തേക്കും അവരിലുള്ള വിശ്വാസത്തെ ഏറ്റുപറയുന്ന നിഴൽനാ ടകങ്ങൾ മാത്രമായിരുന്നു എന്നാൽ ഇപ്പോൾ പാപത്തെ ചുമന്നൊഴി ക്കുന്ന യഥാർത്ഥ ദൈവത്തിന്റെ കുഞ്ഞാടു വന്നിരിക്കയാൽ അവന്റെ തലമേൽ സകല മനുഷ്യരുടെയും പാപങ്ങൾ ചുമത്തേണ്ടിയിരുന്നു. അങ്ങനെ ദൈവ പുത്രന്റെമേൽ ലോകത്തിന്റെ സകലപാപങ്ങളെയും ചുമത്തി. ഗെതസമനയിൽ വെച്ച് സകല മനുഷ്യരുടെയും പാപത്തിന്റെ കണക്കും ഭാരവും പുത്രന്റെമേൽ പിതാവുചുമത്തി. ആദാം മുതലുള്ള സകലപാപങ്ങളും കുന്നുകൂടി കിടക്കുകയായിരുന്നു. വരുവാനുള്ള തല മുറകളിലെ പാപങ്ങളുടെ വേലിയേറ്റവും കണക്കിൽപെടുത്തിയിരുന്നു. അങ്ങനെ മനുഷ്യജാതിയുടെ കഴിഞ്ഞുപോയതും വരുവാനുള്ളതുമായ സകലപാപങ്ങളുടെയും ഉത്തരവാദിത്വം ദൈവപുത്രന്റെ മേൽവന്നു.

കാളകൾക്കും ആട്ടുകൊറ്റന്മാർക്കും മനുഷ്യരുടെ പാപങ്ങളെ നീക്കു വാൻ കഴിഞ്ഞിരുന്നില്ല. എബ്രാ 10:3–4 വരുവാനുള്ള മശിഹായിൽ വിശ്വ സിച്ച് പാപങ്ങളെ ഏറ്റുപറയുന്നതിന് താല്ക്കാലികമായി നിയമിച്ചിരുന്ന ഒരുവഴി മാത്രമായിരുന്നു അത്. ഇപ്പോൾ ദൈവത്തിന്റെ കുഞ്ഞാടായ യഥാർത്ഥ പാപവാഹകന്റെമേൽ സകലവിധ പാപങ്ങളും ചുമത്തപ്പെട്ടു. ഗതസമനയിലെ കഠിനവ്യഥസമയത്തു അറപ്പും വെറുപ്പും തോന്നിക്കുന്ന

ഹീനവും മ്ലേഛവുമായ സകല വിധപാപങ്ങളും അവന്റെമേൽ ചുമത്തപ്പെടുവാൻ തുടങ്ങി. ചീഞ്ഞുനാറുന്ന പാപമ്ലേഛതകൾ അതിപരിശുദ്ധനായ ദേവപുത്രനെ വന്ന് പുതപ്പുകൊണ്ട് എന്നപോലെ പൊതുഞ്ഞു. പാപചെളികുണ്ടിൽ വീണിട്ട് ഞെട്ടി അന്ധാളിച്ചു പോകുന്നതുപോലെയായി. പാപം അറിഞ്ഞിട്ടില്ലാത്ത ദൈവ പുത്രൻ ചിന്താതീതമായ പാപങ്ങളുടെ ഉത്തരവാദിയായി കാണപ്പെട്ടു ഭൂമിയിലെ എല്ലാപാപികളെക്കാളും കൂടുതൽ അതിഭയങ്കര ഉഗ്രപാപിയായി ദൈവ പുത്രനെ സ്വർഗ്ഗീയകോടതി കണക്കിട്ടു. അങ്ങനെ ഗതസമനയിൽവെച്ച് പാപിക്കു പകരം പരിശുദ്ധനായവൻ സ്വർഗ്ഗീയ കോടതിയുടെ മുമ്പിൽ നിന്നപ്പോൾ സകല പാപികളുടെയും കറപുരണ്ടവസ്ത്രം അവൻ ധരിച്ചു. ആ സമയം കോടതി അവനെ കണ്ടത്, ഉഗ്രകുലപാതകനും, മോഷ്ടാവും, വ്യഭിചാരിയും, സ്വയഭോഗിയും, മത്സരിയും അനുസരണം കെട്ടവനും, സ്വാർത്ഥനും, ദൈവദൂഷകനും, ബിംബാരാധിയും, ചതിയനും, ഒറ്റികൊടുക്കുന്നവനും, നിഗളിയും, ക്രൂരനും, ധൂർത്തനും, മദ്യപാനിയും, പകയനും, ദുശാഠ്യനും, അസൂയക്കാരനും, മ്ലേഛനും, അശുദ്ധനും വാവിഷ്ടാണക്കാരനും അയിട്ടത്രെ. നീതിക്കൊത്ത തക്ക ശിക്ഷ നൽകി പരിഹാരമുണ്ടാക്കാൻ വിധിച്ചിട്ടു "പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതിയാകേണ്ടതിനു അവൻ നമുക്കുവേണ്ടി പാപം ആക്കി 2 കൊരി 5:21.

**പ്രാർത്ഥന:**

പരിശുദ്ധ കർത്താവേ, നിന്റെ തലമേൽ എന്റെ നീചപാപങ്ങളെ ഏറ്റെടുത്തു ചുമത്തൊഴിച്ചതിനായി സ്തോത്രം എന്റെ പാപക്കറപുരണ്ട ജീവിത വസ്ത്രത്തെ നീ ഉടുത്തുകൊണ്ട് നിന്റെ വിശുദ്ധ ജീവിത വസ്ത്രം എനിക്കു തന്നതിനായി സ്തോത്രം. എനിക്കു പകരം നിന്നെ 'മഹാപാപി' എന്നു വിധിച്ചിട്ട് എന്റെ മേലുണ്ടായിരുന്ന ന്യായവിധിയെ നീക്കിയതിനായി സ്തോത്രം. നിന്റെ പാദസേവയ്ക്കായി ഞാൻ എന്നെ സമർപ്പിക്കുന്നു. എന്റെ മുഴുഭാവിയെയും നിന്റെ മഹത്വത്തിനായി ഉപയോഗിപ്പാൻ സഹായിക്കേണമേ. തിരുനാമത്തിൽ പ്രാർത്ഥിക്കുന്നു. ആമേൻ

# അദ്ധ്യായം എട്ട്

## പാപവാഹകന്റെമേൽവീണ ന്യായവിധി

യെശ 53:10 "എന്നാൽ അവനെ തകർത്തുകളവാൻ യഹോവക്ക് ഇഷ്ടം തോന്നി. അവൻ അവനു കഷ്ടം വരുത്തി. അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായിതീർന്നു...."

ആ കാളരാത്രിയോടു പോരാടാനുള്ള ഒരുക്കത്തിനായി പ്രാർത്ഥിപ്പാൻ യേശു ഗെത്ത്ശമെനയിലേക്കു പോയി. അതു ഒരു സാധാരണ സമാധാനത്തിലുള്ള പ്രാർത്ഥന ആയിരുന്നില്ല. പിതാവിനോടുള്ള കൂട്ടായ്മയുടെ മാധൂര്യത്തിൽ ഹൃദയപകർച്ചയുടെ പ്രാർത്ഥനയുമായിരുന്നില്ല.

ലോകചരിത്രത്തിലേക്കും ഇരുട്ടേറിയ അന്ധകാര അർദ്ധരാത്രിയെ താൻ ഏകനായി നേരിടുവാൻ പോകയാണ്. സകല മനുഷ്യരുടെയും പാപം ചുമപ്പാൻ സന്നദ്ധനായി വന്നിരിക്കയാണ്. പെട്ടെന്ന് ഭീകരതയുടെ പെരുവെള്ളങ്ങൾ അവന്റെ പ്രാണനെതിരെ ഉയരുവാൻ തുടങ്ങി. മുകളിൽ നിന്നു ന്യായവിധിയുടെ ഓളങ്ങളും തിരമാലകളും അവന്റെ മേൽ കവിഞ്ഞൊഴുകുവാൻ തുടങ്ങി. ഒരു മനുഷ്യനും നേരിടുവാൻ കഴിയാത്ത ഉഗ്രക്രോധത്തിന് അവൻ ഇരയായി. അപ്പോൾ തന്നെ കീഴിൽ നിന്ന് ഇരുട്ടിന്റെ ആഴങ്ങൾ അവനെ വിഴുങ്ങുവാൻ വായ്പിളർന്നു. മരണഗർത്തം അവനെതിരെ ഒരുങ്ങി നിന്നു. മനുഷപാപങ്ങളുടെ ചെളിക്കുണ്ടിൽ അവൻ താണു. ഭയവും വിറയലും അവനെ പിടിച്ചു. അവൻ പരിഭ്രമത്തിലായി. അവൻ പ്രാണവേദനയിലായിട്ട് എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു എന്നു പറഞ്ഞു. താൻ വെറുക്കുന്ന സകല പാപങ്ങളാലും മൂടപ്പെട്ടു. ഒരു അതിഭയങ്കരസ്ഥാനത്തുനിന്നുകൊണ്ട് നമ്മുടെമേൽ എല്ലാം വരേണ്ട ഭീകരതകൾ സഹിച്ചു. പാപത്തിന്റെയും ഇരുട്ടിന്റെയും ശക്തികൾ അവനെ വിഷമിപ്പിച്ചു. ഏങ്ങലടിച്ചു നിലവിളിയോടെ പിതാവിന്റെ മുമ്പിൽ നിലത്തുകവിണ്ണുവീണു. ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിച്ചു. എബ്രാ 5:7 "പിതാവേ കഴിയും എങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീങ്ങിപോകേണമേ. എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടമാകട്ടെ എന്നു പ്രാർത്ഥിച്ചു. എങ്കിലും യാതൊരു ഇളവോ കരുണയോ അവന് ലഭിപ്പാൻ വഴി ഇല്ലായിരുന്നു. പിതാവിന്നു സംഭവഗതികളെ തിരിച്ചു വിടാനോ, പുത്രനെ വിടുവിക്കാനോ കഴിയാതെവന്നു. ഒന്നുകിൽ പുത്രൻ അല്ലെങ്കിൽ മാനവരാശി. പുത്രനെ വിടുവിച്ചാൽ മുഴുമാനവ ജാതിയും വീണ്ടെടുപ്പുകൂടാതെ നിത്യനാശത്തിലേക്കു പോകേണം. മനുഷ്യനെ രക്ഷിക്കണമെങ്കിൽ പുത്രൻ ആ കൈപ്പു നിറഞ്ഞ പാനപാത്രം മുഴുവൻ, മട്ടുവരെയും ഊറ്റിക്കുടിക്കേണം. രണ്ടിനും മദ്ധ്യത്തിൽ വേറൊരുവഴിയില്ല.

ആകയാൽ പാനപാത്രം നീക്കികളവാൻ സാദ്ധ്യമല്ലാതെ വന്നു. സർവ്വാശ്വാസങ്ങളുടെയും പിതാവ് തന്നോടു നിലവിളിക്കുന്ന തന്റെ ഓമനപുത്രനെ എങ്ങനെ വിടുവിക്കാതിരിക്കൂ? മാനവജാതിയോടുള്ള കരുണ പുത്രനോടുള്ള കരുണയെ തടഞ്ഞു. പിതാവു സഹിച്ച വേദനയുടെ ഒരംശം പോലും നാം ഈ ഭൂമിയിൽ വെച്ചു അറിയുകയില്ല. അത്ര ഭയാനകമായ വില പിതാവും പുത്രനും കൊടുത്താണ് മനുഷ്യ വീണ്ടെടുപ്പു സാധിച്ചത്. വലിയ ഭാരമുള്ള കല്ലുപോലെ മനുഷ്യപാപം അവനെ അമർത്തുവാൻ തുടങ്ങി. അവൻ പാപികളുടെ വസ്ത്രം ഉടുത്തുകൊണ്ട് സകലപാപികളുടെയും പ്രതിനിധിയായി, ഭൂമിയിൽ സകല പാപവും ചെയ്ത ഭയങ്കര പാപിയായി, ഉന്നത കോടതിയുടെ "കുറ്റക്കാരൻ" എന്നവിധിയുണ്ടായിട്ട് സകലപാപക്കടവും വീട്ടുവാൻ തുടങ്ങുകയാണ്. ആ അതി ഭയങ്കര നിർണ്ണയകരമായ സമയത്ത് വഹിപ്പാനാവാത്ത ഭാരചുമടിൽ രക്തം വിയർപ്പുതുള്ളികളായി ഒഴുകുവാൻ തുടങ്ങി. മുഴുകടവും വീട്ടി തീരുന്നതിനു മുമ്പെ അവന്റെ ശരീരബലം ക്ഷയിച്ച് ശുശ്രൂഷ പൂർത്തിയായില്ല എന്നു വരാതിരിപ്പാൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ വന്നു അവനെ തൊട്ടു ബലപ്പെടുത്തി. പെട്ടെന്നു വേദനയുള്ള മനസ്സ് ബലപ്പെട്ട് പിതാവിന്റെ ഇഷ്ടം ആ പാനപാത്രം കുടിക്കേണമെന്നുള്ളതാണെന്നു വ്യക്തമായതിനാൽ അതിനായി തന്നെത്തന്നെ കീഴ്പ്പെടുത്തി ഒരുക്കി. ഒരു മടിയും കൂടാതെ പാനപാത്രം കുടിപ്പാൻ ധൈര്യപ്പെട്ടു. ക്രൂശിലെ മരണവാതില്കൽ വെച്ചും പിതാവിന്റെ ഇഷ്ടം ചെയ്വാൻ ഏല്പിച്ചുകൊടുത്തതിനാൽ പിശാചിന്റെ തന്നിഷ്ടത്തെയും മത്സരത്തെയും ജയിച്ചു. ദൈവത്തിന്റെ അഭിഷിക്തൻ സ്വന്തസൗകര്യങ്ങൾക്കും വിടുതലിനുമായി സ്വന്ത ഇഷ്ടം പ്രവർത്തിക്കയില്ല. പിതാവു തരുന്നത് എത്ര കൈപ്പുള്ളതായാലും അതു മാത്രമെ സ്വീകരിക്കു. എന്തു പറയുന്നുവോ അതു മാത്രമെ ചെയ്യു. അങ്ങനെ പിശാചിന്റെ മത്സരത്തെയും ചതിവിനെയും ബലഹീന മൺ ശരീരത്തിൽ ഇരുന്നുകൊണ്ടുതന്നെ പുത്രൻ ജയിച്ചു. ശ്രദ്ധയേറിയ പ്രാർത്ഥനയാലും കീഴ്പ്പെടുന്നതിനാലും പുത്രൻ തന്റെ പ്രാണനെ ശാന്തമാക്കി.

ഇത്ര കഠിനമായ ഒരു കാര്യം ചെയ്വാൻ പിതാവ് ഒരിക്കലും മറ്റാരോടും പറഞ്ഞിട്ടില്ല. നോഹയോടു ഒരു പെട്ടകം പണിവാൻ പറഞ്ഞു. വളരെ പ്രായസമുള്ള ഒരു ജോലിയായിരുന്നു അത്. മോശയോടു ഫറവോനോടു പോയി സംസാരിപ്പാനും, യിസ്രായേൽ മക്കളെ വിടുവിക്കാനും പറഞ്ഞു. യിരെമ്യാവിനോടും യെഹസ്കിയേലിനോടും മത്സരഗൃഹമായ യിസ്രയേലിനോട് സംസാരിപ്പാൻ പറഞ്ഞു. യോനയോട് നിനെവയിൽ ചെന്നു പ്രസംഗിക്കാൻ പറഞ്ഞു. അബ്രഹാമിനോട് തന്റെ ഏകജാതനായ

മകനെ യാഗം കഴിപ്പാൻ പറഞ്ഞു. ഇവയെല്ലാം വളരെ പ്രയാസമുള്ള ജോലികളായിരുന്നു. എന്നാൽ അവയൊന്നും പുത്രന്റെമേൽ ചുമത്തിയതിന്റെ ഒരംശംപോലുമാകയില്ല. യേശു സഹിച്ചതു സഹിപ്പാൻ ഒരു മനുഷ്യനും സാദ്ധ്യമല്ല. ഇത്ര കൈപ്പേറിയ പാനപാത്രം ആരും കുടിച്ചിട്ടുമില്ല.

ഒരു മനുഷ്യരും ഇത്രയധികം എതിരുകളും പീഡകളും വേദനകളും അനീതികളും സന്തോഷത്തോടെ സഹിപ്പാൻ ആവശ്യപ്പെട്ടിട്ടില്ല. ഒരു മനുഷ്യനും അവനെപ്പോലെ തരം താഴ്ത്തപ്പെട്ടിട്ടില്ല. ഇത്രയധികം സ്വയ നിയന്ത്രണം ആരോടും ആവശ്യപ്പെട്ടിട്ടില്ല.

യേശു സകലതും പൂർണ്ണ താഴ്മയിലും സൗമ്യതയിലും ദൈവഭയത്തോടെ അനുസരിച്ചു. പിതാവിന്റെ ഇഷ്ടത്തിനു താഴ്മയോടെ കീഴ്പ്പെടുത്തി. സഹിച്ച യാതൊരു അനീതിയിലും കോപമോ പ്രതികാര ചിന്തകളോ അവനിലില്ലായിരുന്നു. സകലത്തിലും സ്നേഹവാനും പരിശുദ്ധനും നിർമ്മലനുമായി തന്നത്താൻ സൂക്ഷിച്ചു. ദൈവത്തിന്റെ ന്യായപ്രമാണം പൂർണ്ണമായി അനുസരിച്ചു നിവൃത്തിച്ചു.

ഒന്നിനു പുറകെ ഒന്നായി പാപഫലങ്ങൾ അവൻ കൊയ്യുവാൻ തുടങ്ങി. സ്വന്തശിഷ്യനായ യൂദാസ് അവനെ എതിരാളികൾക്ക് ഒറ്റിക്കൊടുത്തു. ഒരു പുരുഷാരം വാളും വടിയുമായി വന്നു കള്ളനെപ്പോലെ അവനെ പിടിച്ചുകെട്ടി. ഒരു വലിയ കുറ്റവാളിയെന്നവണ്ണം ന്യായാധിപസംഘത്തിന്റെ മുമ്പിൽ നിർത്തി. ദുർമ്മാർഗികളും അന്യായക്കാരും അന്തസത്തയില്ലാത്തവരുമായ ദുഷ്ടന്മാർ ന്യായാധിപന്മാരായി ഇരുന്നുകൊണ്ട് അവൻ വിസ്തരിക്കപ്പെട്ടു. വേറൊരു ശിഷ്യൻ തന്നെ തള്ളിപ്പറഞ്ഞു. ഇങ്ങനെ നിമിഷത്തിനു നിമിഷം തന്റെ കഷ്ടാനുഭവങ്ങളുടെ അനുഭവം കൂടിക്കൊണ്ടിരുന്നു.

ക്രൂശീകരണത്തിന്റെ തലേ രാത്രി കർത്താവു പറഞ്ഞു ഞാൻ നിങ്ങളോടു ഇനി അധികം സംസാരിക്കയില്ല. ഈ ലോകത്തിന്റെ പ്രഭു വരുന്നു. അവന് എന്നിൽ ഒരു കാര്യവുമില്ല എന്ന്: യോഹ 14:30.

അങ്ങനെ പിശാച് ഒടുവിലത്തെ വിധിനിർണ്ണായക അങ്കത്തിനായി സകല ഒരുക്കങ്ങളോടും കൂടെ രംഗത്തെത്തിയിരുന്നു. യേശുവിന്റെ ജനനത്തിങ്കൽ തന്നെ കൊല്ലുന്നതിനായി ഹേരോദേശിൽ കൂടി ശ്രമിച്ചു. മരുഭൂമിയിൽ നാൽപതു ദിവസത്തെ ഉപവാസത്തിനൊടുവിൽ അവനെ തോൽപ്പിക്കാൻ പരീക്ഷകൻ അടുത്തുവന്നു. കർത്താവു അവനെ തോൽപിച്ചതിനാൽ കുറെ കാലത്തേക്ക് അവനെ വിട്ടുമാറി. ലൂക്കോ: 4:13 പിന്നീടൊരിക്കൽ പത്രോസിൽ കൂടി അവനെ പരീക്ഷിച്ചു. 'കർത്താവേ

അതു അരുതേ, നിനക്ക് അങ്ങനെ ഭവിക്കരുതേ എന്നു ശാസിച്ചു തുടങ്ങി. മത്തായി 16:22 കുരിശിന്റെ പാതയിൽ കൂടിയല്ലാതെ തന്റെ ദിവ്യശക്തികളാൽ രാജ്യം സ്ഥാപിക്കാൻ കഴിയും എന്നത്രെ പത്രോസിൽ കൂടെ വാദിച്ചത്. വീണ്ടും സാത്താനെ കർത്താവ് ശാസിച്ചു. എന്നാൽ ഇപ്പോൾ ഒടുവിലത്തെ ദ്വന്ദയുദ്ധത്തിനായി പിശാച് എത്തിയിരിക്കയാണ്. അവൻ ശിഷ്യന്മാരിൽ യൂദാസിനെ തന്റെ കോർമ്പലേൽ കോർത്തുകഴിഞ്ഞു. പത്രോസിനെയും ചാക്കിലാക്കാൻ ക്രമീകരിച്ചിരിക്കയാണ്. ബാക്കി ശിഷ്യന്മാരെ ചിതറിച്ചിരിക്കുന്നു. യിസ്രായേലിന്റെ പ്രമാണികളെ അന്ധന്മാരാക്കിയിരിക്കുന്നു. യേശുവിനു എന്തെങ്കിലും ഒരു ചെറിയ തെറ്റുപറ്റിയാൽ താൻ തോറ്റുപോകും. മനുഷ്യരുടെ വീണ്ടെടുപ്പു ഒരിക്കലും നടക്കാതവണ്ണമാകുകയും ചെയ്യും. യേശുവിന് ഒരു കോപമോ, അവിശ്വാസമോ ഉണ്ടായാൽ മതി പൂർണ്ണമായും തോറ്റുപോകും. പിതാവിന്റെ സ്നേഹത്തെക്കുറിച്ചോ ഈ ശിക്ഷകൾ എല്ലാം അനുവദിച്ചതിന്റെ ജ്ഞാനത്തെക്കുറിച്ചോ ഉദ്ദേശത്തെക്കുറിച്ചോ എന്തെങ്കിലും സംശയിച്ചാൽ മതി താൻ തോറ്റുപോകും. തന്നെ അടിക്കുകയും തുപ്പുകയും മുൾമുടി വെച്ചടിക്കുകയും പരിഹസിക്കുകയും ചെയ്യുന്നവരോടും കോപം തോന്നാൻ തനിക്ക് അവകാശമില്ല. സ്നേഹിക്കാൻ മാത്രമെ അനുവാദമുള്ളു. കാരണം കൂടാതെ നിർദ്ദയം പീഡിപ്പിക്കുന്നവരെ പകയ്ക്കാതെ സ്നേഹിക്കുകയും ക്ഷമിക്കുകയും അനുഗ്രഹിക്കുകയും ചെയ്താൽ താൻ പൂർണ്ണമായും ജയിക്കും. പിശാചു എന്നന്നേക്കുമായി തോറ്റു പോകുകയും ചെയ്യും. എത്ര അന്യായമായ ക്രൂരതകൾ സഹിച്ചാലും യേശു തന്റെ ഹൃദയത്തെ പൂർണ്ണ മാധുര്യത്തിലും വിശുദ്ധിയിലും സ്നേഹത്തിലും കാത്തുകൊണ്ടു യാതൊന്നിലും ഇളകാതിരിക്കുകയും ചെയ്തെങ്കിലേ യുദ്ധത്തിൽ സാത്താനെ തോൽപിക്കാൻ സാധിക്കൂ. മത്സരത്തിന്റേയോ പ്രതികാരത്തിന്റേയോ യാതൊരു വിചാരവും ഹൃദയത്തിൽ വരാൻ പാടില്ല. തന്റെ യുദ്ധായുധങ്ങൾ, കോപം, ഭീഷണി, പോർവിളി, വാൾ, കുന്തം, വില്ല് മുതലായവ അല്ലായിരുന്നു. പിന്നെയോ സമാധാനം, സന്തോഷം, ക്ഷമ, സ്നേഹം, വിശ്വാസം, പ്രത്യാശ, സഹിഷ്ണത, സത്യം, നീതി, സ്വയനിയന്ത്രണം (ഇന്ദ്രിയജയം) മുതലായവ ആയിരുന്നു. സാത്താന് ഈ ആയുധങ്ങൾ ഒന്നുമില്ല. അവന്റെ കൈയിലുള്ളത് ചതിവ്, ഭീഷണി, വ്യാജം, ക്രൂരത, പീഡനം, വിമർശനം, കുറ്റംപറച്ചിൽ, ദൂഷണം, തേജോവധം, നിഗളം, അത്യാഗ്രഹം, വഴക്ക്, വൃഥാഭിമാനം, വ്യർത്ഥപ്രശംസ മുതലായവയത്രെ.

ദൈവപുത്രൻ ഒരു ബലഹീനമായ മൺശരീരം എടുത്ത് ഭൂമിയിലേക്കുവന്നതിനാൽ സാത്താന്റെ എല്ലാ ആയുധങ്ങൾക്കും തന്നെ ഉപദ്രവിപ്പാനും വേദനിപ്പിപ്പാനും കഴിയുമായിരുന്നു. ഏറ്റവും പ്രയാസമുള്ള ഒരി

ടത്താണ് കർത്താവ് വന്നത്. ഒരു മനുഷ്യനും ഇങ്ങനെയുള്ള യുദ്ധം ജയിപ്പാൻ സാദ്ധ്യമല്ല. മൺ ശരീരത്തിൽ വന്ന കർത്താവിനു വിശപ്പ്, ദാഹം, വേദന, ഉറക്കിളപ്പ്, ക്ഷീണം, തളർച്ച മുതലായവയെല്ലാം ബാധകമായിരുന്നു. അങ്ങനെ ശാരീരിക പീഡയാൽ അത്യുഗ്രവേദന ദീർഘസമയം പ്രയോഗിച്ചു. യേശുവിനെ തകർത്തു തോൽപ്പിക്കാം എന്നു പിശാചു തീരുമാനിച്ചു. എത്രയോ ബലശാലികൾ ശാരീരിക ക്ലേശത്തിനുമുമ്പിൽ മനസുമാറുന്നതു അവൻ കണ്ടിട്ടുണ്ട്.

പിശാച് തന്റെ ഉഗ്രന്മാരും ദോഷം നിറഞ്ഞതുമായ ദുർഭൂതങ്ങളെ മതനേതാക്കന്മാരിലും അവരോടുകൂടെയുള്ള പുരുഷാരത്തിലും രാഷ്ട്രനേതാക്കന്മാരിലും പടയാളികളിലും പ്രവേശിപ്പിച്ച് യേശുവിനെ അങ്ങേ അറ്റം ഉപദ്രവിക്കാൻ ക്രമീകരണം ചെയ്തു.

സകലപാപികളുടെമേലും ഉള്ള ശിക്ഷ കർത്താവായ യേശുക്രിസ്തു സഹിച്ചു. എങ്കിലും താൻ യാതൊന്നിലും തോറ്റില്ല. സകലതിലും ജയിച്ചു.

പ്രാർത്ഥന

കർത്താവേ, ഗത്സമന മുതൽ നീ എനിക്കുവേണ്ടി സഹിച്ച പങ്കപ്പാടുകൾക്കായി ഞാൻ നിന്നെ സ്തുതിക്കുന്നു. ഉയരത്തിൽ നിന്നു പാപത്തിനെതിരായി ഇറങ്ങിയ ക്രോധവും ഇരുളിന്റെ ക്രൂരതകളും നീ എനിക്കുവേണ്ടി സഹിച്ചതിനായി സ്തോത്രം. പിശാചിന്മേൽ ജയമെടുത്തതിനായി സ്തോത്രം. നിന്റെ ദിവ്യ പ്രകൃതികളും ജ്ഞാനവും സഹിഷ്ണുതയും എന്നിലും പകർന്ന് നിന്റെ പിന്നാലെ വരുവാൻ എന്നെയും സഹായിക്കേണമേ. യേശുവിൻ നാമത്തിൽ. ആമേൻ.

# അദ്ധ്യായം ഒൻപത്

## സർവ്വ ലോകത്തിന്റെയും ന്യായാധിപതി ലോക കോടതിയിൽ

### (A) ന്യായാധിപതിയായവൻ ഹന്നാവിനുമുൻപിൽ

കർത്താവിനെ പിടിച്ചു കെട്ടിയവർ, മഹാപുരോഹിതനായ കയ്യഫാവിന്റെ അമ്മവിയപ്പനായ ഹന്നാവിന്റെ അടുക്കൽ കൊണ്ടുപോയി. മറ്റു പുരോഹിതന്മാരുടെ മേൽ സ്വാധീനതയുള്ളവനായിരുന്നു ഹന്നാവ്. കർത്താവിനെ പിടിച്ചുകെട്ടിക്കൊണ്ടുവരുന്നതിനും ക്രൂശിക്കുന്നതിനും എല്ലാം പുറകിൽ പ്രവർത്തിച്ച ശക്തി ഹന്നാവിന്റേതായിരുന്നു. താൻ ഒരു സാദൂക്യനായിരുന്നതിനാൽ ആത്മാവോ ദൂതന്മാരോ ഉയർത്തെഴുന്നേൽപ്പോ ന്യായവിധിയോ ഉണ്ട് എന്നു വിശ്വസിച്ചിരുന്നില്ല. ആകയാൽ എന്തു ദോഷവും പ്രവർത്തിക്കുന്നതിനും ഒരു മടിയും ഉള്ളവനല്ലായിരുന്നു. പൗരോഹിത്യം പണസമ്പാദനത്തിനുള്ള ഒരു മാർഗ്ഗമായി ഉപയോഗിച്ചിരുന്നു.

**ഹന്നാവിനു യേശുവിനോടുണ്ടായ വലിയ വിരോധം:**

ഏലിയുടെ മക്കളെ പോലെ ഹന്നാവും ദൈവത്തെ അറിയാത്തവനായിരുന്നു. പണമുണ്ടാക്കാനുള്ള ഒരു വ്യവസായശാലയായി അവൻ ദൈവാലയത്തെ മാറ്റിയിരുന്നു. യാഗമൃഗങ്ങളെ വിൽക്കാനുള്ള ഏക വിപണിയുണ്ടാക്കി അതിന്റെ അധികാരിയായി നടത്തിക്കൊണ്ടിരിക്കയായിരുന്നു. തന്റെ വിപണിയിൽ നിന്നല്ലാതെ കൊണ്ടുവരുന്ന മൃഗങ്ങളിൽ കുറ്റം കണ്ടുപിടിച്ച് പുറകോട്ട് വിട്ടതിനാൽ ഹന്നാവിന്റെയും പുത്രന്മാരുടെയും വിപണിയിൽ നിന്ന് ഉന്നത വിലയ്ക്ക് യാഗമൃഗങ്ങളെ വാങ്ങാൻ യാഗാർപ്പിതർ നിർബന്ധിതരായി. യേശു ദൈവാലയം ശുദ്ധീകരിച്ചപ്പോൾ ഹന്നാവിന്റെ വിപണിയെ തകിടം മറിച്ചു. “നിങ്ങൾ ഇതിനെ കള്ളന്മാരുടെ ഗുഹയാക്കി” എന്നു കർത്താവ് പറഞ്ഞു. ഇതു ഹന്നാവിനെ ക്രുദ്ധനാക്കി. നിനക്ക് ഇതു ചെയ്യാനുള്ള അധികാരം എവിടെ നിന്നു കിട്ടി എന്നവർ ചോദിച്ചു. അങ്ങനെ ഹന്നാവ് യേശുവിനെ ഒടുക്കികളവാനുള്ള പദ്ധതിയുണ്ടാക്കി, യൂദയുമായി പടയാളികളെ അയച്ചതാണ്. അവർ കർത്താവിനെ പിടിച്ചുകെട്ടിക്കൊണ്ടുവന്നപ്പോൾ താൻ ഉന്മേഷവാനായി.

ഹന്നാവ് യേശുവിന്റെ ഉപദേശത്തെയും ശിഷ്യന്മാരെയും കുറിച്ചു ചോദിച്ചു. ഒരു ഒറ്റുകാരനെ കൊണ്ടുവന്നാൽ അവനെതിരായി രണ്ടു സാക്ഷികളെ നിർത്തി ആരോപണം പറഞ്ഞ് വിസ്തരിക്കയാണ് ചെയ്യേണ്ടത്. അതിനു പകരം ഈ കുടുക്കു ചോദ്യം ചോദിച്ചത് കർത്താവിന്റെ വായിൽ നിന്നെന്തെങ്കിലും പിടിച്ചെടുത്ത് പിന്നീടുള്ള വിസ്താരത്തിൽ

ഉപയോഗിക്കാനായിരുന്നു. അറസ്റ്റു ചെയ്തശേഷം കുറ്റം കണ്ടുപിടിക്കാനുള്ള ഈ വക്രതയ്ക്കു കർത്താവ് ന്യായപ്രമാണത്തിലെ കുറ്റക്കാരനെതിരെ രണ്ടു സാക്ഷികളുടെ വാമൊഴി ഒത്തുവരണമെന്നുള്ള നിയമത്തെ അഭയം ചൊല്ലി (ആവ 17:16, 19:15) 'കേട്ടവരോടു ചോദിക്ക' എന്നു മറുപടി പറഞ്ഞു അപ്പോൾ അടുത്തുനിന്ന ഒരു ചേകവൻ യേശുവിന്റെ കന്നത്തടിച്ചു. യോഹ 18: 22 കർത്താവു അവനെതിരായി ഒരു ന്യായവിധിയും പറഞ്ഞില്ല; നടത്തിയില്ല. ഏറിയ സഹിഷ്ണുതയോടെ അതു സഹിച്ചു. യൊരോബെയാമിന്റെ കൈവരണ്ടതുപോലെ ചേവകന്റെ കൈവരണ്ടില്ല. 1. രാജാ 13:4 ഹന്നാവും ന്യായവിരുദ്ധമായ മർദ്ദനത്തെ ശാസിച്ചില്ല. അഭിനന്ദിച്ചതേയുള്ളൂ.


**മനുഷ്യനല്ലാതെ സൃഷ്ടിയിൽ മറ്റ് യാതൊന്നും യേശുവിനെ ആക്രമിക്കയില്ല.**

നാൽപതു ദിവസം കർത്താവ് മരുഭൂമിയിൽ ഉപവസിച്ചു. കാട്ടുമൃഗങ്ങൾ അവനെ ഉപദ്രവിച്ചില്ല. മർക്കോ 1:13. യാതൊരു സിംഹമോ കരടിയോ പുലിയോ ചെന്നായോ അവനെതിരെ വായനക്കുകയില്ല. യാതൊരു സർപ്പവും അവനെ കടിക്കുകയില്ല. "കാളതന്റെ ഉടയവനെയും കഴുത തന്റെ ജയമാനന്റെ പുൽത്തൊട്ടിയെയും അറിയുന്നു". വെറും മൃഗങ്ങൾ പോലും സൃഷ്ടിതാവായവനെ തിരിച്ചറിയും. അവനെ വണങ്ങും. എതിർക്കയില്ല ധിക്കരിക്കുകയുമില്ല. മനുഷ്യൻ മാത്രമേ കർത്താവിനോട് എതിർക്കുകയുള്ളൂ. അന്നുമാത്രമല്ല ഇന്നും അനേകർ കർത്താവിനെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു. തങ്ങളുടെ ദ്രവ്യാഗ്രഹത്താലും ദൂഷണത്താലും പകയാലും മദ്യം, മയക്കുമരുന്നുകളാലും ദുർഭാഷണങ്ങളാലും മറ്റും കർത്താവിന്റെ അധികാരത്തെ പരിഹസിച്ച് അവന്റെ മുഖത്ത് അടിക്കുന്നു. കർത്താവിനു കീഴ്പ്പെടാത്ത എന്തെങ്കിലും പ്രകൃതിയുള്ളവർ അനുതപിച്ച് മാനസ്സാന്തരപ്പെട്ട് കർത്താവിനോട് ക്ഷമചോദിച്ച് പുതിയ സ്വഭാവം പ്രാപിക്കണം.

ഹന്നാവിനു ദൈവപുത്രനെ നേരിട്ടു ദർശിപ്പാനുള്ള അത്ഭുതാവസരമായിരുന്നു അത്. നൂറ്റാണ്ടുകളായി നോക്കി കാത്തിരുന്ന വാഗ്ദത്ത മശിഹ വന്നു 'ഇതാ അവന്റെ മുൻപിൽ നിൽക്കുന്നു. യേശു വന്നു മുൻപിൽ നിക്കുമ്പോൾ അവനെ തിരിച്ചറിഞ്ഞു സ്വീകരിക്കാൻ ആർക്കു കഴിയും? ഹന്നാവ് വക്രത കാണിച്ചു. നാം എന്താണ് ചെയ്യുന്നത്? ഹന്നാവിന്റെ മുമ്പിൽ സംഭവിച്ചത് തന്റെ കഷ്ടാനുഭവങ്ങളുടെ പ്രാരംഭം മാത്രമായിരുന്നു. യേശുവിന്റെ ബന്ധനങ്ങളെ അഴിച്ചുവിടുന്നതിനു പകരം അവനെ വലിയൊരു കുറ്റവാളിയെപോലെ കെട്ടപ്പെട്ടവനായി ഹന്നാവ് കയ്യഫാവിങ്കലേക്കയച്ചു.

## (B) മഹാപുരോഹിതൻ കയ്യഫാവിന്റെ മുമ്പിൽ

വേഷം കൊണ്ടു കയ്യഫാവു മഹാപുരോഹിതനായിരുന്നു. അവനും മരണശേഷം യാതൊന്നുമില്ല എന്നു വിചാരിച്ചിരുന്ന ഒരു സാദൂക്യനായിരുന്നു. ഹന്നാവിന്റെ തനിപ്രകൃതിയിൽ പണത്തെ ദൈവമാക്കി, മനഃസാക്ഷിയെ വിറ്റ് ജീവിച്ചവനാണ്. കർത്താവു ലാസറിനെ ഉയർപ്പിച്ച



യേശുവിനെ പിടിച്ചവർ അവനെ പരിഹസിച്ചു കണ്ണുകെട്ടി തല്ലി. ***(ലൂക്കോസ് 22: 63-64)***

വിവരം കേട്ടപ്പോൾ മാനസാന്തരപ്പെട്ട് ദൈവത്തോട് അടുക്കുന്നതിനു പകരം, ഈ അത്ഭുതം പ്രവർത്തിച്ച കർത്താവിനെ കൊല്ലേണം എന്നു പറഞ്ഞവനാണ്. യോഹ 11: 47-50. ദൈവഭയം ഇല്ലാത്തവനായിരുന്നെങ്കിലും മനുഷ്യരെ ഭയപ്പെട്ടിരുന്നു. ലൂക്കോ 22:21. രാത്രിയിൽ തന്നെ ശാസ്ത്രിമാരും മൂപ്പന്മാരും കയ്യഫാവിന്റെ സ്ഥലത്ത് കൂടിവന്നിരുന്നു. മത്താ 26:57. ഇവർ യിസ്രേലിന്റെ ഉന്നതാധികാരികളായ ന്യായാധിപ

സംഘം (സെൻഹദ്രി) ആയിരുന്നു. കർത്താവിനെ കൊല്ലേണം എന്ന് അവർ മുന്നമേ തീരുമാനം എടുത്തിരുന്നതാണ്. ഈ കൂടിവരവ് വെറും അഭിനയം മാത്രമായിരുന്നു. യേശുവിനെ കൊല്ലുന്നത് ശരിയാണോ എന്ന് അവർ ചിന്തിച്ചരുന്നതേയില്ല. അവരുടെ പ്രവർത്തികളുടെ അടിസ്ഥാനം ന്യായപ്രമാണമല്ലായിരുന്നു, വെറും സ്വാർത്ഥ താൽപര്യങ്ങൾ മാത്രമായിരുന്നു. കൂലികൊടുത്ത് കള്ളസാക്ഷികളെ കൊണ്ടുവരുന്നതിന് അവർ ശങ്കിച്ചില്ല. ദൈവപുത്രനെ കൊല്ലുന്നതിനുവേണ്ടി ഏതു ലംഘനവും ചെയ്യുന്നതിന് അവർ ഒരുക്കമായിരുന്നു. കള്ളസാക്ഷികളുടെ സാക്ഷ്യങ്ങൾ ഒത്തുവരാത്തതിനാൽ ഒടുവിൽ മഹാപുരോഹിതനായ കയ്യഫാവ് 'നീ ദൈവപുത്രനോ' എന്ന് ആണയിട്ടു ചോദിച്ചു. 'അതേ ഞാനാകുന്നു'. ഇനി മനുഷ്യപുത്രൻ മഹിമയുടെ വലത്തു ഭാഗത്തിരിക്കുന്നതും ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും എന്നു പറഞ്ഞു. മത്തായി 26: 64. ദാനിയേൽ രാത്രി ദർശനങ്ങളിൽ കണ്ട മനുഷ്യപുത്രൻ താൻ തന്നെയാണ് എന്ന് കർത്താവ് ഏറ്റുപറയുകയായിരുന്നു. ദാനി 7:13.

**മഹാപുരോഹിതൻ വസ്ത്രം കീറി.**

അയ്യോ ഇത് ആർക്കും കേൾക്കാൻ പാടില്ലാത്ത ദൈവഭൂഷണമാണ്. എത്രയോ ഭീതികരം. എന്ന് വിശുദ്ധ ഭീതി നടിച്ച് താൻ വസ്ത്രം കീറി. ഈ വലിയ അഭിനയം യൂദാസിന് മുപ്പതുവെള്ളിക്കാശ് കുറ്റമില്ലാത്ത രക്തത്തെ ഒറ്റികൊടുക്കുവാൻ കൊടുത്തവനും കള്ളസാക്ഷികളെ കൂലി കൊടുത്ത് കൊണ്ടുവന്നവനുമാണ്. മുഴു ന്യായാധിപസംഘവും ഏകവായാലെ 'അവൻ കുറ്റക്കാരൻ എന്ന് വിധി പ്രസ്താവിച്ചു'.

**ഈ ന്യായവിസ്താരത്തിൽ ഈ ന്യായാധിപസഭ പലനിയമങ്ങൾ ലംഘിച്ചു**

1. രാത്രിയിൽ വിസ്താരം നടത്തിയതു നിയമലംഘനമായിരുന്നു.

2. അവർ രാത്രിയിൽ വിധി പ്രസ്താവിച്ചതും നിയമലംഘനമായിരുന്നു. എന്നാൽ അത് അവരുടെ നാഴികയും ഇരുളിന്റെ അധികാരവുമായിരുന്നു. ലൂക്കോ 22:53.

3. കള്ളംപറയാൻ കള്ളസാക്ഷികൾക്കും കുറ്റമില്ലാത്തവനെ ഒറ്റിക്കൊടുപ്പാൻ യൂദാസിനും യേശുവിന്റെ ഉയർത്തെഴുന്നേൽപ്പിനെ മറച്ചുവെച്ചു വ്യാജവാർത്ത പരത്താൻ കല്ലറ സൂക്ഷിച്ച പടയാളികൾക്കും പണം കൊടുത്തത് നിയമലംഘനമായിരുന്നു.

4. മഹാപുരോഹിതൻ വസ്ത്രംകീറിയതു നിയമലംഘനമായിരുന്നു.

ലേവ്യ 21:10 ദൈവത്തിന്റെ യഥാർത്ഥ മഹാപുരോഹിതൻ മാനവജാതിക്കുവേണ്ടിയുള്ള പരമബലിയർപ്പിച്ചപ്പോൾ കയ്യഫാവു തന്നെ വസ്ത്രം കീറി ലേവ്യാ പൗരോഹിത്യത്തിനു അന്തം വരുത്തി.

(i) **അവർ അവന്റെ മുഖത്തു തുപ്പി.** ഏറ്റവും നികൃഷ്ടവവും ഹീനവുമായ ഒരു പ്രവൃത്തി. ആരും ഒരു മൃഗത്തെപ്പോലും തുപ്പുകയില്ല. അവരോ, സർവരുടെയും ന്യായാധിപനും രാജാവുമായവന്റെ മുഖത്തു തുപ്പി. സഹോദരഭവനത്തെ പണിയാത്തവനു വെച്ചിരിക്കുന്ന ശിക്ഷയാണത്. ആവ- 25: 5-10. നമ്മുടെയെല്ലാം സ്വാർത്ഥതയുടെ ഫലം കർത്താവനുഭവിച്ചു. അവന്റെ മുഖം മൂടി മുഷ്ടിചുരുട്ടികുത്തി. ഒരു കള്ളനെ എന്നപോലെ അവനെ മർദ്ദിച്ചു. നമ്മുടെയെല്ലാം വ്യാജങ്ങളുടെ ഫലം കർത്താവനുഭവിച്ചു.

(ii) **പ്രവചിക്ക എന്നുപറഞ്ഞു പരിഹസിച്ചു.** ഭോഷന്മാരത്രെ പരിഹസിക്കപ്പെടുന്നത്. ഒരു ഗോപുരം പണിവാൻ തുടങ്ങിയിട്ട് തീർപ്പാൽ നിവൃത്തിയില്ലാത്തവന്റെ ഭോഷത്വത്തിൽ മറ്റുള്ളവർ പരിഹസിക്കും. ലൂക്കോ 14: 28-30. നമ്മുടെയെല്ലാം ഭോഷത്വത്തിന്റെ പ്രതിഫലം കർത്താവനുഭവിച്ചു.

### (C) രാജാക്കന്മാരുടെ രാജാവായവൻ ഹെരോദേസിന്റെ മുൻപിൽ

സംസ്കാരവും മര്യാദയുമില്ലാതെ കർത്താവിനെ മർദ്ദിക്കുകയും പരിഹസിക്കുകയും ചെയ്തിട്ട് കൊല്ലുവാനുള്ള അധികാരം തങ്ങൾക്കില്ലാത്തതിനാൽ റോമൻ ഗവർണറായ പീലാത്തോസിന്റെ പക്കൽ കൊണ്ടുപോയി. അവർ കെട്ടിയുണ്ടാക്കിയ ആരോപണങ്ങൾ കേട്ടപ്പോൾ തന്നെ അവയെല്ലാം വ്യാജമാണെന്ന് തനിക്കു മനസ്സിലായി. നേരുകെട്ടെ പരാതികളുടെ വിചാരണയിൽ നിന്നും ഒഴിവാകാൻ, പെസഹാ പെരുന്നാളാചരിക്കാൻ യെരുശലേമിൽ വന്നിരുന്ന ഹെരോദാവിന്റെ അടുക്കലേക്ക് പീലാത്തോസ് യേശുവിനെയും പരാതിക്കാരെയും കൂടെയയച്ചു. ഒരു മനുഷ സംസ്കാരം ഇല്ലാതെ ജീവിച്ചവനായിരുന്നു ഹെരോദാ രാജാവ്. അവൻ അറേബ്യ രാജാവായ അരേതാസിന്റെ മകളെ വിവാഹം കഴിച്ചു. എന്നാൽ ഒരിക്കൽ തന്റെ സഹോദരനായ ഫിലിപ്പിനെ സന്ദർശിച്ചപ്പോൾ അവന്റെ ഭാര്യയും തന്റെ അനന്തരവളുമായ ഹേരോദ്യയുമായി അവിഹിത സ്നേഹബന്ധത്തിലായി. അവളെയും മോഷ്ടിച്ചുകൊണ്ടുപോന്നു. കാര്യം ഗ്രഹിച്ച ഭാര്യ അവളുടെ പിതൃഭവനത്തിലേക്കു ഓടി രക്ഷപ്പെട്ടു. ഈ നീചപ്രവർത്തിക്കെതിരെ നിന്ന യോഹന്നാൻ സ്നാപകനെ പിടിച്ചു തടവിലാക്കി. ജനത്തെ ഭയന്ന് കൊല്ലാതിരുന്നു.

എന്നാൽ തന്റെ ജന്മദിനാഘോഷത്തിൽ ഹെരോദ്യയുടെ മകൾ നൃത്തം ചെയ്ത് തന്നെ പ്രീതിപ്പെടുത്തിയപ്പോൾ എന്തുവേണമെങ്കിലും ചോദിച്ചുകൊൾക എന്നുള്ള വാക്ക് കൊടുത്തു. ഹെരോദ്യയുടെ ഉപദേശപ്രകാരം അവൾ യോഹന്നാൻ സ്നാപകന്റെ തല ചോദിച്ചു. ആളയച്ചു തടവിൽ യോഹന്നാനെ ശിരഛേദം ചെയ്യിച്ചു. അവന്റെ തല ഒരു താലത്തിൽ കൊണ്ടുവന്നു ബാലെക്കു കൊടുത്തു. മത്തായി 14:3-11. യോഹന്നാനെ കൊന്നപ്പോൾ അവൻ തന്റെ മനസ്സാക്ഷിയേയും കൊന്നു. അങ്ങനെ മനസാക്ഷിയില്ലാത്ത ഒരു മൃഗമായിരുന്നു ഹെരോദാവു. യേശു അവനെ 'കുറുക്കൻ' എന്നാണ് വിളിച്ചത്. ലൂക്കോ 13: 31-32.

**ഹെരോദാരാജാവു യേശുവിനെ കണ്ടിട്ടു അത്യന്തം സന്തോഷിച്ചു.**

പക്വതയില്ലാത്ത കളിപ്പിള്ളാരുടെ ജിജ്ഞാസയിലാണ് ഹെരോദാരാജാവ് യേശുവിനെ കണ്ടു സന്തോഷിച്ചത്. പന്നിയുടെ മുമ്പിൽ മുത്തിട്ടാൽ അത് മണപ്പിച്ചു നോക്കുന്നതുപോലെയാണ് ഹെരോദാവു ചെയ്തത്. അവനു വിശുദ്ധിയുടെ ശ്രേഷ്ഠതകളെ കുറിച്ചു യാതൊരു ഗ്രാഹഹ്യവുമില്ലായിരുന്നു. ആത്മാവിന്റെ യാതൊരു ജ്ഞനവും അവനില്ലായിരുന്നു. അവന്റെ സന്തോഷം നൃത്തങ്ങളിലും നാടകങ്ങളിലും വിദൂഷകരിലും മാന്ത്രികരിലും കാമാർത്തികളിലും ആയിരുന്നു. ഒരു വിശുദ്ധ പ്രവാചകന്റെ രക്തം ഒരു നൃത്തത്തിനു കൂലിയായികൊടുത്തവനാണ്. ഒരു മാന്ത്രികനെപ്പോലെ യേശുവും ചില അത്ഭുത ചെപ്പടിവിദ്യകൾ കാണിച്ച് അവന്റെ സദസ്സിനെ രസിപ്പിക്കണം എന്നു അവനാഗ്രഹിച്ചു. കരകൗശലവിദഗ്ദ്ധനായ ഒരു വിദൂഷകനായി യേശുവിനെ അവൻ വിചാരിച്ചു. യാതൊരു ധാർമ്മിക ബോധവും അവനില്ലായിരുന്നു.

**ഏറിയോന്നു ചോദിച്ചിട്ടും അവൻ ഉത്തരം ഒന്നും പറഞ്ഞില്ല.**

കർത്താവ് വക്രനായ ഹന്നാവിനോടും കൗശലക്കാരനായ കയ്യഫാവിനോടും ക്രൂരനായ പീലാത്തോസിനോടും മറുപടി പറഞ്ഞു. എന്നാൽ മൃഗീയനായ ഹെരോദാവിനോട് ഒരു മറുപടിയും പറഞ്ഞില്ല. തന്റെ പുരോഹിതന്മാരെ കൊന്ന ശൗലിനും ദൈവം മറുപടിയൊന്നും കൊടുത്തില്ല. കർത്താവിന്റെ പരിശുദ്ധമൗനതയിൽ ഹെരോദാവിനു മാനക്കേടു തോന്നി. പ്രതികാരമായി പടയാളികളുമായി കർത്താവിനെ പരിഹസിച്ചു. വിഡ്ഢിയും നിസാരനുമാക്കി ശുഭ്രവസ്ത്രം ധരിപ്പിച്ചു മടക്കി അയച്ചു.

തന്നെ ഒരു വിദൂഷകനായി കണ്ടത് കർത്താവിനെ വേദനിപ്പിക്കുന്നതായിരുന്നു. ഒരു മ്ലേച്ഛൻ വിസ്തരിക്കുന്നതും വളരെ വേദനയുണ്ടാക്കുന്നതായിരുന്നു. പരിഹസിച്ചു നിസാരനാക്കിയതും വേദനയുണ്ടാക്കി.

(d) സകലരേയും ന്യായം വിധിപ്പാനുള്ള ദൈവപുത്രൻ റോമൻ ഗവർണ്ണറുടെ മുൻപിൽ

യേശു പലപ്രാവശ്യം വിസ്തരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. വളരെയധികം അപമാനങ്ങളും മർദ്ദനങ്ങളും സഹിച്ചു കഴിഞ്ഞിരുന്നു. ഓരോ ന്യായാസനത്തിങ്കലേക്കും തന്നെ നിർദ്ദയം നടത്തിക്കൊണ്ടിരുന്നു. അവരുടെ ഇതുവരെയുമുണ്ടായിരുന്ന കുറ്റാരോപണങ്ങളായ ദൈവദൂഷണത്തിനും ശബ്ബത്തിനും റോമൻ കോടതിയിൽ യാതൊരു പ്രസക്തിയുമില്ലായിരുന്നതിനാൽ പുതിയ കുറ്റങ്ങൾ തനിക്കെതിരായി കണ്ടുപിടിക്കേണ്ടിയിരുന്നു. ആകയാൽ മൂന്നു നൂതന കുറ്റങ്ങൾ വേഗത്തിൽ വാർത്തുണ്ടാക്കി. ജാതിയെ മറിച്ചു കളയുന്നു. താൻ രാജാവാകുന്നു എന്നു പറയുന്നു കൈസർക്കു കരം കൊടുക്കുന്നതു വിരോധിക്കുന്നു. ലൂക്കോ 23:2. നിരന്തരമായി റോമാ ഗവൺമെന്റിനോട് മത്സരിച്ചുകൊണ്ടിരുന്ന ഈ വിക്രമന്മാർ ഒരു നിമിഷം കൊണ്ട് റോമൻ കൈസരുടെ ഭക്തന്മാരായി ചമഞ്ഞതു വെറും കള്ളത്തരമാണെന്ന് അർക്കും കാണാവുന്നതായിരുന്നു. എങ്കിലും യേശുവിനെ വെറുതെ വിട്ടാൽ വലിയൊരു കലഹം ഉണ്ടാക്കാൻ അവർ വട്ടമിട്ടിരിക്കയാണ്. അതു തുടങ്ങുവാൻ പോകുന്നതു പീലാത്തോസ് കണ്ടു. തന്റെ ഗവർണ്ണർ സ്ഥാനം സൂക്ഷിക്കണമെങ്കിൽ കുറ്റമില്ലാത്തവനായ യേശുവിനെ യാഗമാക്കിയെങ്കിലേ സാധിക്കൂ. അവർ കെട്ടിച്ചമച്ച കുറ്റങ്ങളിൽ ഒന്നു യേശു രാജാവാണെന്ന് പറഞ്ഞു എന്നതാണ്. അതു കൈസരുടെ ചെവിയിൽ കിട്ടിയാൽ വളരെ ഗുരുതരമായ കുറ്റമാണ്. യഹൂദാ മേധാവികൾക്കു പീലാത്തോസിനെതിരെ കൈസരോട് പരാതിപ്പെടാവുന്ന ശക്തമായ ഒരായുധമാണ്. രാജാവെന്ന് അവകാശപ്പെട്ട ഒരുവനെ വെറുതെ വിട്ടാൽ കൈസരുടെ കോപാഗ്നി പീലാത്തോസിനെ ദഹിപ്പിക്കും. നീ ഇവനെ വിട്ടയച്ചാൽ കൈസരുടെ സ്നേഹിതനല്ല എന്നവർ ഭീഷണിപ്പെടുത്തി. യോഹ 19:12. ആകയാൽ പീലാത്തോസ് ഒരു ഒത്തുതീർപ്പിന് ശ്രമിച്ചു. കുറ്റമില്ലാത്തവനെ ചമ്മട്ടികൊണ്ട് അടിപ്പിക്കാൻ അങ്ങനെ യേശുവിനെ ചമ്മട്ടികൊണ്ട് അടിപ്പിച്ചിട്ട് അവരുടെ മുമ്പിൽ നിർത്തി. ചമ്മട്ടികൊണ്ടുള്ള അടികൊണ്ട ഒരുവനെ കണ്ടാൽ കരളലിയാത്ത ഒരു മനുഷ്യനും ഭൂമിയിലുണ്ടാകില്ല. അവനെ കണ്ടുകഴിയുമ്പോൾ പരാതിക്കാരുടെ പരാതി അവസാനിക്കും എന്ന് പീലാത്തോസ് വിശ്വസിച്ചു. 'ഇതാ ആ മനുഷ്യൻ' എന്നു പീലാത്തോസ് പറഞ്ഞു. ഏറ്റവും ദയദീനാവസ്ഥയിൽ യേശുവിനെ കണ്ടിട്ട് അവർക്ക് യാതൊരു മനംമാറ്റവും ഉണ്ടായില്ല. 'അവനെ ക്രൂശിക്ക' എന്ന് ആക്രോശിച്ചതേയുള്ളൂ.

അന്യായമായ ഈ കേസിൽ നിന്നു ഒഴിഞ്ഞുമാറുവാൻ പീലാത്തോസിന്റെ ശ്രമങ്ങൾ ഫലിച്ചില്ല. ഹെരോദാവിന്റെ അടുക്കൽ അയച്ചിട്ട് താൻ

തിരിച്ചുവിട്ടു. അടിച്ചിട്ടു വിട്ടയക്കാം എന്നു ശ്രമിച്ചിട്ടും സാധിച്ചില്ല. മൂന്നാമതു പുരുഷാരത്തിന്റെ സഹായം തേടി. പെരുനാളിൽ ഒരു തടവുകാരനെ സ്വതന്ത്രനാക്കുന്ന പതിവുണ്ട്. അടി കൊണ്ടിട്ട് ദയനീയാവസ്ഥയിൽ നിൽക്കുന്ന എല്ലാവർക്കും ഉപകാരങ്ങൾ ചെയ്തവനും നിരപരാധിയുമായ യേശുവിനെ കാണുമ്പോൾ പുരുഷാരത്തിനു ദയവുണ്ടാകുമെന്ന് താൻ വിചാരിച്ചു. രണ്ടു പേരിൽ ഒരാളെ തെരഞ്ഞെടുപ്പാൻ പുരുഷാരത്തോട് താൻ പറഞ്ഞു. നിർദ്ദോഷിയായ യേശുവിനെയോ കൊലപാതകനായ ബറബ്ബാസിനെയോ, ഒരാളെ അവർക്ക് തെരഞ്ഞെടുക്കാം. ബറബ്ബാസിനെ സ്വതന്ത്രനാക്കാൻ സുബോധമുള്ള ആരും തന്നെ പറയും എന്നു താൻ വിചാരിച്ചില്ല. ജീവിതകാലം മുഴുവൻ ജനത്തിന് ഉപകാരം ചെയ്തവനും  ഇപ്പോൾ ചമ്മിട്ടികൊണ്ടുള്ള അടികൊണ്ട് നുറുങ്ങിയ ശരീരത്തോട് നിൽക്കുന്നവനുമായ യേശുവിനെ കാണുമ്പോൾ പൊതുജനം അവനെ വിടുവിക്കും എന്നുതാൻ ആശിച്ചു. അങ്ങനെ നീതിന്യായ തുലാസ് പൊതുജനത്തിന്റെ കൈയിൽ പീലാത്തോസ് കൊടുത്തു. ആകസ്മികമായി പൊതുജനം ബറബ്ബാസിന്റെ വിടുതലിനായി ഐക്യകണ്ഠ്യേന ചോദിച്ചു. അവരുടെ പ്രതികരണത്തിൽ പരവശനായ പീലാത്തോസ് പുരുഷാരത്തോട് എന്നാൽ ക്രിസ്തു എന്ന യേശുവിനെ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു. അവനെ ക്രൂശിക്കേണം എന്ന് എല്ലാവരും കൂടി പ്രതിവചിച്ചു. അവൻ ചെയ്ത ദോഷമെന്ത് എന്ന ചോദ്യത്തിന് ‘അവനെ ക്രൂശിക്ക, ക്രൂശിക്ക’ എന്ന ആരവാരമല്ലാതെ മറ്റുമറുപടിയൊന്നും ഉണ്ടായില്ല. നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കണമോ എന്നു ചോദിച്ചതിന് ഞങ്ങൾക്കു കൈസരല്ലാതെ മറ്റൊരു രാജാവില്ല എന്ന് മഹാപുരോഹിതന്മാർ മറുപടി പറഞ്ഞു. ആരവാരം വർദ്ധിക്കുന്നതല്ലാതെ തന്നാൽ യാതൊന്നും സാധിക്കുന്നില്ല എന്നു പീലാത്തോസ് കണ്ടിട്ടു വെള്ളമെടുത്തു കൈകഴുകിയിട്ട് ‘ഈ നീതിമാന്റെ രക്തത്തിൽ എനിക്കു കുറ്റം ഇല്ല. നിങ്ങൾ തന്നെ നോക്കികൊൾവീൻ’ എന്നു പറഞ്ഞു. അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്തതിമേലും വരട്ടെ എന്നവർ മറുപടി പറഞ്ഞു. അപ്പോൾ യേശുവിനെ ക്രൂശിക്കേണ്ടതിനു അവർക്കു വിട്ടുകൊടുത്തു.

പ്രാർത്ഥന

കർത്താവേ നീ ഹന്നാവിന്റെയും കയ്യഫാവിന്റെയും ഹെരോദാവിന്റെയും പീലാത്തോസിന്റെയും കോടതികളിൽ എനിക്കുവേണ്ടി വിസ്തരിക്കപ്പെട്ടു, അപമാനിക്കപ്പെട്ടു, പരിഹസിക്കപ്പെട്ടു, തല്ലപ്പെട്ടു, തുപ്പലേറ്റു, ചമ്മട്ടികൊണ്ടുള്ള അടിയേറ്റു വിധിക്കപ്പെട്ടതിനായി സ്തോത്രം. ഞങ്ങൾ ചെയ്ത അനവധിയായ പാപത്തിന്റെ ഫലം നീ സഹിഷ്ണുത

യോടും ക്ഷമയോടും സഹിച്ചു ഒഴിവാക്കിയതിനാൽ സ്തോത്രം. നീ ഞങ്ങൾക്കുവേണ്ടി സഹിച്ച സകലന്യായ വിധികൾക്കായും സ്തോത്രം ചെയ്യുന്നു. നീ ഞങ്ങൾ സഹിക്കേണ്ടിയിരുന്ന അപമാനങ്ങളും വേദനകളും കഷ്ടങ്ങളും ഉപേക്ഷിക്കപ്പെടീലും സഹിച്ചതിനായി സ്തോത്രം. ഇത്രയധികം കഷ്ടതകൾക്കു കാരണമാക്കിയ ഞങ്ങളുടെ സകല പാപങ്ങളെയും ഞാൻ വെറുക്കുന്നു. അവയെക്കുറിച്ച് അനുതപിക്കുന്നു. ശേഷിച്ച കാലം മുഴുവൻ നിന്റെ തിരുവിഷ്ടം മാത്രം ചെയ്വാനായി എന്നെതന്നെ സമർപ്പിക്കുന്നു. ഞങ്ങളെ പൂർണ്ണവിശ്വസ്തരാക്കേണമേ. നിനക്കു കൊള്ളാവുന്നവരാക്കേണമേ. നിന്റെ മഹത്വത്തിനാക്കേണമേ. യേശുവിന്റെ നാമത്തിൽ ആമേൻ.

# അദ്ധ്യായം പത്ത്

## പീലാത്തോസ് യേശുവിനെ ചമ്മട്ടികൊണ്ട് അടിപ്പിച്ചു

യെശ 53:5. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറി വേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി അവന്റെ അടിപ്പിണ രുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു.

മത്താ 27:26. അങ്ങനെ അവൻ ബറബ്ബാസിനെ അവർക്കു വിട്ടുകൊടു ത്തു. യേശുവിനെ ചമ്മട്ടികൊണ്ട് അടിച്ചു ക്രൂശിക്കേണ്ടതിന് ഏൽപ്പിച്ചു.

കൂർത്തുമൂർത്ത അസ്ഥികഷണങ്ങളും ഈയ കഷണങ്ങളും തുകൽവാ റിൽ കൂട്ടിച്ചേർത്തു പിനഞ്ഞുണ്ടാക്കിയതാണ് ചമ്മട്ടി. അതുകൊണ്ട് മുഴു ബലത്തോടും ശക്തിയോടെ പുറത്തിനിട്ടടിക്കുന്നു. അരയ്ക്കു മുകളിലുള്ള വസ്ത്രം ഉരിഞ്ഞ് കുനിച്ച് നിർത്തി കൈകൾ ഒരു കുറ്റിയിൽ കെട്ടും. ഓരോ അടിക്കും മാംസപേശികൾ കീറിപറിഞ്ഞു റബർ കഷണങ്ങൾ പോലെ തൂങ്ങിക്കിടക്കും. മാംസപേശികൾ പറിഞ്ഞു അസ്ഥികുടം കാണാ റാവും. ഈ ഭയാനക ശിക്ഷയ്ക്ക് യാതൊരു റോമ പൗരന്മാരെയും വിധേ യരാക്കരുതെന്ന നിയമമുണ്ടായിരുന്നു. അടിമകളിൽ ആരെങ്കിലും അതി ഭയങ്കര ദോഷകൃത്യം ചെയ്തെങ്കിൽ മാത്രമേ ഈ ശിക്ഷയ്ക്ക് വിധേയ രാകയുള്ളൂ. ക്രൂശികരണത്തിനു തുല്യമോ അതിൽ കവിഞ്ഞതോ ആയ ശിക്ഷയായിരുന്നു ചമ്മട്ടി കൊണ്ടുള്ള അടി. ഒരിക്കൽ പൗലോസിനെ ചമ്മട്ടികൊണ്ട് അടിപ്പിക്കേണം എന്നു സഹസ്രാധിപൻ പറഞ്ഞപ്പോൾ താൻ റോമാ പൗരനാണെന്നുള്ള ന്യായത്തിൻമേൽ ആ ശിക്ഷയെ തട ഞ്ഞു അപ്പൊ. 21:13. കർത്താവിനു വേണ്ടി ഏതു കഷ്ടവും സഹിക്കാൻ താൻ ഒരുക്കമായിരുന്നു. താൽപര്യപ്പെട്ടുമിരുന്നു. ഫിലി 3:10. എങ്കിലും ചമ്മട്ടികൊണ്ടുള്ള അടിക്കു വിധേയനാകാതെ സൂക്ഷിച്ചു. അത്രമാത്രം ഭയാനകവും ഭയങ്കരവുമായിരുന്നു ആ ശിക്ഷ. ഈ അടിയേൽക്കുന്നവൻ നിസ്സഹായനായി നിലത്തുവീണു വിറയ്ക്കുകയോ ബോധംകെട്ടുപോ കുകയോ ചെയ്യും.

മനുഷ്യർക്കു സഹിപ്പാൻ പാടില്ലാത്ത ഇത്രമാത്രം ക്രൂരമായ ശിക്ഷ നമ്മുടെ കർത്താവ് സഹിച്ചു. ബോധം കെട്ടില്ല.

താൻ നമുക്കുവേണ്ടി സഹിച്ചവ മനുഷ്യ അന്തസ്സിനു ചേരാത്തവണ്ണം ക്രൂരവും ലജ്ജാകരവുമായിരുന്നു. തന്റെ കഷ്ടനുഭവങ്ങളുടെ ആഴം നമുക്കു ആർക്കും ഗ്രഹിപ്പാൻ കഴിയുന്നതല്ല. താൻ സഹിച്ച കഷ്ടങ്ങളെ പ്രവാചകന്മാർക്കു വെളിപ്പെട്ടിരുന്നു. 'അടിക്കുന്നവർക്ക് എന്റെ മുതുകും കാണിച്ചു കൊടുത്തു' എന്നും 'ഉഴവുകാർ എന്റെ മുതുകിൻമേൽ ഉഴുതു,

ഉഴവുചാലുകളെ അവർ നീളത്തിൽ കീറി. എന്നും അവർ പറഞ്ഞു. യെശ 50:6. സങ്കീ 129:3. പാപത്തിനു അടിമകളായി വിൽക്കപ്പെട്ടവരും മത്സരികളും ദുഷ്പ്രവർത്തിക്കാരുമായിരുന്നവരെ വീണ്ടെടുപ്പാൻ ഉടമസ്ഥനും യജമാനനുമായവൻ നമ്മുടെ മേൽ വരേണ്ടതായ സകല ഘോര ശിക്ഷകളെയും സഹിച്ചു ഒരടിമയുടെ വിലയായ മുപ്പതുവെള്ളിക്കാശിന് അവൻ വിൽക്കപ്പെട്ടു. പുറ 21:32. ഒരു അടിമയ്ക്കു വെച്ചിരുന്ന അടി അവൻ കൊണ്ടു.



അനന്തരം പീലാത്തോസ് യേശുവിനെ കൊണ്ടുപോയി വാറുകൊണ്ട് അടിപ്പിച്ചു.
(യോഹ. 19:1)

ഒരു അടിമയ്ക്കു വെച്ചിരുന്ന ക്രൂശ് മരണം അവൻ സഹിച്ചു.

**പ്രാർത്ഥന**

ഞങ്ങളുടെ കർത്താവേ, നീ ഞങ്ങൾക്കുവേണ്ടി ചമ്മട്ടികൊണ്ടുള്ള അടികൾ ഏറ്റതിനായി സ്തോത്രം. ദുഷ്ടന്മാരായ അടിമകൾക്കുള്ള ഘോര ശിക്ഷകളെല്ലാം നീ സഹിച്ചു ഞങ്ങളെ വീണ്ടെടുത്തതിനായി സ്തോത്രം. ഞങ്ങൾ നിന്റെ അടിമകൾ എന്നു ഏറ്റു പറഞ്ഞുകൊണ്ട് നിന്റെ പാദത്തിൽ വീണു മുത്തം ചെയ്യുന്നു. നിന്റെ താഴ്മയും സൗമ്യതയും സഹിഷ്ണുതയും സ്നേഹവും തന്ന് ഞങ്ങളെ നിനക്കു യോഗ്യന്മാരാക്കേണമേ. ആമേൻ.

യേശുകർത്താവേ നിന്റെ തിരുനാമത്തിൽ തന്നെ ആമേൻ.


# അദ്ധ്യായം പതിനൊന്ന്

## മഹത്വരാജാവിനെ മനുഷ്യനണിയിച്ച മുൾമുടി

നമ്മുടെ കർത്താവിന്റെ കഷ്ടതകൾ കുറെ അടികൾകൊണ്ടോ ചില നിമിഷങ്ങൾ കൊണ്ടോ തീർന്നു പോകുന്നതല്ലായിരുന്നു. അതു ദീർഘവും പല രീതിയിലുള്ളതുമായിരുന്നു.

ലോകത്തിന്റെ മുഴുപാപവും ഗത്സമനയിൽ വെച്ച് അവന്റെ മേൽ ചുമത്തപ്പെട്ടു. മരണവേദനപോലെ അവന്റെ ഉള്ളം അതി ദുഃഖിതമായി. നിലത്തു വീണു കിടന്നു പ്രാർത്ഥിച്ചു. അവന്റെ പ്രാണനെതിരെ ഒരു വലിയ ആത്മക്കാറ്റ് അടിച്ചു. ആ പോരാട്ടത്തെ ജയിച്ച് അവൻ ശാന്തത പ്രാപിച്ചപ്പോഴേക്കും യൂദാ പടയാളികളുമായി വന്ന് അവനെ കാണിച്ചു കൊടുത്തു. അവർ അവനെ ഒരു കള്ളനെപ്പോലെ പിടിച്ചുകെട്ടി ഹന്നാവിന്റെ അടുത്തുകൊണ്ടുപോയി. ഹന്നാവിന്റെ കപടം നിറഞ്ഞ ചോദ്യങ്ങളും ദാസന്റെ അടിയും കഴിഞ്ഞ് കയ്യഫായുടെ അടുത്തുകൊണ്ടുപോയി. അവിടെ അവനെ മുഖം മൂടി അടിച്ചു, തുപ്പി, പരിഹസിച്ചു. തുടർന്ന് പീലാത്തോസിന്റെ അടുത്തും അവിടെ നിന്നു ഹെരോദാവിങ്കലേക്കും കൊണ്ടുപോയി. അവിടെ അവനെ പരിഹസിച്ചു, നിസാരനാക്കി, ധൂമ്രവസ്ത്രം ധരിപ്പിച്ചു, കോമാളിയാക്കി മടക്കി അയച്ചു. പീലാത്തോസ് അവനെ ചമ്മട്ടികൊണ്ട് അടിപ്പിച്ചു ക്രൂശിപ്പാൻ ഏൽപ്പിച്ചു. പടയാളികൾ അവനെ ആസ്ഥാനത്തിലേക്ക് കൊണ്ടുപോയി പട്ടാളത്തെയെല്ലാം അവന്റെ നേരെ വരുത്തി. ഒരു കൂട്ടം പട്ടാളം അറുന്നൂറു പേർ ആയിരുന്നു. ക്രൂശിക്കുന്നതിനു മുമ്പ് അവനെ ഉപദ്രവിച്ചു രസിപ്പാനാണ് അവർ ശ്രമിച്ചത്. ക്രൂരതകളിൽ രസിച്ചിരുന്ന പടയാളികൾക്ക് ഇത് ഒരു വലിയ സന്ദർഭമായിരുന്നു. അവന്റെ വസ്ത്രം അഴിച്ചു ഒരു ചുവന്ന മേലങ്കി ധരിപ്പിച്ചു. കീറിമുറിഞ്ഞ ശരീരത്തിൽ വസ്ത്രവും മാംസവും ചോരയും കൂടിച്ചേർന്ന് ഒട്ടിപ്പിടിച്ചിരുന്നത് വലിച്ചുപറിച്ചപ്പോഴത്തെ വേദന ആർക്കു ഗ്രഹിപ്പാൻ കഴിയും. കൂട്ടത്തിലുള്ള എല്ലാ പടയാളികൾക്കും അവനെ മർദിപ്പാൻ ഒരവസരം ലഭിക്കത്തക്കവിധം ക്രമീകരിച്ചു. അവനെ മർദിക്കുന്നതായിരുന്നു അവരുടെ വലിയ വിനോദം. മുള്ളുകൊണ്ട് ഒരു കിരീടം മെടഞ്ഞു അവന്റെ തലയിൽ വെച്ച് അമർത്തി. വലങ്കയ്യിൽ ഒരു കോലും കൊടുത്തു. ഓരോരോ പടയാളിയായി വന്ന് അവന്റെ മുമ്പിൽ മുട്ടുകുത്തി. യഹൂദന്മാരുടെ രാജാവേ ജയ, ജയ എന്നു പരിഹസിച്ചു പറഞ്ഞു. പിന്നെ അവന്റെ മേൽ തുപ്പി, കോൽകൊണ്ടു അവന്റെ തലയിൽ അടിച്ചു. ഓരോ അടിയിലും മുള്ളുകൾ തലയിൽ തറച്ച് വിങ്ങി വേദനിപ്പിച്ചു. നൂറു കണക്കിന് പടയാളികൾ ഈ ക്രൂരവിനോദത്തിൽ രസിച്ചു. ഇതു രണ്ടാം

പ്രാവശ്യമാണ് ഒരുകൂട്ടം ആളുകൾ അവനെ തുപ്പുന്നത്. തലേ രാത്രി ന്യായാധിപസംഘത്തിലെ എഴുപത് അംഗങ്ങൾ അവനെ തുപ്പുകയും കണ്ണുകെട്ടി അടിക്കുകയും ചെയ്തതാണ്. ഒരു മനുഷ്യന് ഇത്രയധികം പീഡനം സഹിപ്പാൻ കഴിയുന്നതല്ല. ഇത്രയധികം അതിവേദനകൾ കർത്താവ് നമ്മുടെ സ്ഥാനത്തുനിന്നുകൊണ്ട് സഹിച്ചു.



മുള്ളുകൊണ്ട് ഒരു കിരീടം മെടഞ്ഞ് യേശുവിനെ ചൂടിച്ചു.കോൽ കൊണ്ട് അവന്റെ തല യിൽ അടിച്ചു. **(മർക്കോസ്. 15:16-19)**

എന്തുകൊണ്ടാണ് കരുണാസമ്പന്നനായ പിതാവ് തന്റെ പ്രിയപുത്രനെ കഠിന ഹൃദയരും ക്രൂരന്മാരുമായ പടയാളികളുടെ ഒരു വലിയ സംഘം നിർദയം പീഡിപ്പിച്ചു വിനോദിക്കാൻ ഏൽപിച്ചത്. പാപത്തിന്റെ ശിക്ഷ അത്രമാത്രം ഭീകരമാണ്. മനുഷ്യപാപത്തിനു പ്രായച്ഛിത്തം വരുത്തിക്കൊണ്ടിരിക്കുമ്പോൾ ശിക്ഷയ്ക്ക് ഒരിളവും ലഭിക്കയില്ല. കർത്താവു നമുക്കു വേണ്ടി സഹിച്ച ശിക്ഷയെ ഗ്രഹിച്ചെങ്കിൽ മാത്രമേ നാം ചെയ്ത പാപങ്ങളുടെ ഗൗരവം നമുക്ക് മനസിലാകൂ. നമ്മളെല്ലാം പാപത്തെ ലഘുവായി കരുതുന്നവരത്രെ. പാപപ്രവർത്തികളെ തെറ്റുകുറ്റങ്ങൾ എന്നു നാം വിളിക്കുന്നു. അവയെല്ലാം അബദ്ധവശാൽ പറ്റുന്ന തെറ്റുകളാകയാൽ നിസ്സാരമെന്നു നാം വിചാരിക്കുന്നു. അതി ഭയങ്കരപാപങ്ങളെയെല്ലാം വളരെ ഘനം കുറച്ചാണ് നാം കാണുന്നത്. അവയ്ക്കൊന്നും ന്യായവിധിയുണ്ടാകും എന്നു വിശ്വസിക്കാറില്ല. കോരഹിനെയും കൂട്ടരെയും ന്യായവിധിയാൽ ഭൂമി വായ്പിളർന്നു വിഴുങ്ങുകയും തീ ദഹിപ്പിക്കയും ചെയ്ത ശേഷം ജനം മോശെക്കെതിരെ പിറുപിറുത്തു 'നീ ദൈവത്തിന്റെ ജനത്തെ കൊന്നുകളഞ്ഞു' എന്നു പറഞ്ഞു. സംഖ്യ 15:41. കോരഹും കൂട്ടരും ആവിധത്തിൽ മരിക്കത്തക്ക യാതൊരു പാപവും ചെയ്തതായി ജനത്തിനു തോന്നിയില്ല. മോശയും അഹരോനും വലിയ കാരണങ്ങൾ ഒന്നും കൂടാതെ കോപം കയറി ചെയ്ത പ്രവൃത്തിയായിരുന്നു അത് എന്ന് അവർ പരാതിപ്പെട്ടു. പാപത്തിനുവരുന്ന ശിക്ഷാവിധിയെക്കുറിച്ച് അവർക്കു ധാരണയില്ലായിരുന്നു. പാപത്തിന്റെ ഗൗരവം അവർക്കറിഞ്ഞുകൂടാ.

നമ്മുടെ പാപങ്ങളുടെ മൂർച്ച നമുക്കുവേണ്ടി കർത്താവു സഹിച്ച കഷ്ടങ്ങൾ കണ്ടാണ് നാം മനസിലാക്കേണ്ടത്. നമ്മുടെ തലയിലെ ചിന്തകളിൽനിന്നാണ് സകല പാപങ്ങളും പുറപ്പെടുന്നത്. നമ്മുടെ തലയിൽ ആരംഭിച്ചതും ചെയ്തതുമായ പാപങ്ങളുടെയെല്ലാം ശിക്ഷ തലയിൽ മുൾമുടിവെച്ചു നൂറുകണക്കിനു പടയാളി സംഘം ഓരോരുത്തരും വന്ന് അടിച്ചു പരിഹാരം കാണേണ്ടിയിരുന്നു.

പ്രാർത്ഥന

ഞങ്ങളുടെ കർത്താവേ നീ ഞങ്ങളുടെ പാപ കടങ്ങളെയെല്ലാം പൂർണ്ണമായി വീട്ടുവാൻ സഹിച്ച അതിരില്ലാത്ത വേദനകൾക്കായി നിന്നെ സ്തുതിക്കുന്നു. ഞങ്ങൾ തലകൊണ്ടു ചെയ്ത അനവധിയായ പാപങ്ങൾക്കു പ്രായശ്ചിത്തമായി തലയിൽ മുൾകിരീടം വെച്ച് അടികൊണ്ടതിനായി സ്തോത്രം. നീ സഹിച്ച അനന്തമായ കഷ്ടങ്ങൾക്കു കാരണക്കാർ ഞങ്ങളത്രെ എന്നു ഏറ്റുപറഞ്ഞു തിരുമുമ്പിൽ ഞങ്ങളെത്തന്നെ സമർപ്പിക്കുന്നു. നിനക്ക് പാദസേവ ചെയ്യുവാൻ വേണ്ട കൃപ ഞങ്ങൾക്കു തരേണമേ – എന്ന് യേശുവിന്റെ തിരുനാമത്തിൽ യാചിക്കുന്നു. ആമേൻ.

# അദ്ധ്യായം പന്ത്രണ്ട്

## കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ അവൻ വായെതുറക്കാതെയിരുന്നു

യെശ 53:7 തന്നെത്താൻ താഴ്ത്തി വായെതുറക്കാതെയിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു. കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതിരിക്കുന്ന ആടിനെപോലെയും അവൻ വായ തുറക്കാതെയിരുന്നു.

ന്യായാധിപസംഘത്തിന്റെ മുൻപിൽ കള്ളസാക്ഷികളെ കൊണ്ടുവന്നു കള്ളസാക്ഷ്യം പറയിച്ചു എങ്കിലും കർത്താവ് യാതൊന്നും എതിർത്തില്ല, വാദിച്ചില്ല, തിരുത്തിയതുമില്ല. മത്തായി 26:57-61. മഹാപുരോഹിതന്മാരും മൂപ്പന്മാരും പീലാത്തോസിന്റെ മുൻപിൽ കെട്ടിച്ചമച്ച ആരോപണങ്ങൾ ഉന്നയിച്ചു. ലൂക്കോ 23:2. അവർ നിനക്കെതിരെ എന്തെല്ലാം സാക്ഷ്യം പറയുന്നു എന്നു കേൾക്കുന്നില്ലയോ എന്ന് പീലാത്തോസ് ചോദിച്ചിട്ടും അവൻ മറുപടി ഒന്നും പറഞ്ഞില്ല. പുരുഷാരത്തിന്റെ ആരവാരം വർദ്ധിച്ചപ്പോഴും അവൻ മൗനമായിരുന്നു. ഭൂമിയിലുള്ള സകല ശബ്ദത്തേക്കാളും ശക്തിയേറിയ ശബ്ദം അവന്റേതായിരുന്നു എങ്കിലും അവൻ ഒന്നും ശബ്ദിച്ചില്ല.

ഒരിക്കൽ മഹാപുരോഹിതന്മാർ അവനെ പിടിക്കാൻ ചേകവരെ അയച്ചപ്പോൾ അവനെ പിടിക്കാതെ മടങ്ങിവന്ന് "ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരു നാളും സംസാരിച്ചിട്ടില്ല" എന്നു പറഞ്ഞു. യോഹ 7: 32, 45-46. അവനെ വാക്കിൽ കുടുക്കുവാൻ വന്നവരുടെ ഉപായത്തിലും തന്ത്രങ്ങളിലും വീഴാതെ സംസാരിപ്പാൻ അവനറിയാമായിരുന്നു. മത്ത 21: 23-27, 22: 15-22.

അവൻ ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ എന്ന വചനമാണ്. അവൻ വാചകങ്ങളുടെ ശിൽപിയാണ്. ഓരോ സാഹചര്യത്തിലും എന്താണ് സംഭവിക്കേണ്ടത് എന്ന ജ്ഞാനവും, സംസാരിക്കുന്നത് സംഭവിപ്പിക്കുവാനുമുള്ള ശക്തിയും അവനുണ്ടായിരുന്നു. അവന്റെ വചനത്തിങ്കൽ സകലതും അവനെ അനുസരിക്കുന്നു. കാറ്റും കടലും, രോഗവും മരണവും മരങ്ങളും ഭൂതങ്ങളും എല്ലാം അവന്റെ ശബ്ദത്തെ അനുസരിക്കുന്നു. ഒരു വാക്കുകൊണ്ടു സകല ശത്രുക്കളെയും നിലംപരിചാക്കുവാൻ അവന് കഴിയും. എങ്കിലും അവരുടെ മുൻപിൽ രോമം കത്രിക്കുന്നവരുടെ മുൻപിൽ വായതുറക്കാതെ നിൽക്കുന്ന ആടിനെപ്പോലെ അവൻ വായതുറക്കാതെ ഇരുന്നു. ഊമരെയും ചെകിടരെയും സൗഖ്യമാക്കിയവൻ ഒരു ഊമനെയും ചെകിടനെയും പോലെ ശത്രുക്കളുടെ ആരവ

ത്തിൻ മുൻപിൽ നിന്നു. കാരണം കൂടാതെ അടികൊണ്ടപ്പോൾ ഉരിയാടാക്കഴുതയ്ക്കുപോലും സംസാരിപ്പാൻ നാവിനെയും ശബ്ദത്തെയും കൊടുത്തവൻ ഒരു വാക്കും ഇല്ലാത്തവനെപ്പോലെ നിന്നു. മുഴുലോകത്തെയും ന്യായം വിധിപ്പാൻ പോകുന്ന ന്യായാധിപതിയായവൻ ന്യായം ഇല്ലാത്തവനെപോലെ നിന്നു. നാം നമ്മുടെ നാവുകൊണ്ടു ചെയ്ത സംഖ്യയില്ലാത്ത പാപങ്ങളുടെ പ്രായശ്ചിത്തം ചെയ്തപ്പോൾ കർത്താവു നാവനക്കാതെ നിന്നു.

പ്രാർത്ഥന

ഞങ്ങളുടെ കർത്താവേ, നാവിനു കടിഞ്ഞാണിടാതെ സംസാരിച്ച ഞങ്ങളുടെ അസംഖ്യ പാപങ്ങളുടെ ശിക്ഷ നീ സഹിച്ചതിനായി സ്തോത്രം. അനേക വ്യജകുറ്റാരോപണങ്ങളുടെ മദ്ധ്യത്തിൽ നീ ചെകിടനെപോലെയും ഊമനെപോലെയും നിന്നു ഞങ്ങളുടെ പാപങ്ങളെ ചുമന്നൊഴിച്ചതിനായി സ്തോത്രം. ശേഷിച്ച കാലം മുഴുവൻ ഞങ്ങളുടെ നാവു നിനക്കു വിശുദ്ധമായിരിപ്പാൻ തിരുഹിതത്തിനായി സമർപ്പിക്കുന്നു. നിന്റെ വായായിരിപ്പാൻ നീ ഞങ്ങളെ സഹായിക്കേണമേ.

യേശുവിൻ നാമത്തിൽ തന്നെ ആമേൻ.

# അദ്ധ്യായം പതിമൂന്ന്

## തല ചായ്പാൻ സ്ഥലമില്ലാതെ കുരിശിന്മേൽ തൂങ്ങിയവൻ

ക്രിസ്തുവിന്റെ ശരീരം വളരെ മുറിവുകളും വേദനയും നിറഞ്ഞു. ക്ഷീണവും തളർച്ചയും ബാധിച്ചു അവശതപ്പെട്ടിരുന്നു. എങ്കിലും യാതൊരു മടിയും തടസ്സവും പറയാതെ തന്നത്താൻ കുരിശുവലിച്ചു പൊക്കി മുറിഞ്ഞ തോളിൽ വെച്ചു. കഠിനന്മാരും ക്രൂരന്മാരുമായ പടയാളികൾ പോലും അവന്റെ അവശതയും ക്രൂശുചുമപ്പാനുള്ള പരിശ്രമവും കണ്ട് കുറേനക്കാരനായ ശീമോനെ നിർബന്ധിച്ച്, കുരിശിന്റെ ഒരു ഭാഗം എടുപ്പിച്ചു. ഈ അതിവേദനകളിലും മറ്റുള്ളവരുടെ മേൽ വരാൻപോകുന്ന ന്യായവിധിയായിരുന്നു അവനെ ദുഃഖിപ്പിച്ചത്. തന്നെച്ചൊല്ലി നിലവിളിക്കുന്ന യെരുശലേം പുത്രിമാരെ തിരുഞ്ഞുനോക്കി 'എന്നെച്ചൊല്ലി കരയേണ്ട നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവീൻ' എന്നു പറഞ്ഞു. ഗോൽഗോഥായിലെത്തിയപ്പോൾ കരുണയുള്ള സ്ത്രീകൾ ക്രൂശിലെ വേദനയെ കുറയ്ക്കുന്നതിനായി ഉണ്ടാക്കിയ കണ്ടിവെണ്ണ കലർത്തിയ വീഞ്ഞ് അവനു കുടിപ്പാൻ കൊടുത്തു. അവൻ അത് കുടിച്ചില്ല. പാപത്തിനുള്ള കടം വീട്ടിക്കൊണ്ടിരിക്കുമ്പോൾ സഹിക്കേണ്ട യാതൊരു വേദനയ്ക്കും കുറവുവരുത്താൻ അവൻ ശ്രമിച്ചില്ല. മരുന്നുകൊണ്ടോ അത്ഭുത ശക്തികൊണ്ടോ അവൻ വേദനയെ കുറയ്ക്കുകയില്ല. കടം വീട്ടുന്നതിനു ഒരു ഇളവും അവൻ വരുത്തുകയില്ല. രണ്ടു കള്ളന്മാരുടെ മദ്ധ്യത്തിൽ അവരിൽ പ്രധാനകുറ്റക്കാരനായി അവൻ കാണപ്പെട്ടു. അവനെ ക്രൂശിക്കുന്ന പടയാളികൾക്ക് പ്രതിഫലമായി അവനിൽ നിന്നെടുപ്പാൻ അവന്റെ വസ്ത്രം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവൻ മരിക്കുന്നതുവരെ കാത്തിരിപ്പാൻ ക്ഷമയില്ലാതെ ആ രക്തംപുരണ്ട ഉടുപ്പ് അവർ ഊരിയെടുത്തു ചീട്ടിട്ടു. നാം സഹിക്കേണ്ടിയിരുന്ന അപമാനങ്ങൾ ഓരോന്നും അവൻ സഹിച്ചു. കൈ കാൽകളിൽ ആണിതറപ്പാനായി തടികുരിശിന്മേൽ അവൻ മനസ്സോടെ കിടന്നു. തടിച്ചു കൂർത്ത ആണികളാൽ കൈകാലുകളെ ക്രൂശിനോട് ചേർത്തുതറച്ചു. കുരിശോടെയെടുത്തു നാളത്തിലേക്കിട്ടപ്പോൾ ഉണ്ടായ അതിവേദനയ്ക്ക് ആശ്വാസത്തിനായി "പിതാവേ ഇവർ ചെയ്യുന്നത് ഇന്നതെന്നു അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കേണമേ" എന്നു പ്രാർത്ഥിച്ചു. തന്റെ ജീവിതത്തിന്റെ സന്തോഷവും സമാധാനവും മറ്റുള്ളവർക്കു ഉപകാരം ചെയ്യുന്നതിലും തിന്മചെയ്യുന്നവർക്കു നന്മ ചെയ്യുന്നതിലും ആയിരുന്നു.

ആ അളവില്ലാതെ ഉണ്ടായ ക്രൂരതകളിലും ശത്രുത്വത്തിലും പോലും തന്റെ ദിവ്യ സ്വഭാവം മാറിപ്പോയില്ല. കൈപ്പും കോപവും കുറ്റാരവവും

ഉണ്ടായതുമില്ല. തന്നെ ഉപദ്രവിക്കുന്നവരോട് യാതൊരു പ്രതികാര ചിന്തയും ഉണ്ടായതേയില്ല. അവരെ യാതൊരു വിധത്തിലും ഭീഷണിപ്പെടുത്തിയില്ല. തന്നെ ക്രൂശിക്കുന്നവർക്ക് വരാൻ പോകുന്ന കഠിനമായ ന്യായവിധി ഓർത്തപ്പോൾ തന്റെ അതിവേദന മറന്നുപോയി. ഈ ക്രൂശികരണത്തിനിടയിൽ തന്റെ അസ്ഥികളുടെ ബന്ധം വിട്ടുപോകയാൽ അതിന്റെ വേദനയും സഹിച്ചു. സങ്കി 22:14.

ഈ സകല കഷ്ടാനുഭവങ്ങളിലും സ്നേഹവും ദയയും കരുണയും സഹതാപവും മാത്രമേ അവനിൽ നിന്നു പുറപ്പെട്ടുള്ളൂ. കടന്നുപോകുന്നവർ തലകുലുക്കി അവനെ ദുഷിച്ചു. മഹാപുരോഹിതന്മാരും ശാസ്ത്രിമാരും മൂപ്പന്മാരും അവനെ പരിഹസിച്ചു. പടയാളികളും അവനെ നിന്ദിക്കുകയും പരിഹസിക്കുകയും ചെയ്തു. എന്നാൽ ഇവയ്ക്കൊന്നും കർത്താവിന്റെ സ്നേഹപ്രഭയെ മങ്ങിപ്പിക്കാൻ കഴിഞ്ഞില്ല. ആ സ്നേഹപ്രകാശത്തെ കണ്ട കള്ളന്മാരിലൊരുവന് വ്യത്യാസം വന്നു. കർത്താവിൽ കണ്ട സൗമ്യത അവനെ തൊട്ടു. തന്നെ ക്രൂശിക്കുന്നവർക്കു വേണ്ടിയുള്ള പ്രാർത്ഥന അവൻ കേട്ടു. ഇതു യിസ്രയേലിന്റെ വാഗ്ദത്ത മശിഹാതന്നെയാണ് എന്നു അവനു ബോദ്ധ്യം വന്നു. ക്രിസ്തുവിന്റെ ആത്മാവ് അവനിൽ വ്യാപരിച്ചു. അവനു കുറ്റബോധവും അനുതാപവും മാനസാന്തരവും ശുദ്ധീകരണവും ഉണ്ടായി. അവൻ വിശ്വസിച്ചു ദൈവപൈതലായി തീർന്നു. കർത്താവിനെ ദുഷിച്ച മറ്റെകള്ളനെ അവൻ ശാസിച്ചു. കർത്താവിനോടു കരുണയ്ക്കായി പ്രാർത്ഥിച്ചു. അങ്ങനെ ക്രൂശിൽ കിടക്കുന്ന സമയത്തും അവൻ ഒരു പാപിയെ രക്ഷിച്ചു.

അതിവേദനകൾ കർത്താവിന്റെ ഓർമ്മയെ മുക്കി കളഞ്ഞില്ല. മറ്റുള്ളവരുടെ ആവശ്യങ്ങളാണ് അവന്റെ ഓർമ്മയിൽ തെളിഞ്ഞു നിന്നത്. അതിദുഃഖത്തോടും വളരെ സഹിഷ്ണുതയോടും തന്റെ ക്രൂശിന്നരികെ നിൽക്കുന്ന തന്റെ പ്രിയ മാതാവിനെ കണ്ടു മരിക്കുന്നതിനു മുമ്പെ ഒരു പാർപ്പിടം ഉണ്ടാക്കികൊടുത്തു.

**കഠിനദാഹത്താൽ അവന്റെ നാവു വരണ്ടു.**

അതു വേറൊരു നരകയാതനയാണ്. ധനവാൻ യാതന സ്ഥലത്തുകിടന്നുകൊണ്ട് ഒരു തുള്ളിവെള്ളത്തിനായി യാചിച്ചു. ലൂക്കോ 16:24. പക്ഷേ ആരും അവനു കൊടുത്തില്ല. അത് നിത്യതയോളം നീണ്ടു നിൽക്കുന്ന ഒരു കഷ്ടതയാണ്. ആ നിത്യമായ കഠിനദാഹത്തിൽ നിന്നു നമ്മെ വീണ്ടുപ്പാൻ അവന്റെ തൊണ്ട വരണ്ടു. കഠിനദാഹം സഹിച്ചു.

**പിതാവിനാൽ ഉപേക്ഷിക്കപ്പെട്ടു.**

പാപത്തെ കണ്ടുകൂടാതെവണ്ണം സ്വേചരകണ്ണുകളുള്ളവനായ പിതാവ്

സർവ്വലോകത്തിന്റെയും പാപംവഹിച്ചുകൊണ്ട് കിടക്കുന്ന പുത്രനിൽ നിന്നു മുഖം മറച്ചു. ഈ വേർപാട് പുത്രന് അസഹനീയമായ വേദനയുണ്ടാക്കി. “എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്”. എന്ന ഹൃദയവേദനയോടെ അവൻ കരഞ്ഞു. പിതാവും പുത്രനുമായുള്ള സ്നേഹം നിത്യത മുതൽ അഭേദ്യമായിരുന്നു. അവരുടെ വികാരങ്ങളും വിചാരങ്ങളും ഒന്നായിരുന്നു. പുത്രൻ പിതാവിന്റെ പ്രമോദമായിരുന്നു. ആ തിരുമുഖ പ്രകാശത്തിൽ താൻ സദാ വസിച്ചു. ഐഹിക ജീവിതകാലത്തെ എല്ലാ പ്രതികൂലങ്ങളിലും പിതാവിന്റെ കൂട്ടായ്മയും പ്രസാദവും തന്റെ ബലമായിരുന്നു. ‘എന്നെ അയച്ചവൻ എന്നോടു കൂടെയുണ്ട്. പിതാവ് എന്നെ ഏകനായി വിട്ടിട്ടില്ല എന്നു താൻ പറഞ്ഞു. യോഹ 8:29. എന്നാൽ ആ മുറിയാത്ത കൂട്ടായ്മ ക്രൂശിൽ വെച്ചു മുറിഞ്ഞുപോയി. അതു പുത്രനെഅതി കഠിനമായി വേദനിപ്പിച്ചു. മനുഷ്യരുടെ പാപം താൻ വഹിച്ചപ്പോൾ പിതാവ് തന്നെ കൈവിട്ടു. പുത്രനെ കൈവിടുന്നത് പിതാവിനും അതിവേദനയുള്ള കാര്യമായിരുന്നു. തന്റെ ഹിതപ്രകാരമായിരുന്നു, പുത്രൻ മനുഷ്യരുടെ പാപങ്ങൾ വഹിച്ചത്. എങ്കിലും പാപം വഹിക്കുന്ന പുത്രനിൽ നിന്നു തന്റെ മുഖം മറക്കേണ്ടതായി വന്നു. അതു മനസ്സോടെയല്ല ഏറിയ ദുഃഖത്തോടെയാണ് ചെയ്തത്. പാപം വഹിച്ചുകൊണ്ടു കിടക്കുന്ന പുത്രനെ സ്വീകാര്യതയോടെ നോക്കുവാൻ അതി പരിശുദ്ധനായവനു സാധിക്കയില്ലായിരുന്നു. ഈ വേർപാടു പിതാവിനും പുത്രനും ഒരുപോലെ വേദനയുണ്ടാക്കി. പുത്രന്റെ അതിവേദനയിൽ പിതാവിനു സഹായിപ്പാൻ കഴിയാതെ വന്നത് എത്രമാത്രം തന്നെയും വേദനിപ്പിച്ചു. പാപിക്കുപകരം പുത്രൻ ഉപേക്ഷിക്കപ്പെട്ടു.

മനുഷ്യ പാപത്തിന്റെ പരിഹാരം പ്രാർത്ഥനകൊണ്ടോ അനുതാപം കൊണ്ടോ ദാനധർമ്മം കൊണ്ടോ ഉണ്ടാകയില്ല. പാപത്തിന്മേൽ ഉള്ള ദൈവക്രോധം വഹിക്കാതെ പരിഹാരമില്ല. അതാണ് പുത്രൻ വഹിക്കുന്നത്. ദൈവക്രോധം വഹിച്ച പുത്രനിൽ വിശ്വസിക്കുന്നവനു വിടുതലും പാപമോചനവും ലഭിക്കും. പുത്രനിൽ വിശ്വസിക്കുന്നവരുടെ അനുതാപത്തിനും പ്രാർത്ഥനയ്ക്കും വിലയുണ്ട്. പുത്രനെ അനുസരിക്കാത്തവന്റെ മാനസാന്തരത്തിനു വിലയില്ല. പിതാവു അതു സ്വീകരിക്കയില്ല.

**പാപം ലഘുവായ കാര്യമല്ല.**

പാപത്തിന്റെ ശിക്ഷ അതിഭയങ്കരമാണ്. അതു നിത്യകാലം സഹിക്കയും വേണം. ഒരിക്കലും ഇളവോ വിടുതലോ പ്രാപിക്കുകയും ഇല്ല. പാപത്തിന്റെ ശിക്ഷയത്രെ ക്രിസ്തു ഗതസമന മുതൽ കാൽവരിവരെ വഹിച്ചത്. പാപത്തെ ആരും നിസാരമെന്ന് എണ്ണരുത്. പാപത്തെ ചുമന്നൊഴിച്ച കർത്താവിൽ വിശ്വസിച്ച് അനുസരിക്കുക. പാപം ഭയാനകമത്രെ.

പ്രാർത്ഥന

ഞങ്ങളുടെ കർത്താവേ, നീ ക്രൂശിൽ തൂങ്ങികിടന്നുകൊണ്ട് ഞങ്ങൾക്കു വേണ്ടി ചെയ്ത അത്ഭുത പ്രവർത്തികൾക്കായി നിനക്കു സ്തോത്രം ചെയ്യുന്നു. ഞങ്ങൾ പിതാവിനു സ്വീകാര്യരായി തീരുവാൻ നീ കൈവിടപ്പെട്ടതിനായി സ്തോത്രം. നാവുവരണ്ടു ദാഹിക്കുന്ന നരകത്തിലെ യാതന നീ ചുമന്നൊഴിച്ചതിനായി സ്തോത്രം. ക്രൂശിൽ കിടന്നുകൊണ്ട് സകല പാപങ്ങളേയും ചുമന്നൊഴിക്കുകയും പാപികൾക്കുവേണ്ടി പക്ഷവാദം ചെയ്യുകയും ചെയ്തതിനായി സ്തോത്രം. അടുത്തുകിടന്ന കള്ളനെ പോലും പ്രകാശിപ്പിക്കുന്ന സ്നേഹപ്രഭ നിന്നിൽ നിന്നൊഴുകിയതിനായി സ്തോത്രം. നിന്റെ മാതാവിനോടുള്ള കടപ്പാടിനെ അവഗണിക്കാതെ ഒരു വീടുണ്ടാക്കികൊടുത്തതിനായി സ്തോത്രം. നിന്റെ അതേ ആത്മാവിനെ ഞങ്ങൾക്കും തരേണമേ. നിന്നെ കണ്ടുപഠിപ്പാനും നിന്നിൽനിന്നും പ്രാപിപ്പാനും സഹായിക്കേണമേ. നിന്റെ പ്രയത്നഫലം ഞങ്ങളിൽ കണ്ടു നീ തൃപ്തനാകാൻ ഇടയാക്കേണമേ. തിരുസ്നേഹം കൊണ്ടു ഞങ്ങളെ നിറയ്ക്കേണമേ. തിരുനാമത്തിൽ തന്നെ. ആമേൻ.

# അദ്ധ്യായം പതിനാല്

## ക്രിസ്തുയേശുവിന്റെ വിജയം

**1** യേശു സ്വയത്തിന്മേലും ജഡത്തിന്മേലും ജയമെടുത്തു. അതിരൂക്ഷമായ വേദനകളിൽ മുങ്ങിപോയില്ല. തന്റെ വേദനകളിൽ ശ്രദ്ധകേന്ദ്രീകരിച്ചുമില്ല. തന്നെത്തന്നെ ഓർത്ത് മറ്റുള്ളവരെ മറന്നില്ല. തന്നെ ക്രൂശിച്ചവരുടെ പാപവും അനുതപിച്ചകള്ളന്റെ രക്ഷയും ദുഃഖിതയായ മാതാവിനോടുള്ള കടപ്പാടും താൻ ശ്രദ്ധിച്ചു. തന്റെ വേദനയിൽ നിന്നു രക്ഷപെടുന്നതിലല്ല, പിതാവിനെ അനുസരിക്കുന്നതിലാണ് താൻ മനസുവെച്ചത്. മരണത്തോളം പിതാവിനെ അനുസരിച്ച് മനുഷ്യനെ വീണ്ടെടുക്കുകയെന്നതായിരുന്നു തന്റെ ലക്ഷ്യം. തന്നെക്കുറിച്ച് അയ്യോഭാവം തോന്നിയില്ല. തന്റെ ജഡത്തിലനുഭവിക്കുന്ന കഷ്ടങ്ങളിലല്ല, ദൈവനിയമങ്ങളെ അനുസരിച്ച് മനുഷ്യന് പൂർണ്ണ വീണ്ടെടുപ്പു സമ്പാദിക്കുന്നതിലത്രെ താൻ വിചാരപ്പെട്ടത്. സ്വയത്തിന്മേൽ പൂർണ്ണമഹിമയോടെ ജയമെടുത്തു. "സകലവും പൂർണ്ണമായി നിവർത്തിച്ചു കഴിഞ്ഞു എന്നു കണ്ടശേഷം മാത്രമാണ് "സകലവും നിവൃത്തിയായി" എന്ന വിജയധ്വനിയുച്ചരിച്ചത്.

2 യേശു ജഡത്തിന്റെ നിയന്ത്രണമില്ലായ്മയെ ജയിച്ചു

യേശു സ്വയനിയന്ത്രണത്തിന്റെ രാജാവത്രെ. മൂന്നാണികളിന്മേൽ അതിവേദനയിൽ നീണ്ട മണിക്കൂറുകൾ തൂങ്ങിക്കിടക്കുമ്പോൾ തന്റെ അത്ഭുതശക്തിയുപയോഗിച്ച് വേദന കുറയ്ക്കുന്നതു വളരെ ആഗ്രഹിക്കത്തക്കതായിരുന്നു. എന്നാൽ അവൻ അതു ചെയ്തില്ല. മറ്റു അനേകർക്കുവേണ്ടി ഓരോ അത്ഭുതങ്ങൾ ചെയ്തവൻ തനിക്കുവേണ്ടി ഒരിക്കലും ഒരത്ഭുതവും പ്രവർത്തിച്ചില്ല. തനിക്കു വിശന്ന സമയങ്ങളിൽ കല്ല് അപ്പമാക്കുകയോ, ദൂതനോട് അപ്പവുമായിവരാൻ കൽപിക്കുകയോ, ആകാശത്തുനിന്നു മന്നാപൊഴിപ്പിക്കുകയോ ചെയ്തില്ല. പിതാവ് പറയാതെയാതൊന്നും താൻ ചെയ്തില്ല. അങ്ങനെ അനുസരണക്കേടിനു ന്യായവാദവും ഉപശാന്തിയും ഉണ്ടാക്കുന്ന ജഡപ്രകൃതിയെ അവൻ പൂർണ്ണമായും ജയിച്ചു. സ്വയനിയന്ത്രണത്തിന്റെ രാജാവായി.

3 യേശുപാപങ്ങളെ ജയിച്ചു. മൂന്നുവഴികളിൽ അവൻ പാപത്തെ ജയിച്ചു

**1** പാപങ്ങളെ ചുമന്നുകൊണ്ട് നിർജ്ജനപ്രദേശത്തേക്കുപോയതിനാൽ മഹാ പാപപരിഹാരദിനം ജീവനോടെയുള്ള കോലാട്ടുകൊറ്റൻ പാപത്തെ വഹിച്ചതുകൊണ്ട് നിർജ്ജന പ്രദേശത്തേക്കു പോകേണം. ലേവ്യ 16: 20-22. യേശു ഗതസമന മുതൽ തുടങ്ങി പാപങ്ങളെ ചുമന്നുകൊണ്ട്

ഗോൽഗോഥയുടെ നിർജ്ജന പ്രദേശം വരെയും പോയി. പാപങ്ങളെയും ചുമന്നൊഴിച്ചു പാപ പരിഹാരം വരുത്തി.

**2** രക്തചൊരിച്ചിൽ കൂടാതെ വിമോചനമില്ല. എബ്രാ 9:22. പാപപരിഹാരത്തിനുള്ള വില രക്തമാണ്. യേശു തന്റെ പരിശുദ്ധവും വിലയേറിയതുമായ സ്വന്തരക്തം ഊറ്റി പകർന്ന് പാപക്കടം വീട്ടി.

**3** സ്വന്തമരണത്താൽ, പാപത്തിന്റെ ശിക്ഷ (ശമ്പളം) മരണമത്രെ. നമ്മുടെ പാപങ്ങൾക്കുവേണ്ടി ജീവന്റെ നായകൻ മരിച്ചു പാപശാന്തി വരുത്തി. അങ്ങനെ യേശു പാപത്തിന്മേൽ പൂർണ്ണ ജയമെടുത്തു.

4 യേശു ശാപങ്ങളുടെ മേൽ ജയമെടുത്തു

1 വിയർപ്പിനാൽ 'മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും' ഉൽപ 3:19 എന്ന ശാപത്തെ ദൈവം ആദാമിനു നൽകി. അതിൽ പ്രകാരം സ്വന്ത രക്തം വിയർപ്പായി ഒഴുക്കിയിട്ടു യേശു ശാപത്തെ നീക്കി ജയമെടുത്തു.

2 മുൾമുടി ധരിച്ചതിനാൽ 'മുള്ളും പറക്കാരയും നിനക്ക് അതിൽ നിന്നു മുളയ്ക്കും' ഉൽപ: 3:18. എന്ന് ആദാമിനോടു പറഞ്ഞു മുള്ളും പറക്കാരയും ശാപഫലമാണ്. സ്വന്ത ശിരസിന്മേൽ ശാപഫലമായ മുൾമുടിയണിഞ്ഞ് അവൻ ശാപത്തെ നീക്കി ജയമെടുത്തു.

**3 മരത്തിന്മേൽ തൂങ്ങി.** മരത്തിന്മേൽ തൂങ്ങുന്നത് ശാപഫലമാണ്. ആവ 21:22-23. യേശു മരത്തിന്മേൽ തൂങ്ങി ശാപമായിത്തീർന്നിട്ട് ശാപത്തെ നീക്കി അതിന്മേൽ ജയമെടുത്തു.

4 'ഛേദിദിക്കപ്പെട്ടും മരിക്കുന്നതു ശാപകരമാണ്. ദുഷ്പ്രവൃത്തിക്കാർ ഛേദിക്കപ്പെടും' സങ്കീ 37:9. എന്നത്രേ എഴുതിയിരിക്കുന്നത്. മശിഹായുടെ മരണത്തെക്കുറിച്ച് ഗബ്രിയേൽ ദൂതൻ പറഞ്ഞത്. അറുപത്തി രണ്ട് ആഴ്ചവട്ടം കഴിഞ്ഞിട്ടു അഭിഷിക്തൻ ഛേദിക്കപ്പെടും' എന്നാണ് ദാനി 9:26. യേശുവിന്റെ മരണം ഒരു ഛേദനമായിരുന്നു. ദുഷ്പ്രവൃത്തിക്കാർക്കുള്ള ഛേദനം സഹിച്ച് അവൻ ശാപങ്ങളെ ചുമന്നൊഴിച്ച് അതിന്മേൽ ജയമെടുത്തു.

**5 യേശു പിശാചിനെയും അവന്റെ സൈന്യത്തെയും പൂർണ്ണമായി ജയിച്ചു കീഴടക്കി.** ഒരു മനുഷ്യനും നേരിടുവാൻ കഴിയാത്ത വിദ്രുത സർപ്പമായിരുന്നു പിശാച്. സകല ലോക ശക്തികളെയും തന്റെ കീഴിൽ താളടിയാക്കി ഭരിച്ചുകൊണ്ടിരുന്ന ഒരുലിവ്യാഥാനായിരുന്നു അവൻ. അവനെ തോൽപ്പിക്കാൻ ആർക്കും സാദ്ധ്യമല്ലാതായി. വിശുദ്ധന്മാർക്കെല്ലാം വലിയ നാശനഷ്ടങ്ങൾ വരുത്തുന്നത് അവന് ഒരു വിനോ

ദമായിത്തീർന്നു. ഹവ്വായെ അവൻ നിഷ്പ്രയാസം തോൽപിച്ചു. നോഹയുടെ കാലത്ത് മുഴുലോകത്തെയും വഞ്ചിച്ച് ജലപ്രളത്തിനു കാരണമുണ്ടാക്കി. ലോത്തിന്റെ കാലത്ത് സോദോംഗോമെറായ വഷളാക്കി അഗ്നിയാലുള്ള നാശത്തിനും ഇടയാക്കി. ലോത്തിനെ ലക്ഷ്യം തെറ്റിച്ചു. അവന്റെ കുടുംബത്തെ താറുമാറാക്കി. നിമ്രോദിന്റെ കാലത്ത് സകലരെയും ദൈവത്തിനെതിരായി മത്സരിപ്പിച്ചു. ഭക്തനായ ഇയ്യോബിനു വലിയ നാശമുണ്ടാക്കി. നാസീർവ്രതസ്ഥനായ ശിംശോനെ വീഴിച്ചു. ദാവീദിനെ നിലംപരിചാക്കി. ഒരു മനുഷ്യനും അവനോട് എതിർത്തു നിൽപ്പാൻ കഴിയാതെവണ്ണം അവൻ ശക്തനായി കാണപ്പെട്ടു.

ഒടുവിൽ അവനോട് യുദ്ധം ചെയ്യുന്നതിനായി പിതാവു തന്റെ സ്വന്തപുത്രനെത്തന്നെ മൺ ശരീരത്തിലയച്ചു. ദൈവത്തിന്റെ യാതൊരു അത്ഭുതശക്തിയും കൂടാതെ മനുഷ്യശരീരത്തിന്റെ സകല ബലഹീനതയോടുംകൂടെ വന്ന് അവനോട് യുദ്ധം ചെയ്യണമായിരുന്നു. ആദ്യ പോര് മരുഭൂമിയിൽ വെച്ച് നടന്നു. അതിൽ പിശാച് തോറ്റുപോയി. പിന്നീട് നടന്ന പ്രധാനയുദ്ധം ഗതസമനയിലാണ് തുടങ്ങിയത്. 'ഈ ലോകത്തിന്റെ പ്രഭു വരുന്നു. അവന് എന്നിൽ ഒരു കാര്യവുമില്ല'. എന്ന് കർത്താവ് പറഞ്ഞായിരുന്നു. യോഹ 14:30 തമ്മിലുള്ള ദ്വന്ദ യുദ്ധം ഗതസമനയിലാരംഭിച്ചു. ഒന്നാം അങ്കത്തിൽ ആത്മാവിലുള്ള പോരാട്ടമായിരുന്നു. അതിൽ ശത്രുപ്രധാനമായി ഉപയോഗിച്ച ആയുധം ഭീതി, ഭീഷണി തോറ്റുപോകാനിടയുണ്ടെന്നുള്ള ഭാവന എന്നിവയുണ്ടാക്കി യുദ്ധം ചെയ്യിക്കാതെ കർത്താവിനെ പിൻമാറിക്ക എന്നതായിരുന്നു. ആത്മവിലുള്ള ഒരു വലിയ കൊടുങ്കാറ്റ് ശത്രു കർത്താവിന്മേൽ അടിപ്പിച്ചു. അവൻ പ്രാണവേദനയിലായി നിലത്തുവീണു പ്രാർത്ഥിച്ചു രക്തം വിയർപ്പായി. പിതാവിന്റെ ഹിതത്തിനായി ഏൽപിച്ചുകൊടുത്തു. ഹൃദയം ശാന്തമായി. കൊടുങ്കാറ്റിനെ ജയിച്ചു. മരണവേദനയിലും ക്രൂശിന്റെ മുൻപിലും പിതാവിന്റെ ഇഷ്ടം മാത്രം മതി എന്നു പറഞ്ഞ് കർത്താവ് ഉറച്ചു നിന്നു. പിതാവിനോടുള്ള അനുസരണം എന്ന മൗലിക തത്വത്തിൽ നിന്ന് യാതൊരു ഭീഷണിയാലും കർത്താവിനെ ഇളക്കുവാൻ കഴിയാതെ വന്നതുകൊണ്ട് അടുത്തരംഗത്തിലേക്കു കടന്നു. ഒന്നാമത്തേത് ആത്മാവിലായിരുന്നെങ്കിൽ രണ്ടാമത്തേത് പ്രധാനമായും ജഡത്തിലായിരുന്നു. അതിൽ സകല അന്യായങ്ങളും ക്രൂരതകളും ദേഹോപദ്രവങ്ങളും മനുഷ്യത്വമില്ലായ്മയും കള്ളത്തരങ്ങളും ദുഷ്ടതകളും പരിഹാസങ്ങളും നിന്ദകളും ഉണ്ടായിരുന്നു, ഹവ്വ കാണിച്ചതുപോലെ ഏതെങ്കിലും അവിവേകം കർത്താവിൽ നിന്നു വന്നാൽ താൻ തോറ്റുപോകും. ഹൃദയത്തിൽപോലും കോപമോ അവിശ്വാസമോ സംശയങ്ങളോ ഉണ്ടായാൽ യേശു തോറ്റുപോകും. ആക

യാൽ സാത്താനും അവന്റെ കൂട്ടു ദൂതന്മാരും കൂടി നേരിട്ടും ദുഷ്ട മനുഷ്യരിൽ കൂടിയും ദൈവത്തിന്റെ കുഞ്ഞാടിനെ ക്രൂരമായി പീഡിപ്പിക്കാൻ തുടങ്ങി. സകല അനീതികളിലും കർത്താവിന് ആരോടും കോപമോ, പിണക്കമോ, വൈരാഗ്യമോ തോന്നിയില്ല. ഈ സകല അന്യായങ്ങളും അനുവദിച്ച പിതാവിന്റെ ജ്ഞാനത്തെ താൻ ചോദ്യം ചെയ്തില്ല. പിതാവിനോടുള്ള വിശ്വാസത്തിനും ഭക്തിക്കും ആത്മാർത്ഥ സ്നേഹബഹുമാനങ്ങൾക്കും ഒരു കുറവും ഉണ്ടാകയില്ല. തന്റെ ഹൃദയം എപ്പോഴും സമാധാനവും സന്തോഷവും മാധുര്യവും അനുസരണവും കീഴ്വഴക്കവും താഴ്മയും ആശ്രയവും വിശ്വസ്തതയും ഉള്ളതായിരുന്നു. സകലതുപ്പലും മർദ്ദനവും ആക്രോശങ്ങളും പരിഹാസങ്ങളും ചമ്മട്ടികൊണ്ടുള്ള അടിയും മുൾകിരീടധാരണവും ആണിതറയ്ക്കലും ക്രൂശികരണവും കഴിഞ്ഞിട്ടും യേശുവിന്റെ പ്രകൃതിക്ക് ഒരു വ്യത്യാസവും വന്നില്ല. യേശു പിന്നെയും സൗമ്യനും സ്നേഹവാനും ക്ഷമിക്കുന്നവനും കാരുണ്യവാനും ശാന്തനും സന്തോഷവാനും പിതാവിനെ പൂർണ്ണഭക്തിയോടെ ബഹുമാനിക്കുന്നവനും ദ്രോഹിക്കുന്നവർക്കുവേണ്ടി കരുണയോടെ പ്രാർത്ഥിക്കുന്നവനും മറ്റുള്ളവരുടെ ഭാരങ്ങളെ ഓർക്കുന്നവനും വഹിക്കുന്നവനും ആയി കാണപ്പെട്ടു. ശത്രുവിന്റെ എല്ലാവിധ ആയുധങ്ങളും ഉപയോഗിച്ചിട്ടും കർത്താവിന്റെ ഹൃദയത്തെ കലക്കുവാൻ സാധിച്ചില്ല. കർത്താവ് സകല അന്യായങ്ങളുടെ മദ്ധ്യത്തിലും അകമെ കലങ്ങാതെയും പിതാവിനോടുള്ള സ്നേഹവും വിശ്വാസവും അനുസരണവും കുറഞ്ഞു പോകാതെയും ഉപദ്രവിക്കുന്നവരോട് നീരസപ്പെടാതെയും ഇരുന്നതുകൊണ്ടാണ് സാത്താന്റെ മേൽ ജയമെടുത്തത്. യേശുവിന് ആരോടും കോപം തോന്നിയില്ല. ഒരു പ്രതികാര ചിന്തയും തന്നിലില്ലായിരുന്നു. യാതൊരു മത്സരവും തന്നിലുണ്ടായില്ല. പിതാവിനോടുള്ള വിശ്വാസവും ഭക്തിയും ആശ്രയവും കുറഞ്ഞുപോയതുമില്ല. എത്രയോ വലിയവീരനാണ് നമ്മുടെ കർത്താവായ യേശു. അവൻ ഒരു അമ്പും എയ്തില്ല. ഒരു ഭീഷണിയും മുഴക്കിയില്ല. ആരെയും മർദ്ദിച്ചില്ല. സൗമ്യതയില്ലാത്ത ഒരു വാക്കും പറഞ്ഞില്ല. സ്വന്തം അഭിപ്രായത്തിൽ യാതൊന്നും ചെയ്തുമില്ല. അതിഭയങ്കരമായ കൊടുങ്കാറ്റിനെയും മർദ്ദനങ്ങളെയും പീഢകളെയും ക്രൂരതകളെയും അന്യായങ്ങളേയും നേരിട്ട് അനുഭവിച്ച് അവയിൽകൂടി കടന്നുപോയി. സകലതും കഴിഞ്ഞിട്ടും അവൻ കൈപ്പും കറപ്പും കരിവാളിപ്പും പറ്റാത്തവനായി, ദൈവ പ്രീതിയും മനുഷ്യപ്രീതിയും ഉള്ളവനായി, സന്തോഷവും സമാധാനവും സംതൃപ്തിയും ഉള്ളവനായി പുറത്തുവന്നു. ഭൂമിയിൽ മറ്റാരും ഇങ്ങനെ ഒരു യുദ്ധം ചെയ്തിട്ടില്ല. ജയിച്ചിട്ടുമില്ല. യാതൊരു അശുദ്ധിക്കും തന്റെ വിശുദ്ധിയെ തൊടാൻ കഴിഞ്ഞില്ല. യാതൊരു ഇരുട്ടിനും തന്റെ തേജസിനെ മറപ്പാൻ കഴിഞ്ഞില്ല. യാതൊരു

വ്യാജത്തിനും തന്റെ സത്യത്തെ മറിച്ചുകളവാൻ സാധിച്ചില്ല. 'ഈ ലോക ത്തിന്റെ പ്രഭു വരുന്നു. അവന് എന്നിൽ ഒരു കാര്യവുമില്ല' എന്നു പറ ഞ്ഞു. ശത്രുവിന്റെ യാതൊരു ആയുധവും കർത്താവിലില്ലായിരുന്നു. അവന് അവകാശം പറയാവുന്ന യാതൊരു പ്രകൃതിയും കർത്താവിലി ല്ലായിരുന്നു. ഇരുളിന് വെളിച്ചത്തെ പിടിച്ചടക്കുവാൻ സാദ്ധ്യമല്ലായിരു ന്നു. അശുദ്ധിയുടെ പോരാട്ടത്തിൽ വിശുദ്ധി മലിനമാകാതെ നിന്നു. ഒരു മനുഷ്യനും സാദ്ധ്യമല്ലാത്തതു കർത്താവായ യേശുക്രിസ്തു സാധിച്ചു. മനുഷ്യശരീരത്തിൽ വന്നു അവൻ സത്താനെ ജയിച്ചു. അവനത്രെ വീരനാം രാജാവ്. അലക്സാണ്ടറുമല്ല, സീസറുമല്ല, ശലമോനുമല്ല, ദാവീ ദുമല്ല, പത്രോസുമല്ല പൗലോസുമല്ല യേശുവിനെ പോലെ മറ്റൊരു ജേതാവും ഇല്ല.

യേശുവിനെതിരെ സകലവിധ ചതിവുകളും അന്യായങ്ങളും പ്രയോ ഗിച്ച സാത്താൻ പൂർണ്ണമായി തോറ്റുപോയി. യേശു അവന്റെ ആയുധ വർഗ്ഗങ്ങൾ വെപ്പിച്ച് തോൽപിച്ചു. കൊലോ 2:15. അവൻ ചെയ്ത സകല ദോഷങ്ങൾക്കും തക്കവണ്ണം അവന്റെ മേലുള്ള വിധിയും പ്രഖ്യാപിച്ചിരി ക്കുന്നു. അവനെ തീപ്പൊയ്കയിൽ തള്ളിയിടും.

**6 അനുസരണക്കേടിനെ ജയിച്ചു.** ആദാം സ്ത്രീക്കു കൂട്ടുനിന്ന് ദൈവ ത്തോട് അനുസരണക്കേടു കാണിച്ചു. പിശാചിന്റെ മത്സരവിഷം ബാധി ച്ചു. സ്വന്തം അഭിപ്രായത്തെ സിംഹാസനത്തിൽ സ്ഥാപിച്ചു. ദൈവഹി തത്തെ അലക്ഷ്യമാക്കി. സ്വന്ത ഇഷ്ടപ്രകാരം ജീവിച്ചു. സകല തലമുറ കളും സ്വാശ്രയക്കാരും അനുസരണംകെട്ടവരും മത്സരികളുമായി. മാനവ ജാതിയുടെ അനുസരണക്കേടിന്മേൽ ജയമെടുപ്പാൻ മനുഷ്യപുത്രൻ വന്നു. ക്രൂശിലെ മരണംവരെയും അനുസരണമുള്ളവനായി നിന്നു. സ്വന്ത വിടു തലിനായി തന്നെത്താൻ യാതൊന്നും ചെയ്തില്ല. സ്വന്തം അഭി പ്രായപ്രകാരം ആരെയയും സൗഖ്യമാക്കിയില്ല. ഒരത്ഭുതവും പ്രവർത്തി ച്ചില്ല. പിതാവിന്റെ ഹിതം അറിയാതെ യാതൊരു കാര്യവും ചെയ്തില്ല. സ്വന്തരക്ഷയ്ക്കായി ഒന്നും ചെയ്തില്ല. പിതാവ് എന്ത് പറഞ്ഞോ അതുമാത്രം ചെയ്തു. അങ്ങനെ അനുസരണക്കേടിന്റെ ആത്മാവിനെ ജയിച്ചു. ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായിരുന്നു.

**7 നഷ്ടപ്പെട്ട പറുദീസ വീണ്ടെടുത്തു.** അനുസരണക്കേടു കാണിച്ച മനുഷ്യനെ പറുദീസയിൽ നിന്നു പുറത്താക്കി. ജീവന്റെ വൃക്ഷത്തിങ്കലേ ക്കുള്ള വഴികാപ്പാൻ അവൻ ഏദെൻതോട്ടത്തിനു കിഴക്കു കെരൂബുകളെ തിരിഞ്ഞുകൊണ്ടിരുക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തി. പാപത്തിനും അനുസരണക്കേടിനും പരിഹാരം വരുത്തിയപ്പോൾ പറുദീസാ മനുഷ്യ നുവേണ്ടി തുറക്കേണ്ടിയിരുന്നു. അതിനായി കെരൂബുകളുടെ വാൾ ദൈവ

പുത്രന്റെമേൽ വീണു. 'വാളേ ഉണരുക' എന്നു എഴുതിയിരിക്കുന്നു. 'വാളേ എന്റെ ഇടയന്റെ നേരെയും എന്റെ കൂട്ടാളിയായ പുരുഷന്റെ നേരെയും ഉണരുക എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട്'. സെഖ. 13:7. അങ്ങനെ കെരൂബുകളുടെ വാൾ ക്രിസ്തുവിന്റെ മേൽ വീണിട്ട് പറുദീസയുടെ വാതിൽ മനുഷ്യർക്കുവേണ്ടി തുറന്നു.

**8 മരണത്തെയും പാതാളത്തെയും ജയിച്ചു.** സകലപ്രവർത്തിയും പൂർത്തിയായപ്പോൾ യേശു "പിതാവേ ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏൽപിക്കുന്നു". എന്നു നിലവിളിച്ചു പറഞ്ഞു. പെട്ടെന്ന് അവൻ പാതാളലോകത്തു ചെന്നു വീണ്ടെടുപ്പിന്റെ സ്വാതന്ത്ര്യ കാഹളനാദം മുഴക്കി തന്നിൽ വിശ്വസിച്ച് യാഗം കഴിച്ച് ദൈവത്തോട് ഉടമ്പടി ചെയ്തവരായ വിശുദ്ധന്മാരുടെ ആത്മാക്കളെ സ്വതന്ത്രമാക്കി.

കർത്താവിന്റെ മരണം വരെയും വിശുദ്ധന്മാരുടെ ആത്മാക്കൾ പാതാളലോകത്തിലായിരുന്നു വിശ്രമിച്ചിരുന്നത്. അത് ഒരു താൽകാലിക തടവു സ്ഥലമായിരുന്നു. പാതാള ലോകത്തിന് രണ്ടു ഭാഗങ്ങൾ ഉണ്ടായിരുന്നു. ഒന്ന് ദുഷ്ടന്മാരായവരുടെ ആത്മാക്കളെയിടുന്ന യാതനാ സ്ഥലം. ധനവാൻ അവിടെയ്ക്കാണ് പോയത്. അവിടെ നിരന്തരമായ പീഠയും കഷ്ടവും ഉണ്ട്. എന്നാൽ രണ്ടാം ഭാഗം വിശുദ്ധന്മാരുടെ വിശ്രാമസ്ഥലമാണ്. അവിടെ സ്വസ്ഥതയും സമാധാനവും വസിക്കുന്നു. അവിടേക്കാണ് ലാസർ പോയത്. ലാസർ അവിടെ ആശ്വസിക്കുന്നതാണ് ധനവാൻ അടുത്തുള്ള യാതന സ്ഥലത്തു കിടന്നുകൊണ്ട് കണ്ടത്. വിശുദ്ധന്മാർക്കുള്ള ഭാഗം ആശ്വാസകരമെങ്കിലും അതും ഒരു തടവു സ്ഥലമായിരുന്നു. എന്നാൽ കർത്താവ് മരിച്ചപ്പോൾ ആ സ്ഥലത്തു ചെന്ന് അതിന്റെ താക്കോൽ പിടിച്ചെടുത്തു. ആകയാലാണ് 'മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്' വെളി 1:18 എന്നു പറഞ്ഞത്. അവിടെ കിടന്ന സകല വിശുദ്ധന്മാരെയും സ്വതന്ത്രരാക്കിക്കൊണ്ട് താൻ പറുദീസയിലേക്കു പോയി. 'നീയോ നിന്റെ നിയമരക്തം ഹേതുവായി ഞാൻ നിന്റെ ബദ്ധന്മാരെ വെള്ളമില്ലാത്ത കുഴിയിൽ നിന്നു വിട്ടയയ്ക്കും' സെഖ 9:11 എന്നു എഴുതിയിരിക്കുന്നു. അന്നു മുതൽ വിശുദ്ധന്മാർ മരണത്തിങ്കൽ പാതാളലോകത്തിലേക്കല്ല പറുദീസയിലേക്കാണ് പോകുന്നത്. പറുദീസാ തടവുസ്ഥലമല്ല സ്വതന്ത്രദേശമാണ്.

പാതാളലോകങ്ങളെയും മരണത്തെയും ജയിച്ചിട്ട് ഉയിർത്തെഴുന്നേറ്റു പിതാവിന്റെ സന്നിധിയിൽ ചെന്നു സ്വന്തരക്തം തളിച്ച് എന്നേക്കുമുള്ള വീണ്ടെടുപ്പു സാധിച്ചു. 'ഒരു കൂടാരത്തിൽകൂടി ആട്ടുകൊറ്റന്മാരുടെയും പശുകിടാങ്ങളുടെയും രക്തത്താലല്ല സ്വന്തരക്തത്താൽ തന്നേ ഒരിക്കലായിട്ടു വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ചു എന്നേക്കുമുള്ളോരു വീണ്ടെ

ടുപ്പ് സാധിപ്പിച്ചു' എബ്രാ 9:12. അവൻ ഇന്ന് സർവ്വ ജയാളിയായി പിതാവിന്റെ മഹിമയുടെ വലത്തുഭാഗത്ത് ഇരിക്കുന്നു. 'യഹോവ എന്റെ കർത്താവിനോട് അരുളി ചെയ്യുന്നതു 'ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്ക' സങ്കീ 110:1. 'ഇങ്ങനെ യേശു അവരോട് അരുളി ചെയ്തശേഷം സ്വർഗത്തിലേക്കു എടുക്കപ്പെട്ട ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു' മർക്കോ 16:19.

സ്തേഫാനോസിന്റെ രക്തസാക്ഷിയായുള്ള മരണസമയം 'പരിശുദ്ധാത്മാവു നിറഞ്ഞവനായി സ്വർഗത്തിലേക്കു ഉറ്റുനോക്കി. ദൈവമഹത്വവും ദൈവത്തിന്റെ വലത്തുഭാഗത്ത് യേശുനിൽക്കുന്നതും കണ്ടു' അപ്പൊ.പ്ര. 7:55.

പ്രാർത്ഥന

ഞങ്ങളുടെ കർത്താവേ, നീ മനുഷ്യ ശരീരമെടുത്തുവന്ന് ഞങ്ങൾക്കു വേണ്ടി ജഡത്തിന്റെ ബലഹീനതകളെയും മറ്റു സകല ശത്രുക്കളെയും ജയിച്ചതിനായി സ്തോത്രം. നീ സ്വയത്തെയും സ്വാർത്ഥതയെയും അയ്യോഭാവത്തെയും ജയിച്ചതിനായി സ്തോത്രം. പാപത്തെയും ശാപത്തെയും ജയിച്ചതിനായി സ്തോത്രം. നീ പിശാചിന്മേലും അവന്റെ സകല സൈന്യത്തിന്മേലും ജയമെടുത്തതിനായി സ്തോത്രം. നീ അനുസരണക്കേടിനെയും മത്സരത്തെയും ജയിച്ചതിനായി സ്തോത്രം. മരണത്തെയും പാതാളത്തെയും ജയിച്ചു പറുദീസ ഞങ്ങൾക്കുവേണ്ടി തുറന്നതിനായി സ്തോത്രം. സ്വർഗ്ഗ സ്ഥലത്തുചെന്നു എന്നേക്കുമുള്ള വീണ്ടെടുപ്പ് സാധിച്ചതിനായി സ്തോത്രം. തിരുവിഷ്ടത്തിനായി ഞങ്ങളെ സമർപ്പിക്കുന്നു. സഹായിക്കേണമേ. തിരുനാമത്തിൽ തന്നെ. ആമേൻ.

ഉപസംഹാരം

ലോകത്തിൽ അനേകർ വളരെ കഠിനാദ്ധ്വാനം ഉള്ള ജോലികൾ ചെയ്തിട്ടുണ്ട്. നോഹ തനിയെ ഒരു വലിയ പെട്ടകം പണിതു. മോശ ഫറവോന്റെ കൈയ്യിൽ നിന്നു യിസ്രായേലിനെ വിടുവിച്ചു വാഗ്ദത്ത ദേശത്തേക്കു നടത്തി. ശത്രുക്കളുടെ പോരിന്റെ മദ്ധ്യത്തിലും നെഹമ്യാവു യെരുശലേമിന്റെ മതിൽ പണിതു. ഇതെല്ലാം വലിയ പ്രവർത്തികളായിരുന്നു.

മൗണ്ട് റഷ്മോറിലെ പ്രസിഡണ്ടുമാരുടെ പ്രതിമ കൊത്തുപണി ചെയ്തത്, ഇംഗ്ലീഷ് ചാനലിന്റെ അടിയിൽ കൂടിയും ആൽപ്സ് പർവ്വതത്തിൽ കൂടിയും തീവണ്ടി പാത തുരന്നുണ്ടാക്കിയത് താജ് മഹാളിന്റെയും പിരമിഡുകളുടെയും നിർമ്മാണം ചന്ദ്രനിലേക്കു പറന്നതും ഭൂമിയെ ചുറ്റികൊണ്ടിരിക്കുന്ന സ്പെയ്സ് സ്റ്റേഷനുണ്ടാക്കിയതും എല്ലാം വളരെ വിസ്മയകരമായ അത്ഭുതപ്രവർത്തികളാണ്.

എങ്കിലും കർത്താവായ യേശുക്രിസ്തു ചെയ്ത പ്രവർത്തിക്കുതുല്യമായി വേറൊരു പ്രവർത്തിയും ഇല്ല. മനുഷ്യന്റെ വീണ്ടെടുപ്പു അസാദ്ധ്യമായ ഒന്നായിരുന്നു പ്രതിയോഗി വീണുപോയ പ്രധാന ദൈവദൂതനായിരുന്നു അവനെ ജയിപ്പാൻ യാതൊരു മനുഷ്യനും സാദ്ധ്യമല്ലായിരുന്നു. എന്നാൽ മനുഷ്യ ശരീരമെടുത്തുവന്ന ദൈവപുത്രനവനെ ജയിച്ചു. യുഗായുഗങ്ങളിലും അതിന്റെ അത്ഭുതം വിസ്മയകരമായിരിക്കും. ഉണർന്നെഴുന്നേറ്റ് നമുക്ക് അവനെ ആരാധിക്കാം.

സമാപ്തി

ഭൂലോകത്തിന്റെ അറുതികൾ ഒക്കെയും അവനെ ഓർക്കട്ടെ. സർവ്വദേശങ്ങളും അവനെ നമസ്കരിക്കട്ടെ. അവർ അത്യുച്ചത്തിൽ അവനെ മഹത്വപ്പെടുത്തട്ടെ. രാജത്വം യഹോവക്കുള്ളതല്ലോ. അവൻ ജാതികളെ ഭരിക്കുന്നു. രാജാക്കന്മാർ അവനെ കണ്ടു വായ്പൊത്തും. പൊടിയിലേക്കു ഇറങ്ങുന്നവരെല്ലാം അവന്റെ മുമ്പാകെ കുമ്പിടും. ഒരു സന്തതി അവനെ സേവിക്കും. അവർ വന്നു ജനിപ്പാനുള്ള ജനത്തോടു അവൻ നിവർത്തിച്ചിരിക്കുന്നു എന്നു അവന്റെ നീതിയെ വർണ്ണിക്കും. ആദാം നഷ്ടമാക്കിയത് അവൻ വീണ്ടെടുത്തു. വീണുപോയ മനുഷ്യനെയും നഷ്ടമായ പറുദീസയും അവൻ വീണ്ടെടുത്തിരിക്കുന്നു. എതിരാളിയായ പിശാചിനെ തോൽപിച്ച് ആയുധവർഗ്ഗം വെപ്പിച്ചിരിക്കുന്നു. പിശാചിന്റെ ചതിവും കളവും തോറ്റു ദൈവത്തിന്റെ സത്യം ജയിച്ചു. അവന്റെ രാജത്വം സകലത്തെയും ഭരിക്കും. പിതാവിനു മഹത്വം. ആമേൻ. കർത്താവേ വേഗം വരേണമേ.

**രക്ഷയെ പ്രാപിക്കുവാനുള്ള ക്ഷണം.**

ഇതുവരെയും രക്ഷിക്കപ്പെടാത്തവർ ദൈവത്തിനു നമ്മെക്കുറിച്ചുള്ള വിചാരത്തെ ഗ്രഹിക്കുക. അഖിലാണ്ഡത്തിലുള്ള മറ്റെല്ലാ കാര്യങ്ങളിലും മനുഷ്യരക്ഷ അതിപ്രധാനം എന്നു കരുതിയതുകൊണ്ടാണ് താൻ സ്വർഗ്ഗോന്നതികളെ വിട്ട് മനുഷ്യനായി ജനിച്ച് നമ്മുടെ പാപങ്ങളുടെ ശിക്ഷ തന്റെമേൽ എടുത്തു വീണ്ടെടുപ്പു നൽകിയിരിക്കുന്നത് യേശുവല്ലാതെ വേറൊരു രക്ഷിതാവും മില്ല. മറ്റാരും യേശുവിനെപോലെ സ്നേഹിച്ചിട്ടും പാപം വഹിച്ച് ശിക്ഷയനുഭവിച്ചിട്ടില്ല. മരിച്ചു ഉയിർത്തെഴുന്നേറ്റിട്ടുമില്ല. പാപിയെ രക്ഷിപ്പാൻ കഴിവുള്ളവൻ അവൻ മാത്രം. രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല. ഇന്നുതന്നെ കർത്താവിനെ ഹൃദയത്തിൽ സ്വീകരിച്ച് ഏറ്റുപറഞ്ഞു പ്രാർത്ഥിക്കുക.

പിതാവാം ദൈവമേ, നിന്റെ പുത്രനും എനിക്കുവേണ്ടി മരിച്ചുയർത്തവനുമായ കർത്താവ യേശുക്രിസ്തുവിൽ ഞാൻ വിശ്വസിക്കുന്നു. ഹൃദ

യത്തിൽ രക്ഷിതാവായി സ്വീകരിക്കുന്നു. എന്റെ സകലപാപങ്ങളെയും ക്ഷമിച്ച് എന്നെ നിന്റെ പൈതലായി സ്വീകരിക്കേണമേ. യേശുവിന്റെ രക്തത്താൽ എന്നെ കഴുകുന്നു. എന്റെ ഹൃദയത്തെ നിനക്കായി തരുന്നു. നീ എന്നിൽ വസിക്കേണമേ. ഇന്നു മുതൽ ഞാൻ നിന്നെ സേവിക്കും. എന്നെ സഹായിക്കേണമേ എന്നു യേശുവിന്റെ നാമത്തിൽ താഴ്മയായി യാചിക്കുന്നു. പിതാവേ കേൾക്കേണമേ. ആമേൻ. പ്രാർത്ഥനയെ കേട്ടതിനായി സ്തോത്രം.

*****

**Christian Jubilee Fellowship**
1323 High Way 114
Hessmer, Louisiana 71341
USA

**Maranatha Jubilee Publications**

Maranatha Full Gospel Church
2206 W. Bruton Road
Balch Spring, TX 75180
USA

**ഈ പുസ്തകം ആവശ്യമുള്ളവർ താഴെ കാണുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.**

**Pastor K.M. Thimothy**
6525 West Ebinger Drive, Niles, IL 60714-4435
773-814-7678, 773-465-8551
Email: km@thimothy.com



പാസ്റ്റർ ഇ.സി. മാത്യു

# ലോകസ്ഥാപനത്തിനുമുമ്പെ ഒരുക്കപ്പെട്ടയാഗം

പാസ്റ്റർ ഇ.സി. മാത്യു

കഴിഞ്ഞ 52 വർഷങ്ങൾ വിശ്വസ്തതയോടെ കർത്താവിന്റെ വേലയിൽ പ്രവർത്തിച്ച ഒരു ശുശ്രൂഷകനാണ് പാസ്റ്റർ മാത്യു ഇടവെട്ടാൽ. ശുശ്രൂഷയുടെ ആരംഭത്തിൽതന്നെ ഒരു ദർശനത്തിൽ കുരിശ് വഹിക്കുന്നതിന് വിഘ്നം വരുത്തരുതെന്ന് കല്പന പ്രാപിച്ചതിനാൽ ഒരു ത്യാഗത്തിന്റെ ശുശ്രൂഷ ചെയ്തുവരുന്നു. കർത്തൃ നിർദ്ദേശപ്രകാരം "അന്ത്യകാല ഒരുക്കങ്ങൾ" എന്ന ഒന്നാം പുസ്തകം ഇംഗ്ലീഷിലും മലയാളത്തിലും എഴുതി ഇതിനുമുമ്പ് വിതരണം ചെയ്തിട്ടുണ്ട്. രണ്ടാമത്തെ "ലോകസ്ഥാപനത്തിനുമുമ്പെ ഒരുക്കപ്പെട്ടയാഗം" എന്ന പുസ്തകവും കർത്തൃ നിർദ്ദേശപ്രകാരം എഴുതിയതാണ്.

യെശയ്യാവ് 53 - ന്റെ വ്യാഖ്യാനം എഴുതണമെന്ന് ദൈവാത്മാവ് പ്രേരിപ്പിച്ചതിനാൽ എഴുതിയതാണ് ലോകസ്ഥാപനത്തിനുമുമ്പെ ഒരുക്കപ്പെട്ടയാഗം എന്ന പുസ്തകം.

കുറ്റവാളികളും നിരപരാധികളുമായ അനേകർ ക്രൂശിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ അതുകൊണ്ടൊന്നും ഒരു രക്ഷയും ആർക്കും ഉണ്ടായിട്ടില്ല. മറ്റാർക്കും ഇല്ലാതിരുന്ന പ്രത്യേകതയാണ് യേശുവിന്റെ ക്രൂശുമരണത്തെ വിജയമാക്കി വീണ്ടെടുപ്പിനെ നൽകിയത്. താൻ സഹിച്ച യാതൊരു അക്രമത്തിലും, അനീതിയിലും, ക്രൂരതയിലും ദേഷ്യമോ കോപമോ പ്രതികാരമോ കൂടാതെ അവരെ സ്നേഹിപ്പാൻ കഴിഞ്ഞതിനാലാണ് പിശാച് തോറ്റുപോയത്. ബലഹീനമായ മനുഷ്യ ശരീരത്തിൽ വന്നെങ്കിലും ആ ബലഹീനതയെ അത്ഭുതപ്രവർത്തികൊണ്ട് ബലപ്പെടുത്താതെ, തനിക്കുവേണ്ടി യാതൊരു അത്ഭുതവും പ്രവർത്തിക്കാതെ ഇരുന്നതാണ് പാപത്തെ ജയിപ്പാൻ കാരണമായത്. യേശുവിനെപ്പോലെ വീരനായ മറ്റാരും ഇല്ല എന്ന് ഈ പുസ്തകം വെളിപ്പെടുത്തുന്നു. സ്തോത്രം




www.graceprinting.com